# കാവ്യകൈരളി

ഒന്നാംവാല്യം

ഒന്നാംഭാഗം

പ്രസിദ്ധീകരണവിഭാഗം
കേരളസർവ്വകലാശാല

# കാവ്യകൈരളി

(രണ്ടാംവാല്യം, ഒന്നാംഭാഗം)

( Malayalam )

**Kavyakairali** vol. ii, Part i

Poetry

Compiled by

a Committee appointed by

**University of Kerala**

First published 1967

Reprinted 1969, 1970

Printed at

**Kerala University Co-operative Stores Press**

Trivandrum

Price Rs. 1.50

Published by

**Superintendent**

Department of Publications

University of Kerala

Trivandrum

70704

# കാവ്യകൈരളി

(രണ്ടാംവാല്യം, ഒന്നാംഭാഗം)

6904
6907

പ്രസിദ്ധീകരണവകുപ്പ്

കേരളസർവ്വകലാശാല

തിരുവനന്തപുരം

1970

വില രൂ. 1.50

കവിതകൾ തിരഞ്ഞെടുത്ത സമിതി:-

ഡോ. പി. കെ. നാരായണപിള്ള, എം. എ., പിഎച്ച്. ഡി.

പ്രൊഫ. പി. സി. ദേവസ്യ, എം. എ.

,, ഇ. കെ. നാരായണൻ പോററി, എം. എ.

,, കെ. ചന്ദ്രശേഖരൻ, എം. എ.

,, എം. എം. മാണി, എം. എ. (കൺവീനർ)

അച്ചടി:-

കേരളാ യൂണിവേഴ്സിറ്റി കോഓപ്പറേറ്റീവ് സ്റ്റോഴ്സ് പ്രസ്സ്,
തിരുവനന്തപുരം.

# ഉള്ളടക്കം


## ചെറുശ്ശേരി

പൂതനാമോക്ഷം

സാംബോദദാഹം

ഗോവർദ്ധനോദ്ധാരണം

## എഴുത്തച്ഛൻ

സീതാസ്വയംവരം

ലങ്കാദഹനം

ഗാന്ധാരീവിലാപം

## കുഞ്ചൻനമ്പ്യാർ

ഭീമഹനൂമൽസംവാദം

സഭാപ്രവേശം

ദുരഹങ്കാരത്തിൻെറ ഫലം

# പൂതനാമോക്ഷം

ശ്രീകൃഷ്ണൻെറ അപദാനങ്ങൾ പ്രകീർത്തിക്കുന്ന ഒരു ഗാനകാവ്യമാണു് കൃഷ്ണഗാഥ. പദലാളിത്യം, അലങ്കാരഭംഗി, രചനാസൗന്ദര്യം, രസസ്ഫൂർത്തി തുടങ്ങിയ കാവ്യഗുണങ്ങൾകൊണ്ടു് ഗാഥ കേരളീയരുടെ സവിശേഷാദരത്തിനു് പാത്രമായിത്തീർന്നിട്ടുണ്ടു്. 'ചെറുശ്ശേരി' എന്ന ഇല്ലപ്പേരോടുകൂടിയ ഒരു നമ്പൂതിരിയാണു് കൃഷ്ണഗാഥയുടെ കർത്താവെന്നു വിശ്വസിക്കപ്പെടുന്നു. പ്രസിദ്ധ ഭാഷാകവിയായ പൂനത്തെ ഗാഥയുടെ രചയിതാവായി കരുതുന്നവരുമുണ്ടു്. ചെറുശ്ശേരിയും പൂനവും ഒരാളാണെന്നത്രേ മററുചിലരുടെ പക്ഷം. കോലത്തിരി രാജാവായ ഉദയവർമ്മൻെറ ആജ്ഞ അനുസരിച്ചാണു് ഗാഥ രചിച്ചതെന്നു് ഗ്രന്ഥത്തിൽനിന്നും മനസ്സിലാക്കാം. ഗാഥാകർത്താവിൻെറ കാലം ക്രി. വ. പതിനഞ്ചാം ശതകം ആയിരിക്കണം.

"ഭൂലോകമെങ്ങും നടന്നു നിങ്ങൾ ബാലകന്മാരുടെ ഹിംസയെ ച്ചെയ്യെ"ന്നു് കംസൻ കിങ്കരനോടു് ആജ്ഞാപിച്ചു. കല്പനപ്രകാരം പൂതനയെന്ന ദാനവി അമ്പാടിമണിക്കുഞ്ഞിനെ വിഷപ്പാലൂട്ടി ക്കൊല്ലാൻ ഒരുങ്ങവേ, സ്വയം മൃതിയടഞ്ഞ സംഭവത്തെ പ്രതിഭാസമ്പന്നനായ കവി അലങ്കാരഭംഗികളോടെ വർണ്ണിക്കുന്ന കവിതാഭാഗമാണു് പൂതനാമോക്ഷം. ]

നന്ദനു നല്ലൊരു നന്ദനനുണ്ടായി.
തെന്നൊരുവാർത്ത പരന്നിതെങ്ങും

[1]വേർപാകിനിന്നൊരു വേഴ്ചയെപ്പൂണ്ടുള്ള-
ഗോപന്മാരെല്ലാരും വന്നുപിന്നെ

1. പേർ

ബാലകൻണ്ടായ മോദത്തെപ്പൂണ്ടിട്ടു
ചാലക്കളിച്ചു പുളച്ചുനിന്നാർ

ആച്ചിമാരെല്ലാരും കാഴ്ചയുമായിട്ടു
പാച്ചിൽതുടങ്ങിനാർ പാരമപ്പോൾ.

ബാലകൻതന്നുടെയാനനം തന്നെയും
ചാലെ മുകന്നു പുണന്നു നിന്നാർ

സന്തോഷം പൂണ്ടു തഴച്ചുനിന്നീടിനാർ
ബന്ധുക്കളായുള്ള ലോകരെല്ലാം.

ഗോഷ്ഠികൾ കോലുന്ന ഗോപന്മാർ ചൂഴററു
വാട്ടമകന്നൊരു ഗോഷ്ഠന്തന്നിൽ

വത്സലനായൊരു വത്സനുണ്ടാകയാ-
ലുത്സവംകൊണ്ടു നിറഞ്ഞുതെങ്ങും.

അന്നു തുടങ്ങി വിളങ്ങുമന്നന്ദൻെറ
സുന്ദരമായുള്ള മന്ദിരത്തിൽ

ചെന്നുതുങ്ങിനാൾ ചെന്താരിൽമങ്കയും
ചെമ്മു വരുന്ന നാളെന്നുഞായം.

യത്നങ്ങൾ കൂടാതെ ഗേഹങ്ങളെല്ലാമേ
രത്നങ്ങൾകൊണ്ടു നിറഞ്ഞുകൂടി.

ഗോക്കൾതൻതിൺമയെപ്പാർക്കുന്നതാകിലോ
വാക്കുകൊണ്ടതും വചിച്ചുകൂടാ

കന്നുകിടാങ്ങളുമന്നുതുടങ്ങിയ-
മ്മന്ദിരന്തന്നിൽ നിറഞ്ഞുതായി

മാന്യങ്ങളായിട്ടു മററുള്ളതെല്ലാമേ
ധാന്യത്തിൻപൂരവുമവ്വണ്ണമേ.

ഇങ്ങനെയെല്ലാരും പൊങ്ങിനിന്നീടുന്ന
മംഗല്യമാണ്ടു വസിക്കുംകാലം

കൽപ്പിച്ചുനിന്ന കരത്തെയക്കംസനാ-
യൊപ്പിച്ചുപോരേണമെന്നുനണ്ണി

യാതനായ്മേവിനാനായന്മാർക്കെല്ലാർക്കും
നാഥനായ്നിന്നൊരു നന്ദനപ്പോൾ,

പാരാതെ ചെന്നു [1]കനകത്തെ നൽകീട്ടു
പോരുവാനായിത്തുടങ്ങുന്നേരം

ആനകദുന്ദുഭി താനതറിഞ്ഞിട്ടു
മാനിച്ചുവന്നവൻ ചാരത്തപ്പോൾ

പ്രേമത്തെത്തൂകുന്ന തൂമൊഴികൊണ്ടപ്പോൾ
വാർമെത്തുമാറുപറഞ്ഞുനിന്നാൻ.

നന്ദനും ചൊല്ലിനാനെന്നതു കേട്ടവൻ
വന്നതുകണ്ടുള്ള സന്തോഷത്താൽ:—

‘‘കാണേണമെന്നു ഞാൻ കാമിച്ചനേരത്തു
കാണായിവന്നതെൻ ഭാഗ്യമല്ലോ

പണ്ടുകഴിഞ്ഞുള്ള ദിനങ്ങളോർക്കുമ്പോ-
ളിണ്ടലുണ്ടാകുന്നു പാരമുള്ളിൽ.

എത്രയുമേററം കൊതിച്ചുനിന്നല്ലോതാൻ
പുത്രരെക്കാണുന്നു ലോകരെല്ലാം

---

1. കരത്തെയും.

അങ്ങിനെയുണ്ടായ പുത്രരെയല്ലോയി-
മ്മങ്ഗലം വേരററ പാപി കംസൻ

പാരാതെവന്നു പിറന്നങ്ങുവീഴുമ്പോൾ
പാറമേൽത്തല്ലിക്കഴിച്ചുകുട്ടി

നാളെയുമുണ്ടാമിപ്പൈതങ്ങളെന്നുള്ളോ-
രാശയും കോലേണ്ടയെന്നുവന്നു

ഉണ്ടാകുന്നാകിലിക്കണ്ടൊരു കംസനൊ
പണ്ടേവനല്ലോ താനെന്തു [1]ചേതം

പിന്നെപ്പിറന്നൊരു കന്യകയുണ്ടായി-
തെന്നതുമങ്ങിനെ പോയിതായി.

വന്നുവന്നീട്ടന്നതെല്ലാമേകണ്ടുനാ-
മൊന്നിന്നും ഖേദിയായ്ക്കെന്നേവേണ്ടു"

എന്നതുകേട്ടുള്ളോരാനകദുന്ദുഭി
പിന്നെയും ചൊന്നാനന്നന്ദനോടായ്:—

"ശാശ്വതവാക്കുകളാശ്രയിച്ചീട്ടന്നോ-
രീശ്വരൻതന്നുടെ ലീലയല്ലോ

വന്നതുവന്നതു നിർണ്ണയിച്ചിങ്ങനെ
മന്നിടംചേരുന്നതിന്നിന്നു ഞാൻ.

രോഹിണീസൂനുവാമെന്നുടെ നന്ദനൻ
ദ്രോഹവുംകൂടാതെ മേവുന്നോനോ

[2]എന്നുടെ ജീവനമിന്നിവൻ കയ്യിലു-
മെന്നതോ ചൊല്ലേണ്ടതില്ലയല്ലോ.

---

1. കാര്യം.
2. എന്നുടെ ജീവനം നിന്നുടെ കയ്യിലും.

പുത്രരില്ലായ്കയാലത്തലെപ്പൂണ്ടുനിൻ-
പുത്രനുണ്ടായതു കേൾക്കയാലെ

സന്താപം വന്നുള്ളതെല്ലാമേ പോയിട്ടു
സന്തോഷം പെയ്യുന്ന മാനസത്തിൽ.

വൻപേറുമൻപിനാൽ നിൻപൈതൽതന്നെഞാൻ
എൻപൈതലെന്നതു ചിന്തിക്കുന്നു.

എൻപൈതലുണ്ടായ സന്തോഷമെല്ലാമി-
ന്നിൻപൈതൽമൂലമിന്നുണ്ടായല്ലോ.

അങ്ങിനെയായതു നമ്മിലിന്നോക്കുമ്പോൾ
[1]മങ്ഗലമാകെന്നതല്ലോ വേണ്ടൂ.

കാരിയമെല്ലാമേ പൂരിച്ചതായല്ലോ
പാരാതെപോകേണം ഗോകുലത്തിൽ.

വമ്പോട്ടു മെന്മേലേ തൺപെട്ടമല്ലലു-
ണ്ടമ്പാടിതന്നിൽ വരുന്നതിപ്പോൾ.

എന്നതിന്മുൻപിലെ ചെന്നങ്ങുകൊള്ളേണം
നന്ദനൻതന്നെയും സൂക്ഷിക്കേണം"

എന്നതു കേട്ടോരു നന്ദനുമന്നേരം
നന്ദനൻതന്നെയും [2]നണ്ണിനണ്ണി,

ഗോകുലം മുന്നിട്ടുപോകത്തുടങ്ങിനാ-
നാകുലമായുള്ളോരുള്ളവുമായ്

---

1. മംഗലമാകെന്നേ ചൊല്ലവേണ്ടൂ.
2. നണ്ണിനേരേ.

ആനകദുന്ദുഭിതാനുമന്നേരത്തു
ദീനത തീൎത്തു തെളിഞ്ഞു മേന്മേൽ

തോയജലോചനൻ തന്നെയും ചിന്തിച്ചു
പോയങ്ങുപൂകിനാൻ മന്ദിരത്തിൽ.

കംസൻെറ ചൊല്ലിനാൽ കൈതവം പൂണ്ടുള്ള
വാസവവൈരികൾ പാരിലെങ്ങും

ചാലെപ്പോയന്നോരോ ബാലകന്മാരെയും
കാലനു നൽകി നടന്നകാലം

പൂതനയെന്നൊരു ഭൂസുരനാശിനി
ഭൂതലന്തന്നിൽ നടന്നെങ്ങുമേ

സുന്ദരിയായൊരു നാരിയായ് ചെന്നിട്ടു
നന്ദഗൃഹത്തിലകത്തു പുക്കാൾ.

വാർകോലും കൊങ്കകൾ രണ്ടിലും ചെഞ്ചെമ്മേ
കാകോളം തേച്ചു ചമച്ചു ചെമ്മേ

ബാലകമന്ദിരന്തന്നുടെ ചാരത്തു
ചാലെപ്പോയ് ചെന്നവൾ നോക്കുമപ്പോൾ

ചൊല്ലെറുനിന്നുള്ള ശില്പംകലൎന്നു നി-
ന്നല്പമല്ലാതുള്ള തല്പത്തിന്മേൽ

ചാലെക്കിടന്നങ്ങു കൺപൊലിഞ്ഞീടുന്ന
ബാലകൻതന്നെയും കാണായ് വന്നു

ദൂരത്തു നിന്നങ്ങു കണ്ടോരു നേരത്തു
ചാരത്തു ചെന്നു ചതിച്ചു പുക്കാൾ

അണ്ഡജനായകൻ തന്നുടെ ചാരത്തു
കുണ്ഡലിതാൻ ചെന്നു പൂകുമ്പോലെ

ഓമനത്തുമുഖം തന്നിലെ നോക്കിക്കൊ-
ണ്ടോർത്തു നിന്നീടിനാളൊട്ടനേരം

ചീർത്തൊരുകോപംകൊണ്ടന്തകൻ വാരാഞ്ഞു
പാർത്തുനിന്നീടിനോളെന്നപോലെ

മെല്ലവേചെന്നങ്ങുതൊട്ടുനിന്നീടിനാൾ
പല്ലവംവെല്ലുമപ്പൂവൽമേനി

രത്നമെന്നിങ്ങിനെ തന്നിലെ നണ്ണിനി-
ന്നഗ്നിയെച്ചെന്നു തൊടുന്നപോലെ.

പാരാതെപിന്നെയെടുത്തുനിന്നീടിനാ-
ളാരോമൽപൂങ്കനിപ്പൈതൽതന്നെ

പാശമെന്നിങ്ങിനെ നിർണ്ണയംപൂണ്ടിട്ടു
പാമ്പിനെച്ചെന്നങ്ങെടുക്കുംപോലെ

ഓമനപ്പൂവൽമെയ്‌മേനിയിൽകൊണ്ടപ്പോൾ
കോൾമയിർതിണ്ണമെഴുന്നുമെയ്യിൽ

ഉമ്പർകോൻനാട്ടിലപ്പൈതന്നതന്നെക്കാൾ
മുൻപിലെ പോവാനായെന്നപോലെ.

നീണ്ടുള്ള ബാഹുക്കൾകൊണ്ടവൻ പൂവൽമെയ്
പൂണ്ടുനിന്നീടിനാളൊന്നുപിന്നെ

പല്ലവമാണ്ടൊരു സല്ലകിയെന്നിട്ട-
പ്പാവകജ്വാല നല്ലാനപോലെ

കമ്രമായുള്ളൊരു നന്മുഖന്തന്നിലെ
ച്ചുംബിച്ചു മേവിനാളൊന്നുനേരേ

അംഗനമാരിലന്നന്മുഖം കാണുമ്പോ-
ളങ്ങിനെ തോന്നാതോരില്ലയാരും

നൂതനനായൊരു പൈതലുമന്നേരം
പൂതനതന്നെയും നോക്കിനിന്നാൻ

മസ്തകമേറിന [1]കേസരിപ്പൈതൽതാൻ
മത്തേഭം തന്നുടൽ നോക്കുമ്പോലെ.

'ആരാനും പോന്നു വരുന്നതിന്മുൻപിലെ
കാര്യമായുള്ളതു സാധിക്കേണം'

എന്നങ്ങു നണ്ണിന പൂതന താനപ്പോൾ
നന്ദകുമാരകൻ വായിൽനേരേ

ദുസ്തനന്തന്നെയും നൽകിനിന്നീടിനാൾ;
ദുഷ്ടന്മാർക്കെന്നല്ലോ തോന്നി ഞായം.

കൈകളെക്കൊണ്ടു പിടിച്ചുനിന്നന്നേരം
കൈടഭസൂദനനായ ബാലൻ

വന്മുലതന്നെ കുടിച്ചു നിന്നീടിനാ-
നമ്മതന്നന്മുലയെന്നപോലെ.

പാൽകൊണ്ടുചെഞ്ചെമ്മേ പൈകെട്ടുകൂടാഞ്ഞി-
ട്ടാകുലനാകയാലെന്നപോലെ

കാറേറയും കൂടിക്കുടിച്ചുനിന്നീടിനാൻ
[2]താലോലിച്ചങ്ങവൾ നൽകുമപ്പോൾ.

---

1. കേസരിവീരൻതാൻ
2. താറേറാലിച്ചങ്ങവൾ

ഏററമെഴുന്നോരു പീഡയെക്കൊണ്ടവൾ
ചീററന്തിരണ്ടു കരഞ്ഞുപിന്നെ

ഭൂതലന്തന്നിൽ പതിച്ചുനിന്നീടിനാൾ
ചേതനയോടു പിരിഞ്ഞു നേരേ

ഭാരമിയന്നൊരു ഭൈരവി തന്നുടൽ
ഘോരമായ് വന്നങ്ങു വീഴകയാൽ

ഊഴിയുമൊന്നു കുലുങ്ങീതായന്നേര-
മാഴിയും കിഞ്ചിൽ കലങ്ങീതായി

ചാരത്തുനിന്നുള്ള ദാരുക്കളോരോന്നേ
പ്പാരം ഞെരിഞ്ഞു പതിച്ചുതെങ്ങും.

വേപത്തെപ്പൂണ്ടുള്ള ഗോപികമാരെല്ലാം
ഗോപാലന്മാരോടുകൂടിച്ചെമ്മേ

കേടററുനിന്നുള്ള ബാലകനുള്ളേട-
ത്തോടിച്ചെന്നീടിനാർ പേടിച്ചപ്പോൾ

ഭൂതലന്തന്നിൽ പതിച്ചുകിടന്നോരു-
പൂതനതന്നെയും കണ്ടാരപ്പോൾ

ഉമ്പർകോൻ വന്നിട്ടു പക്ഷമറുക്കയാൽ
വൻപററു വീണൊരു ശൈലംപോലെ

ലീലയും പൂണ്ടവൾ മാറിൽക്കരേറിന-
ബാലകൻതന്നെയും കണ്ടാർപിന്നെ.

വൻകുന്നിലേറിക്കളിച്ചുനിന്നീടുന്ന
രംകുതൻപൈതലെയെന്നപോലെ

കണ്ടൊരുനേരമക്കൊണ്ടൽനേർവർണ്ണനെ-
ക്കൊണ്ടിങ്ങുപോരുവാൻ മണ്ടിച്ചെന്നാർ.

രത്നങ്ങൾ കാമിച്ചു ചത്തുകിടക്കുന്ന
സർപ്പത്തിൻചാരത്തു ചെല്ലുമ്പോലെ

ലീലകൾ കോലിനബാലനെച്ചെഞ്ചെമ്മേ
താലോലിച്ചമ്പോട്ടു കൊണ്ടുപോന്നാർ.

ചേതനവേറിട്ടോരാനമേൽ നിന്നൊരു-
കേസരിപ്പൈതലെയെന്നപോലെ.

ദുർഗ്രഹശങ്കയാലഗ്ര്യനായുള്ളവൻ
വിഗ്രഹന്തന്നിൽ ന്യസിച്ചുപിന്നെ

രക്ഷയെച്ചെയ്തുതുടങ്ങിനാരെല്ലാരു-
മക്ഷണംവന്നുള്ള വല്ലവിമാർ

ഗോമൂത്രംകൊണ്ടു കുളിപ്പിച്ചു നിന്നിട്ടു
ഗോധൂളിയേല്പിച്ചുമെയ്യിലെങ്ങും,

ഗോവിന്നു കീഴങ്ങു നൂഴിച്ചു ചെഞ്ചെമ്മേ
ഗോപുച്ഛം കൊണ്ടങ്ങുഴിഞ്ഞുനന്നായ്

ഗോമയംകൊണ്ടവർ ലേപവും പെണ്ണിനാർ
ഗോശൃംഗം തന്നിലെ മണ്ണുകൊണ്ടും

ഗോമയമായൊരു രക്ഷയുംചെയ്താര-
ഗ്ഗോപകുമാരനു ഗോപികമാർ.

വൈകുണ്ഠൻ തന്നുടെ നാമങ്ങളോരോന്നേ
വൈകല്യം വാരാതെ ചൊല്ലിച്ചൊല്ലി

പേച്ചിതൻ വൻപിണി പോക്കിനിന്നീടിനാ–
രാച്ചിമാരെല്ലാരും മെല്ലെ മെല്ലെ.

നന്ദനും വന്നങ്ങു മന്ദിരം പൂകിനാ–
നന്നേരം വല്ലവിമാരുമായി

ഭൂതലന്തന്നിൽ പതിച്ചുനിന്നീടുന്ന–
പൂതനതന്നുടൽ കണ്ടു പിന്നെ

ആനകദുന്ദുഭിതന്നുടെ ചൊല്ലിനെ
മാനിച്ചുനിന്നാനന്നന്ദനേററം.

[1]പിന്നെയങ്ങെല്ലാരുമുന്നതമായുള്ള
പൂതന തന്നുടെ ദേഹംതന്നെ

ശസ്ത്രങ്ങൾകൊണ്ടു തറിച്ചു തറിച്ചങ്ങു
പത്തുനൂറായിരം ഖണ്ഡമാക്കി

ദൂരത്തുകൊണ്ടുപോയ് ചുട്ടുകളഞ്ഞുടൻ
നേരത്തെവന്നു കുളിച്ചു പിന്നെ

നാരായണൻതന്റെ നാമങ്ങൾ ചൊല്ലിക്കൊ–
ണ്ടോരോരോ വേലയുമാചരിച്ചാർ.

---

1. പിന്നെയങ്ങെല്ലാരും പൂതനതന്നുടെ — യുന്നതമായുള്ള ദേഹം തന്നെ.

# സാംബോദ്വാഹം

[കന്യാഹരണത്തിനൊരുമ്പെട്ട സാംബനെ കൗരവന്മാർ കാരാഗൃഹത്തിലാക്കി. കോപിഷ്ഠരായ യാദവന്മാരെ ശാന്തരാക്കിയ ശേഷം ബലരാമൻ കൗരവരുടെ ദുർമ്മദം അടക്കി സാംബനെക്കൊണ്ടു് സുയോധനപുത്രിയെ പാണിഗ്രഹണം ചെയ്യിക്കുന്നതാണു് 'സാംബോദ്വാഹ'ത്തിലെ പ്രതിപാദ്യം.

കൃഷ്ണപ്പാട്ടിലെ കാവ്യഗുണങ്ങൾ ഏറിയകൂറും ഒത്തിണങ്ങിയ ഒരു കവിതാഭാഗമാണു് ഇതു്.]

വാരിജലോചനൻ ദ്വാരകതന്നിലേ
വാരുററുനിന്നു വസിച്ചകാലം

ദൃപ്തനായുള്ള സുയോധനൻതന്നുടെ
പുത്രിയായുള്ളൊരു കന്യകക്കു്

കാന്തനെ നണ്ണി സ്വയംവരമുണ്ടായി
കാന്തമായുള്ളൊരു കോട്ടതന്നിൽ

എന്നതുകേട്ടുള്ള മന്നവരെല്ലാരും
ചെന്നുതുടങ്ങിനാർ ചെവ്വിനോടെ

ചാലച്ചമഞ്ഞുള്ള ചങ്ങാതിമാരുമാ-
യോലക്കമൊണ്ടു നടന്നുമെല്ലെ

മണ്ഡിതയായൊരു കന്യകതാനുമ-
മ്മണ്ഡപം തന്നിലേ നിന്നനേരം

സാംബനായുള്ള കുമാരനുമങ്ങത്തു
കാൺമതിന്നായിട്ടു ചെന്നാനപ്പോൾ,

സാംബനെക്കണ്ടൊരു കന്യകതന്നുടെ
ചാമ്പിമയങ്ങിന കൺമുനതാൻ

പാരംനടന്നങ്ങു ചെന്നുതുടങ്ങീതു
വാരിജം കണ്ടൊരു വണ്ടുപോലെ

കന്യകതന്നുടെ കൺമുനചെന്നിട്ടു
തന്നോടു ചൊൽകയാലെന്നപോലെ

സാംബന്റെ കണ്ണുമക്കന്യകതന്നിലേ
മേന്മേലെ ചെന്നുതുടങ്ങീതപ്പോൾ

മംഗലമാരായ ചങ്ങാതിമാരെല്ലാം
തങ്ങളിൽ നോക്കിനാരെന്നനേരം

ബാലികതന്നുടെ ലോചനമാലിക
ചാലേ വലിക്കയാലെന്നപോലെ

പാരമണഞ്ഞവൾതന്നെയും തന്നുടെ
തേരിലങ്ങാക്കിനാൻ ഭാഗ്യവാൻതാൻ

കണ്ടുനിന്നീട്ടന്നു കൗരവന്മാരെല്ലാം
മണ്ടിയണഞ്ഞു ചുഴന്നു പിന്നെ

കോപിച്ചുനിന്നു പറഞ്ഞുതുടങ്ങിനാർ
വേപിച്ചുനിന്നൊരു മെയ്യുമായി

"ചോരാതെയിന്നിതിൽ വന്നുള്ളോരാരേലും
വാരിജലോചനതന്നെയിപ്പോൾ

കൊണ്ടങ്ങുപോകുന്നോനെങ്കിൽ നാമെല്ലാരും
മണ്ടിയണഞ്ഞു [1]ടനിണ്ടലാക്കി

കൊന്നങ്ങുവീഴ്ത്തുക വന്നുള്ളോർകാണുമാ–
റെന്നങ്ങു[2] ചൊല്ലിയുറച്ചുനന്നായ്

കാത്തുനിന്നീടുന്ന നമ്മെയുമേതുമേ
കാണിയും കൊള്ളാതെയുള്ളിലിപ്പോൾ

കന്യകതന്നെയും കൊണ്ടങ്ങുപോയതി–
ക്കണ്ണിന്നുപോരാത ബാലനല്ലോ

കേസരിതന്നുടെ പൈതലെപ്പൂണ്ടിട്ടു
കേഴതാൻ കൊണ്ടങ്ങു മണ്ടുംപോലെ

എന്നാൽ നാമിന്നിവൻതന്നെയും ബന്ധിച്ചു
വന്നുള്ള മന്നവർ തന്മുമ്പിലേ

കൃഷ്ണനുമായ്‌വന്ന വൃഷ്ണികളെല്ലാരു
മുഷ്ണിച്ചുകൂടുന്നോരെങ്കിലിപ്പോൾ

ബാണങ്ങൾക്കെല്ലാരു മൂർച്ചകൾക്കേതുമേ
ബാധയോയില്ലല്ലോയിന്നമുക്കോ;

ഇങ്ങനെ ചൊല്ലിന കൗരവവീരന്മാർ
സംഗരത്തിന്നു മുതിർന്നനേരം

ആൺമ കലന്നൊരു സാംബനാം വീരനും
ചാൺപദം നീങ്ങാതെ നിന്നു നന്നായ്

---

1. പിണഞ്ഞവനെ
2. നണ്ണി

ബാണങ്ങൾകൊണ്ടു തൊഴിച്ചുതുടങ്ങിനാൻ
ബാലകനല്ലെന്നു തോന്നുംവണ്ണം

ചാരത്തുനിന്നുള്ള കൌരവന്മാരപ്പോൾ
ദൂരത്തുനീങ്ങി നടുങ്ങിനിന്നാർ

ആർത്തന്മാരായിട്ടു വീർത്തുതുടങ്ങിനാ-
രോർത്തങ്ങുനിന്നു നറുങ്ങുനേരം

വഞ്ചനകൂടാതെ ബന്ധിച്ചുകൊള്ളുവാൻ
ചെഞ്ചെമ്മേയാവതല്ലെന്നുചൊല്ലി

നേരിട്ടുനിന്നൊരു വീരനും താനുമായ്
നേരൊത്തുനിന്നു പൊരുന്നനേരം

പിന്നാലെചെന്നങ്ങു വിൽമുറിച്ചീടിനാ-
നുന്നതനായൊരു കണ്ണനപ്പോൾ,

വിൽമുറിഞ്ഞീടിന യാദവബാലകൻ
പൽപറിഞ്ഞീടിന പാമ്പുപോലെ

ആർത്തനായ് നിന്നതു കണ്ടൊരുവീരന്മാ-
രാർത്തുകൊണ്ടേറ്റമണഞ്ഞാർ ചെമ്മേ

കാട്ടിലകംപുക്ക കാട്ടാളൻ വേട്ടയിൽ
കാട്ടാനപ്പൈതലെയെന്നപോലെ

പെട്ടെന്നുചെന്നു പിടിച്ചങ്ങു ബന്ധിച്ചു
തുഷ്ടരായ് മന്ദിരന്തന്നിൽപുക്കാർ

മന്ത്രങ്ങൾചൊല്ലി നിരുദ്ധനായ്പോകയാ-
ലന്ധനായുള്ളൊരു ഭോഗിപോലെ

കൌരവമന്ദിരം തന്നിൽ നിന്നീടിനാൻ
വീരനായുള്ളൊരു സാംബനപ്പോൾ

കണ്ടങ്ങുനിന്നൊരു നാരദമാമുനി
മണ്ടിനാൻ ദ്വാരകനോക്കിയപ്പോൾ

കൊണ്ടൽനേർവർണ്ണന്റെ ചാരത്തുചെന്നുനി-
ന്നുണ്ടായവേലയെച്ചാലെച്ചൊന്നാൻ

"മാനികളായുള്ള കൌരവന്മാരുടെ
മന്ദിരംതന്നിൽനിന്നിന്നുവന്നു

ഗൌരവംപൂണ്ടുള്ള കൌരവന്മാരത്രേ
വീരന്മാരായതു പാരിലിപ്പോൾ

വീരതവേറായ യാദവന്മാരിന്നു
നാരിമാരെന്നതും വന്നുകൂടി

അന്നന്നേകണ്ടോർപിടിച്ചങ്ങുകെട്ടുവാ-
നാളായിവന്നതു കൊണ്ടുനേരേ

ബാണന്റെ മന്ദിരം തന്നിൽ മുടങ്ങിനാൻ
നാണവും കൈവിട്ടു പണ്ടൊരുത്തൻ

കൌരവമന്ദിരം തന്നിലിന്നിന്നുടെ-
യൌരസനായുള്ള സാംബനിപ്പോൾ

മറ്റൊരുയാദവൻ മറ്റൊരുദേശത്തു
കെട്ടുപെട്ടാനെന്നു നാളെകേൾക്കാം.

കൺചുവത്തീടുന്നതെന്തിനിങ്ങെല്ലാരും
കാണിയുംകൊള്ളാരക്കൌരവന്മാർ

കാലത്തുചെന്നിനിക്കോഴയും നൽകിട്ടു
ബാലകൻതന്നെയും മീണ്ടുകൊൾവിൻ"

നാരദനിങ്ങനെ ചൊന്നൊരുനേരത്തു
വീരന്മാരായുള്ള യാദവന്മാർ

ഭേരിയും താഡിച്ചു തേരിൽകരേറിനാർ
നേരററുനിന്നൊരു സേനയുമായ്

സന്നാഹംകണ്ടൊരു നാരദനുള്ളത്തിൽ
സന്തോഷംപൊങ്ങിത്തുടങ്ങീതപ്പോൾ

കാർവ്വർണ്ണൻതന്നുടെ ചൊല്ലിനാലെല്ലാരും
പോവതിന്നായിത്തുടങ്ങുമന്നേരം

കൌരവന്മാരോടു യാദവന്മാർക്കിന്നു
വൈരമുണ്ടാകേണ്ടയെന്നുനണ്ണി

വേഗത്തിൽചെന്നങ്ങു രോഹിണീനന്ദനൻ
'വേണ്ടാ'യെന്നിങ്ങനെ ചൊന്നാനപ്പോൾ

''ഞാനങ്ങുചെന്നിട്ടു ബാലകൻതന്നെയും
മാനിച്ചുകൊണ്ടിങ്ങു പോന്നുകൊൾവൻ

പൊങ്ങിയെഴുന്നൊരു കോപവും കൈവിട്ടു
നിങ്ങളിങ്ങെല്ലാരും നിൽക്കേവേണ്ടൂ''

എന്നതുകേട്ടൊരു നാരദനന്നേരം
കണ്ണെറിഞ്ഞീടിനാനെല്ലാരോടും :—

ലാംഗലിതന്നുടെ ശിഷ്യനായുള്ളോനെ-
ത്താങ്ങുവാനായിപ്പറഞ്ഞതെല്ലാം

പട്ടാങ്ങെന്നങ്ങിനെ തേറിനിന്നിന്നിങ്ങൾ
പൊട്ടരായ്പോകാതെയെന്നുകാട്ടി.

സീരിതാനിങ്ങനെ ചൊന്നതുകേട്ടപ്പോൾ
വീരന്മാരായുള്ള യാദവന്മാർ

പൊങ്ങിയെഴുന്നൊരു കോപവും പൂണ്ടുടൻ
തങ്ങളിൽനോക്കി മെരിണ്ടുനിന്നാർ

പോവാൻതുടങ്ങുന്ന വാരണവീരന്മാർ
പാവാന്റെ ചൊൽകേട്ട നിന്നപോലെ

മാധവൻതന്നുടെയാനനംകണ്ടുടൻ
മാഴ്കിമടങ്ങിയടങ്ങിനിന്നാർ.

കേടററുനിന്നൊരു നാരദന്നാനനം
വാടിച്ചമഞ്ഞു തുടങ്ങീതപ്പോൾ

ആരുണ്യംവേറായ കാവ്വർണ്ണൻതന്നുടെ-
യാനനംപിന്നെയും നോക്കിനോക്കി

കാലുഷ്യംപൂണ്ടുള്ളോരുള്ളവുമായിട്ട
ചാലത്തലയും ചൊറിഞ്ഞുനിന്നാൻ.

വീരനായുള്ളൊരു സീരിതാനന്നേരം
പാരാതെ നേരററ തേരിലേറി

ധന്യമായുള്ളൊരു കൌരവമന്ദിരം
തന്നുടെ ചാരത്തു ചെന്നനേരം

സീരിയെ വന്നതു കണ്ടൊരുനേരത്തു
വീരന്മാരായുള്ള കൌരവന്മാർ

പൊങ്ങിയെഴുന്നൊരു തോഷവുംപൂണ്ടുടൻ
മംഗലവാണികളായീച്ചൊന്നു

70704

ആതിഥ്യമായുള്ള വേലയും ചെയ്യുനി–
ന്നാദരവോടങ്ങിരുന്നുപിന്നെ

വേഴ്ചയിൽനിന്നുള്ള വേലകളോരോന്നേ
കാഴ്ചയായ് തങ്ങളിലോതിപ്പിന്നെ

കൌരവന്മാരൊട്ടു ചൊല്ലിനിന്നീടിനാൻ
വീരനായുള്ളൊരു സീരി നേരേ :

''ഉഗ്രനായ്നിന്നുള്ളൊരുഗ്രസേനൻതന്റെ–
യഗ്ര്യയായ്നിന്നുള്ളൊരാജ്ഞയാലേ

കാൺമതിന്നായിട്ടു വന്നതു ഞാനിപ്പോൾ
കാമിച്ചു നമ്മിലെ വേഴ്ചയെല്ലാം

ബാലനായുള്ളൊരു സാംബനെയിന്നിങ്ങൾ
ചാലെച്ചുഴന്നു ചതിച്ചെല്ലാരും

ബന്ധിച്ചുകൊണ്ടതു ചിന്തിച്ചുകാണുമ്പോ–
ളന്ധതയെന്നതേ വന്നുകൂടു

ശക്തന്മാരായുള്ള യാദവന്മാരിങ്ങു
സത്വരംപോന്നുവരുംമുന്നമേ

ബാലകൻതന്നെയും പാരാതെ നൽകുവിൻ
ബാലികതന്നോടുംകൂടി നേരേ

ദുശ്ശമനായൊരു കർണ്ണന്റെ ചൊൽകേട്ടു
കശ്മലമാനസരായി നിങ്ങൾ

അന്ധകനാഥന്റെയാജ്ഞയെ ലംഘിച്ചു
അന്ധരായ്പോകായ്‌വിൻ വീരന്മാരേ !''

രോഹിണീനന്ദനൻ ചൊന്നതുകേട്ടിട്ടു
രോഷത്തെപ്പൂണ്ടുള്ള കൌരവന്മാർ

കണ്ണുചുവത്തിപ്പറഞ്ഞുതുടങ്ങിനാർ
കണ്ണനെന്നുള്ളൊരു വൻപിനാലേ:

"ആഭാസരായുള്ള വൃഷ്ണികളായല്ലോ
ആജ്ഞനടത്തുന്നതിന്നു പാരിൽ.

നാമിനിയെല്ലാരും ദാസരായ്നിന്നവർ
നാവിന്മേൽ നീരാകയെന്നേവേണ്ടൂ

പാദുകചെന്നു ശിരസ്സിങ്കലാമ്മാറു
പാഞ്ഞുകരേറുന്ന കാലമിപ്പോൾ

ചാലെനിറഞ്ഞ കിരീടങ്ങൾ മെല്ലെപ്പോയ്
കാലൊട്ടുചേരുകയെന്നുവന്നു.

മന്നവന്മാർക്കുള്ളൊരാസനം കൂടാതെ
ഖിന്നരായ്പോരുമിനീചന്മാരെ

വാഴ്ത്തിനാനിന്നതു കൊണ്ടല്ലീ നമ്മോടു
വാർത്തകളിങ്ങനെ ചൊല്ലാകുന്നു.

മറ്റൊരുദൂതൻ വന്നിങ്ങനെ ചൊൽകിലോ
മറ്റൊന്നായ്‌വന്നിട്ടുമിന്നുതന്നെ.

വൻപിഴയാകിലുമൊന്നു പൊറുക്കേണ-
മൻപുമൊഴിഞ്ഞോരോടെന്നുണ്ടല്ലോ

കെട്ടുപെട്ടീടുന്ന സാംബനെയെന്നുമേ-
യൊട്ടുമയക്കുന്നതില്ല ചൊല്ലാം

അന്ധകനാഥന്റെയാജ്ഞതാൻ വേണമി-
ബ്ബന്ധനംതീർത്തിനിക്കൊണ്ടുപോവാൻ"

വാഴ്ത്തകളല്ലാത വാർത്തകളിങ്ങനെ
കാഴ്ചയായയ്ക്കേൾപ്പിച്ചു കൌരവന്മാർ

മന്ദിരംതന്നിലകത്തങ്ങു പൂകിനാർ
മന്ദന്മാർക്കങ്ങനെ തോന്നി ഞായം.

സമ്മതികൂടാതവാർത്തകളോരോന്നേ-
യുല്മുകംപോലെ തൻകർണ്ണങ്ങളിൽ

[1]കൊണ്ടുകൊണ്ടീടുന്ന ലാംഗലധാരിക്കു
കോപമെഴുന്നു തുടങ്ങീതപ്പോൾ.

ദുഷ്ടന്മാരെല്ലാരും നീങ്ങിന നേരത്തു
പെട്ടെന്നെഴുന്നേററുനിന്നാനപ്പോൾ

വാരണവീരന്റെ നാദത്തക്കേട്ടോരു-
കേസരിവീരൻതാനെന്നപോലെ

ചാരത്തുനിന്നുള്ള വീരന്മാർ കേൾക്കവേ
ചാപലംകൈവിട്ടു ചൊന്നാൻപിന്നെ:

"എന്നോടുതന്നെ വെറുക്കയേവേണ്ടു ഞാ-
നെന്നുടെദോഷത്വം ചിന്തിക്കുമ്പോൾ;

അങ്ങുള്ളോരാക്കുമേ ചേരാതെയല്ലോ ഞാ-
നിങ്ങുള്ള ലോകരിൽ ചേർച്ചപൂക്കു

വൃഷ്ണികളാക്കുമേ ചേർന്നതില്ലേതുമേ
കൃഷ്ണനുമുള്ളത്തിലവ്വണ്ണമേ

---

1. കേട്ടുകേട്ടീടുന്ന

ആക്കുമേ ചേരാതെ ഞാനിങ്ങു പോന്നതും
പാക്കുന്നതാകിൽ പിഴച്ചില്ലൊട്ടും ;

ഗർവ്വിതരായുള്ള കൌരവന്മാരുടെ
ദുർവ്വചനങ്ങളെ കേൾക്കായല്ലോ.

പണ്ടെന്നും കേളാത വാത്തയെക്കേട്ടപ്പോൾ
പണ്ടില്ലാവേലയെച്ചെയ്യണം ഞാൻ.

ഗർവ്വിതന്മാരായ കൌരവന്മാരെയി-
ന്നുർവ്വിയിലില്ലാതെയാക്ക വേണം.

മംഗലം വേറായ മന്ദിരമിന്നുടൻ
ഗംഗയിലാക്കുന്നതുണ്ടുനേരെ

എന്നങ്ങുചൊല്ലിന രോഹിണീനന്ദന-
നേറിയിരുന്നൊരു കോപത്താലേ

സീരംകൊണ്ടുന്നിവലിച്ചു തുടങ്ങിനാൻ
കൌരവമന്ദിരം തന്നിലപ്പോൾ.

വാരുറുനിന്നൊരു സീരംകൊണ്ടങ്ങവൻ
പാരിച്ചുനിന്നു വലിച്ചനേരം

ഞെട്ടി ഞെരിഞ്ഞു തിരിഞ്ഞു ചെരിഞ്ഞുതേ-
ദുഷ്ടന്മാർ മേവുന്ന മന്ദിരന്താൻ.

മന്ദിരം തന്നിലേ മാലോകരെല്ലാരും
മന്നിടം തന്നിലേ വീണാരപ്പോൾ

കാലുംപൊളിഞ്ഞിതു കയ്യും പൊളിഞ്ഞിതു
കാളെന്നുകൂട്ടിനാർ ബാലന്മാരും

ഫാലത്തിലാമ്മാറു ചോരയും തൂകി നി-
ന്നാലസ്യമായിച്ചിലക്കു പിന്നെ.

ആനകളെല്ലാമേ ചാലെ മറിഞ്ഞുപോയ്
ദീനങ്ങളായിക്കരഞ്ഞു തിണ്ണം

ആജിയിലേതുമേ തോലിയെക്കോലാത-
വാജികൾരാജിയുമവ്വണ്ണമേ,

മാടങ്ങളെല്ലാം ഞെരിഞ്ഞുപൊളിഞ്ഞിട്ടു
മാലോകർ മേനിയിൽ വീണുതപ്പോൾ

ചിത്രങ്ങൾകൊണ്ടു വിളങ്ങിനിന്നീടുന്ന
ഭിത്തികളും പിന്നെയവ്വണ്ണമേ.

വീരനായുള്ളോരു സാംബനെ വഞ്ചിച്ചു
വിൽമുറിച്ചീടിന പാണികൾക്കും

പുണ്ണിനെപ്പൂണ്ടപ്പോൾ നിന്നുകൊണ്ടീടിനാൻ
കർണ്ണൻ താനേതുമേ ഭാവിയാതെ.

ധന്യനായുള്ള സുയോധനൻ താനപ്പോൾ
ചെമ്മേയിരുന്നൊരു പീഠത്തിന്മേൽ

യാദവന്മാരുടെ ദൂഷണമോരോന്നേ-
യാദവരോടു പറഞ്ഞു മേന്മേൽ

ധൃഷ്ടനായ് മേവുമ്പോളല്ലോയിമ്മന്ദിരം
ഞെട്ടിഞ്ഞെരിഞ്ഞതു പെട്ടെന്നപ്പോൾ

പീഠത്തിന്മേൽനിന്നു താണതു കാണായി
പീഡകൾ മേനിയിൽ മേവുംവണ്ണം.

'കർണ്ണാ!' എന്നിങ്ങനെ തിണ്ണം കരഞ്ഞുടൻ
കണ്ണുനീർ തൂകിനാൻ നോക്കയാലേ

അപ്പൊഴുതയങ്ങെഴുന്നേററുകൊള്ളുവാൻ
കെല്പില്ലയായ്കയാൽ ഭൂതലത്തിൽ

ആന്ധ്യമിയന്നുടൻ ഭ്രാന്തരെപ്പോലെയായ്
നീന്തിത്തുടങ്ങിനാൻ താന്തനായി.

ദന്തങ്ങളെല്ലാമേയെണ്ണുന്നതാകിലോ
പന്തിയിലൊവ്വാതെ വന്നുകൂട്ടം

താഴാതെ പോരുന്ന കൗരവവീരരിൽ
വീഴാതെയാരുമില്ലെന്നുവേണ്ട

സാംബനെ വഞ്ചിച്ചു നിന്നുള്ളോരെല്ലാക്കും
കാൺമാറു ലാഞ്ഛനം മെയ്യിൽപ്പൊങ്ങി.

കണ്ടങ്ങുനിന്നോരു നാരദനുള്ളത്തി-
ലുണ്ടായ വേദന മങ്ങീതപ്പോൾ

"വല്ലാതെ നില്ലാതെയെല്ലാരും ചെല്ലുവിൻ
കല്യനായുള്ളോരു രാമൻ മുൻപിൽ

ആപത്തുപോന്നിങ്ങുവന്നതിൻമുൻപിലേ
കാൽപിടിച്ചീട്ടുവിൻ പാപികളേ !"

എന്നങ്ങു ചൊല്ലിക്കരഞ്ഞു തുടങ്ങിനാർ
മന്ദിരംതന്നിലേ മാതരെല്ലാം.

വീരന്മാരെല്ലാരുമെന്നതു കേട്ടപ്പോൾ
പാരാതെചെന്നങ്ങു സാംബൻതന്നെ

ബന്ധനത്തോട്ടുടൻ വേർപെടുത്തങ്ങനെ
സുന്ദരിതന്നെയും മുന്നിലാക്കി

ഏററം വിറച്ചോരു മെയ്യുമായന്നേരം
ചീററം തിരണ്ടോരു രാമനുമ്പിൽ

പെട്ടെന്നു ചെന്നങ്ങു കാൽപിടിച്ചീടിനാർ
മുട്ടപെട്ടീടിനാലെന്നു ഞായം
"വല്ലാതെ നിന്നുള്ളോരെങ്ങളിലുള്ളോരു
വല്ലായ്മയെല്ലാം പൊറുത്തു മെല്ലെ

വൻപുകളഞ്ഞു തെളിഞ്ഞു നിൽക്കേണമേ-
യൻപു പൊഴിഞ്ഞിനിത്തമ്പുരാനേ!"

ഇങ്ങനെ യാചിച്ച കൌരവന്മാരെല്ലാം
മംഗലനായൊരു സാംബനേയും

കന്യകതന്നെയും നൽകിനിന്നീടിനാർ
ധന്യനായുള്ളൊരു രാമൻകയ്യിൽ

ചാരത്തുചെന്നൊരു സാംബനെക്കണ്ടപ്പോൾ
സീരിതന്മാനസം ശീതമായി

ആതപം പൂണ്ടുള്ള ഭൂതലമെല്ലാമേ
വാർതിങ്കൾചെന്നപ്പോഴെന്നപോലെ.

[1]ദുഷ്ടനായുള്ള സുയോധനൻതാനപ്പോ-
ളിഷ്ടമായുള്ള ധനങ്ങളേററം

സത്വരംകൊണ്ടന്നു നൽകിനിന്നീടിനാൻ
പുത്രിയിലൻപിനോരൻപു തന്നാൽ

കൈക്കൊണ്ടുനിന്ന ധനത്തെയുമെല്ലാമേ
ചക്രധരാഗ്രജനെന്നനേരം

പാരാതെപോയങ്ങു നേരററുനിന്നൊരു-
ദ്വാരകതന്നിലകത്തുപുക്കാൻ.

1. ദൃഷ്ട

# ഗോവർദ്ധനോദ്ധാരണം

[മായാമാനുഷനായ ശ്രീകൃഷ്ണന്റെ ബാല്യകാലത്തെ അത്ഭുത കർമ്മങ്ങളിൽ അത്യന്തം ശ്രദ്ധേയമായ ഒന്നാണ് ഗോവർദ്ധനോദ്ധാരണം. ഏഴു രാവും പകലും ഗോവർദ്ധനപർവ്വതം ഉയർത്തി കുടയായി പിടിച്ച് കൃഷ്ണൻ അതിവൃഷ്ടിയിൽനിന്നും ഗോപരേയും ഗോക്കളേയും രക്ഷിച്ചു.

ചെറുശ്ശേരിയുടെ വർണ്ണനാനൈപുണിയും മനോധർമ്മവിലാസവും ഈ കാവ്യഖണ്ഡത്തിൽ തെളിഞ്ഞുകാണാം.]

കാർമുകിൽ നേരൊത്ത കാന്തികലന്നൊരു
[1] കാരുണ്യപൂരമക്കാനനത്തിൽ

ബാലകന്മാരുമായ്ക്കാലിയും മേച്ചങ്ങു
ലീലകളാണ്ടു നടന്നകാലം

വിണ്ണവർനായകൻ തന്നുടെ പൂജയ്ക്കു
തിണ്ണംമുതിർന്നുള്ള ഗോപന്മാരെ

കണ്ടൊരുനേരത്തു കാർമുകിൽവർണ്ണൻതാൻ
മണ്ടിയടുത്തങ്ങു ചെന്നുപിന്നെ

ചോദിച്ചുനിന്നാനത്താതനോടെല്ലാന്താ-
നേതുമറിഞ്ഞില്ലയെന്നപോലെ :—

"ആരുടെ പൂജയ്ക്കുസാധനമിങ്ങനെ-
യാരാഞ്ഞുകൊണ്ടന്ന താതനിപ്പോൾ

---

1. കാരുണ്യപൂരിതൻ

എന്തിതുകൊണ്ടുള്ള കാരിയമെന്നുമ-
ങ്ങെന്നോടു ചൊല്ലേണമുള്ളവണ്ണം''

[1]നന്ദനനിങ്ങിനെ ചൊന്നൊരുനേരത്തു
നിന്നൊരുനന്ദനുഞ്ചൊന്നാനപ്പോൾ :-

''ഉത്സവം കൊള്ളേണം വിണ്ണവർനാഥന്നു
വത്സരന്തോറുമെന്നുണ്ടുഞായം.

വാനവർനായകൻ തന്നുടെ ചൊല്ലാലെ
വാരിയെപ്പെയ്യുന്നു വാരിദങ്ങൾ

കാലത്തുവേണുന്ന വാരിയെപ്പെയ്യിച്ചു
പാലിച്ചുകൊള്ളുവാൻ പൂജിക്കുന്നു.''

താതൻതാനിങ്ങിനെ ചൊന്നൊരുനേരത്തു
താതനുമെല്ലാരും കേൾക്കച്ചൊന്നാൻ :-

''അച്ഛനെന്തിങ്ങിനെയാരേലും ചൊന്നതു
നിശ്ചയംകൂടാതെ ചൊല്ലുന്നിപ്പോൾ

വർഷത്തിൻകാരണം വാസവനെന്നുണ്ടോ
ഹർഷത്തിന്നുള്ളത്തിൽ തോന്നീതിപ്പോൾ ?

നന്ദനന്തന്നിലെസ്സുന്ദരിമാരുമായ്
മന്ദനായുള്ളോൻപോലെങ്ങെങ്ങാനും

ഇഷ്ടമായുള്ളൊരു വൃഷ്ടിയെപ്പെയ്യിച്ചു
പുഷ്ടിക്കുകാരണം [2]ഇന്ദ്രനല്ല ;

---

1. നന്ദജൻ
2. ഇന്ദ്രനോതാൻ

ഭൂലോകവാസികൾ ചെയ്യുന്ന കർമ്മങ്ങ-
ളാലംബമെന്നതേ വന്നുകൂട്ടു

ളുണ്മയെച്ചൊൽകിലോ തന്നുടെ തന്നുടെ
കർമ്മത്തെപ്പൂജിപ്പുവെന്നേ വേണ്ടൂ,

ഗോവർദ്ധനത്തിൻെറ താഴ്‌വരമേൽനിന്നു
ഗോരക്ഷ നമ്മുടെ കർമ്മമിപ്പോൾ,

ഗോവർദ്ധനത്തെയും ഗോക്കളെത്തന്നെയും
പൂജിപ്പു നാമിപ്പോളെന്നേ വേണ്ടൂ.

എന്മതം ചൊല്ലിനേനെല്ലാരും ചിന്തിച്ചു
സമ്മതിയായതു ചെയ്‌വിൻ നിങ്ങൾ”

മായംകലർന്നൊരു ബാലകനിങ്ങിനെ
പേയല്ലയാതെ പറഞ്ഞ നേരം

ആയന്മാരെല്ലാരുമങ്ങിനെതന്നെയെ-
ന്നാദരവോടു മുതിർന്നാരപ്പോൾ

വാസവൻ തന്നുടെ പൂജയ്ക്കു കൊണ്ടന്ന-
സാധനമെല്ലാമേ വല്ലവന്മാർ

ഗോവർദ്ധനന്തന്നെപ്പൂജിപ്പാനാക്കിനാർ
ഗോവിന്ദൻതന്നുടെ ചൊല്ലിനാലേ

ഭേരിതന്നാദംകൊണ്ടാശാ [1]ഗജങ്ങൾക്കു
പേടിയെപ്പൊങ്ങിച്ചാരഞ്ഞുപിന്നെ

നൽക്കൊടിതോരണമെന്നുള്ളതെല്ലാമ-
ങ്ങൊക്കവേനിന്നു നിവർന്നതെങ്ങും

---

1. ഗണങ്ങൾക്കു

ഗോക്കളെക്കൊണ്ടന്നു ചാലെക്കളിപ്പിച്ചു
പൂക്കളും ചൂടിച്ചമച്ചുപിന്നെ

തുംഗമായുള്ളൊരു മംഗലശൈലന്ത-
ന്നംഗത്തിലാക്കിനാൻ ഭംഗിയോടേ.

ബ്രാഹ്മണരെല്ലാരും കാണ്മതിന്നായിട്ടു
മേന്മേലേ വന്നു തുടങ്ങീതപ്പോൾ.

ക്ഷീരം തുടങ്ങിന ഗോരസമോരോന്നേ
പൂരിച്ചുകാണായിതോരോദിക്കിൽ

കാമദന്മാരായ ഭൂദേവന്മാരെല്ലാം
ഹോമം തുടങ്ങിനാരങ്ങുമിങ്ങും

പായസം മേന്മേലേ നിർമ്മിച്ചാരെന്നപ്പോ-
ളായാസം പോലുള്ള ഗോപാലന്മാർ

ധൂപങ്ങൾ ദീപങ്ങളെന്നുതുടങ്ങിന-
സാധനമോരോന്നേ വന്നുകൂടി.

മാലേയച്ചാറെല്ലാം പൂജിച്ചുമേന്മേലെ
മാലകൾ നീളെത്തൊട്ടുത്താർ [1]ചെമ്മെ

ബന്ധുരമായൊരു സാധനം കണ്ടിട്ടു
സന്തുഷ്ടന്മാരായി പിന്നെപ്പിന്നെ

പൂതന്മാരായുള്ള ഭൂദേവന്മാരെല്ലാം
പൂജയെപ്പൂരിച്ചു നിൽക്കുന്നേരം

കാർവർണ്ണൻ താനപ്പോൾ കാണുന്നോരെല്ലാർക്കും
[2]കാരിയമേഴയന്നു തോന്നുംവണ്ണം

---

1. പിന്നെ
2. കാര്യമിതെന്നങ്ങു

വണ്ണംതിരണ്ടൊരു രൂപത്തെപ്പൂണ്ടിട്ടു
വന്നങ്ങു 'ശൈലം ഞാനെ'ന്നുചൊല്ലി,

കാദളം മോദകം പായസജാലത്തെ
ഖാദനം ചെയ്തങ്ങു നിന്നാൻപിന്നെ

എന്നതു കണ്ടിട്ടു വിസ്മയിച്ചെല്ലാരും
ചെന്നങ്ങു കുമ്പിട്ടു കൂപ്പിനിന്നാർ.

പേശലമാരായ ഗോപികമാരെല്ലാം
കേശവൻ തന്നുടെ ചൊല്ലിനാലേ

മേളത്തിൽ വന്നങ്ങു ശൈലത്തിന്മേലേറി
നീളക്കളിച്ചങ്ങു പാടിനിന്നാർ.

കള്ളം കളഞ്ഞുള്ള വല്ലവിമാരെല്ലാ-
മുള്ളംതെളിഞ്ഞങ്ങു നിന്നുപിന്നെ

മായം കളഞ്ഞുള്ള ഭൂദേവന്മാർക്കെല്ലാം
പായസം നൂകിനാരായവണ്ണം.

തുഷ്ടമായെല്ലാരും ഭോജനം പണ്ണീട്ടു
തുഷ്ടന്മാരായങ്ങു നിന്നനേരം

ദാക്ഷിണ്യം വന്നുള്ള ഭൂദേവന്മാർക്കെല്ലാം
ദക്ഷിണ വെച്ചങ്ങു കൂപ്പിനിന്നാർ

ഭൂദേവന്മാരെല്ലാമാശിയും ചൊല്ലീട്ടു
മോദിതന്മാരായിപ്പോയാരപ്പോൾ'

ആരണ്ടരെല്ലാരും പോയൊരുനേരത്തു
[1]നാരദനാമവാൻ നന്മുനിതാൻ

തിണ്ണം നടന്നുടൻ വിണ്ണിലെച്ചെന്നിട്ടു
വിണ്ണവർനാഥനെക്കണ്ടുചൊന്നാൻ.

"കാണ്മതിന്നായിക്കൊതിച്ചിങ്ങു വന്നു ഞാ–
നാണ്മകളഞ്ഞൊരു നിന്നെയിപ്പോൾ

നാളെയുമിങ്ങിനെ വന്നുടൻനിൽക്കുമ്പോൾ
കാണാമെന്നുള്ളതറിഞ്ഞില്ലല്ലോ.

എങ്ങിനിപ്പൂകുന്നു വിണ്ണിനെക്കൈവെടി–
ഞ്ഞെന്നുള്ളതോർക്ക നീയെന്നേവേണ്ടു

ആപത്തും സമ്പത്തും കൂടികലന്നുള്ള–
താപത്തായുള്ളൊരു കാലമിപ്പോൾ

ദാനവരാരേലുമിങ്ങിനെ ചെയ്താകിൽ
ദീനതയെന്നുള്ളിൽ വാരാഞ്ഞിതും

ദുർബ്ബലരായുള്ള മാനവരെല്ലാരും
ധിക്കരിക്കുന്നതിന്നിന്നെയിപ്പോൾ,

തൻകനിവുള്ളോർക്കു ഭംഗം വരുന്നേരം
സങ്കടമെന്നുള്ളതുൺമ ചെമ്മേ.

കൈലാസം തന്നിലെ പോകേണമെന്നിപ്പോൾ
കാലെഴുന്നില്ലേതും കാണെനിക്കോ."

1. നാരദനാകുന്ന മാമുനിതാൻ

എന്നതു കേട്ടോരു വിണ്ണവർനായക-
നെന്തെന്നു കേട്ടതു കേട്ട ചൊന്നാൻ.

"ഒന്നൊത്തുകൂടിന ഗോപന്മാരെല്ലാരും
നിന്നെപ്പിഴക്കിനാരിന്നു ചെമ്മെ

ഗോവർദ്ധനന്തന്നെ വാസവനാക്കിനാ-
രാബദ്ധഗർവ്വന്മാരായിപ്പിന്നെ.

നിന്നുടെ പൂജക്കു കൊണ്ടന്ന സാധന-
മെന്നുടെ മുൻപിലെ വൻപിനാലേ

പർവ്വതപൂജക്കു സർവ്വവുമാക്കിനാ-
രുർവ്വിയിൽ നിന്നുള്ള വല്ലവന്മാർ"

എന്നതു കേട്ടോരു വിണ്ണവർനാഥൻതൻ
കണ്ണു ചുവന്നു തുടങ്ങീതപ്പോൾ

പെട്ടെന്നെഴുനീററു ഭൂതലന്തന്നിലെ
കഷ്ടിച്ചു നിന്നാനങ്ങൊട്ടുനേരം

വജ്രമായ് നിന്നുള്ളൊരായുധം തന്നെയു-
[1]മുജ്ജ്വലിച്ചമ്മാറുയർത്തിച്ചൊന്നാൻ ;-

"കാട്ടിൽക്കിടന്നേങ്ങു കാലിയും മേച്ചുള്ള-
കാട്ടാളർ കാട്ടുന്ന ഗോഷ്ഠിക്കിപ്പോൾ

കണ്ടുകതിർത്തവർ കണ്ഠങ്ങൾ കണ്ടിച്ചു
തുണ്ടിച്ചുനിന്നുടനിണ്ടലാക്കി

ഘോരമാമെൻ വാൾക്കു നൽകുന്നതുണ്ടു ഞാൻ
ചോരകൊണ്ടുള്ളൊരു പാരണത്തെ.

---

1. ഉച്ചത്തിലമ്മാറു

മാനുഷനായൊരു കണ്ണനെക്കണ്ടല്ലോ
ദേവകൾ നിന്ദയെച്ചെയ്തതിപ്പോൾ

പണ്ടില്ലയാതൊരു വേലയെച്ചെയ്യുമ്പോൾ
കൊണ്ടൽനേർവർണ്ണനുമോർക്കവേണം,

എന്നതിനിന്നിനി വന്നൊരു ദീനത്തെ
നിന്നവൻതാനേ പൊറുത്തുകൊള്ളും"

ഇങ്ങിനെ ചൊന്നവൻ ചിന്തിച്ചുനിന്നിട്ടു
പിന്നെയും ചൊല്ലിനാൻ വിണ്ണവർകോൻ

"മാരിയെപ്പെയ്യിച്ചു ഗോകുലമെല്ലാമേ
വാരിധിതന്നിലങ്ങാക്കുന്നേരേ

ക്ഷുത്തു പൂണ്ടീടുന്ന മത്സ്യങ്ങൾക്കെല്ലാമ-
ങ്ങുത്സവമാക്കുന്നതുണ്ടുനേരേ

പൂജിച്ചുവെച്ചൊരു പർവ്വതന്താൻ വേണം
പാലിച്ചുകൊള്ളുവാനിന്നിവരെ"

ഇങ്ങിനെചൊല്ലിനിന്നംബുദജാലത്തെ-
യംബരംതന്നിലഴിച്ചുവിട്ടാൻ.

താനങ്ങു തന്നുടെ വാരണംതന്മീതേ
മാനമേ പോവതിനായ്ത്തുനിഞ്ഞാൻ.

ശൈലത്തെപ്പൂജിച്ചു ഗോപന്മാരെല്ലാരു
മാലയന്തന്നിലേ പൂകുന്നേരം

മുപ്പാരിതെപ്പേരും മുക്കുവാൻ കെല്പുള്ള
കല്പാന്തമേഘങ്ങൾ പോന്നുവന്നു.

കാലമല്ലാത്തൊരു കാലത്തു കണ്ടാലും
[1]കാളപയോദങ്ങൾ വന്നിതിപ്പോൾ

എന്തിതെന്നിങ്ങനെ കണ്ടുള്ളോരെല്ലാരും
ചിന്തിച്ചു തങ്ങളിൽനിന്നനേരം

പാരിച്ചുനിന്നൊരു പാഴിടിനാദത്താൽ
പാരിടമെങ്ങും കുലുങ്ങിച്ചുടൻ

വിണ്ണവർവാരണം തന്നുടെ കയ്യോളം
വണ്ണമെഴുന്നുള്ള തുള്ളികളെ

തൂകിത്തുടങ്ങീതങ്ങാകാശം തന്നിലെ
പാകിനിന്നീടുന്ന മേഘമെല്ലാം

പാഴിടി കേട്ടിട്ടു പൈതങ്ങളെല്ലാമേ
പാരംകരഞ്ഞു തുടങ്ങീതപ്പോൾ

ഒന്നിനോടൊന്നു കലൎന്നുനിന്നുള്ള
കന്നുകിടാങ്ങളുമവ്വണ്ണമേ

വൻകാററു വന്നങ്ങു വീശുതുടങ്ങീട്ടു
വൻകുന്നുകൂടെക്കുലുങ്ങിച്ചെമ്മേ

കാലികളെല്ലാമെ ചാലെ വിറച്ചങ്ങു
നീലക്കാർവണ്ണനെ നോക്കിനിന്നാർ !

ആനായനാരിമാർ തന്മുഖമൊക്കവേ
ദീനങ്ങളായ് വന്നു പിന്നെപ്പിന്നെ

നന്ദൻതുടങ്ങിന വൃദ്ധന്മാരെല്ലാരും
നിന്നുപൊറുക്കരുതാഞ്ഞുചെമ്മേ

---

1. നില

മെയ്യും വിറച്ചു തൻ കയ്യും തിരുമ്മി നി-
ന്നയ്യോയെന്നിങ്ങനെ ചൊന്നുഴന്നാർ

'പാലിച്ചുകൊള്ളേണം കണ്ണാ! എന്നിങ്ങനെ
വാവിട്ടുചൊല്ലിനാരെല്ലാരുമേ,

വിണ്ണവർനാഥൻതൻ കോപത്തെക്കണ്ടിട്ടു
തിണ്ണം ചിരിക്കുന്ന കണ്ണനപ്പോൾ

തന്നെയുവന്നുള്ളോരെല്ലാരുമിങ്ങിനെ
ഖിന്നന്മാരായതു കണ്ടനേരം

കോരിച്ചൊരിയുന്ന പേമഴ കണ്ടിട്ടു
കോഴപ്പെടായ്‌വിനെന്നുചൊന്നാൻ.

"ഗോവർദ്ധനത്തൊട്ടു യാചിച്ചുനിൽപ്പിനി-
ന്നാപത്തുപോക്കുവാൻ നിങ്ങളെല്ലാം

വാനവർനായകൻ തന്നുടെ പൂജയെ
മാനിച്ചുകൊണ്ടതിവൻതാനല്ലോ

ഇണ്ടലെപ്പോക്കീട്ടു പാലിച്ചുകൊള്ളും താൻ,
കണ്ടതെയാണ്ടവൻ പിണ്ടത്തിന്നും"

എന്നങ്ങുചൊന്നുള്ള നന്ദകുമാരന-
ക്കുന്നോട്ടുചെന്നങ്ങണഞ്ഞു ചെമ്മെ,

പെട്ടന്നു നിന്നവൻ മുഷ്ടി ചുരുട്ടീട്ടു
മുട്ടിനാൻ കുന്നിനെയൊന്നു[1] മെല്ലെ,

കട്ടക്കിടാവുതൻ കൈത്തലം കൊണ്ടുള്ള
മുഷ്ടിയെത്തന്മെയ്യിലേററനേരം,

---

1. തിണ്ണം

ഞെട്ടിനിന്നുള്ളൊരു കുന്നുതാനന്നപ്പോൾ
വട്ടന്തിരിഞ്ഞു തുടങ്ങീചെമ്മെ.

വൃക്ഷങ്ങളെല്ലാം ഞെരിഞ്ഞുതുടങ്ങീതെ
പക്ഷികളെല്ലാം പറന്നുതെങ്ങും

ശാഖികൾചേർന്നുള്ള വാനരയൂഥങ്ങൾ
ചാടിത്തുടങ്ങീതു കാട്ടുതോറും

തിട്ടതി പൂണ്ടുള്ളോരെട്ടടിമാനെല്ലാം
വട്ടത്തിൽനിന്നങ്ങുഴന്നീതെങ്ങും

കന്ദരന്തന്നിലെ മന്ദിരമായുള്ള
കിന്നരരെല്ലാരും ഖിന്നന്മാരായ്

ഒന്നിച്ചുനിന്നുള്ള പന്നികളെല്ലാമേ
കുന്നിലെ ചാടിക്കുറുട്ടി നിന്നു

കമ്പത്തെപ്പൂണ്ടുള്ള വൻപുലിക്കൂട്ടങ്ങൾ
സംഭ്രമിച്ചോടീതേയങ്ങുമിങ്ങും

വേട്ടയ്ക്കു വന്നുള്ള കാട്ടാളരെല്ലാരു-
മാട്ടിത്തുടങ്ങുന്നുയെന്നു നണ്ണി

കാട്ടുപോത്തെല്ലാമേ ചാട്ടം തുടങ്ങീത-
[1]മ്മാട്ടിന്നു മൂട്ടിലെ കാട്ടികളും

കാട്ടാനക്കൂട്ടങ്ങൾ കൂട്ടം പിരിഞ്ഞുനി-
ന്നോട്ടം തുടങ്ങീതാക്കാട്ടിലപ്പോൾ

---

1. ക്കാട്ടിന്നു

ചേണററു നിന്നുള്ളോരേണക്കിടാങ്ങളും
ദീനങ്ങളായങ്ങു പാഞ്ഞുവന്നു

ശാർദ്ദൂലന്തന്നോടു ചേർന്നുതുടങ്ങിതെ
ശാർദ്ദൂലപോതങ്ങളേണത്തോടും

മുഷ്ടിയേററുള്ളോരു നോവുകൊണ്ടന്നേരം
[1]വൃഷ്ടിയായുള്ളോരു കണ്ണുനീരും

പാരം ചൊരിഞ്ഞിട്ടു സിംഹങ്ങൾ തന്നുടെ
ഘോരമായുള്ളോരു നാദത്തിന്റെ

മാറെറാലി കൊണ്ടൊരു കന്ദരവാകൊണ്ട-
ങ്ങേററം കരഞ്ഞാനക്കുന്നുമപ്പോൾ.

ഇങ്ങനെ കണ്ടോരു നന്ദകുമാരകൻ
പൊങ്ങിച്ചു നിന്നാനക്കുന്നു മെല്ലെ

വാമമായുള്ളോരു പാണീതലം കൊണ്ടു
വാരുററുനിന്നങ്ങുയർത്തിച്ചൊന്നാൻ:-

"എൻകയ്യിൽ നിന്നൊരു വൻകുന്നിൻകീഴിലെ
വന്നിങ്ങു നൂഴുവിൻ നിങ്ങളെല്ലാം"

വല്ലവന്മാരെല്ലാമെന്നതു കേട്ടപ്പോൾ
വല്ലവിമാരോടു കൂടിച്ചെമ്മെ

ബാലകന്മാരെയും പൂണ്ടുകൊണ്ടങ്ങിനെ
ചാലെ നടന്നതിൻ കീഴിൽപ്പുക്കാർ.

---

1. നിർഝരമായുള്ള

കന്നുകിടാങ്ങളും കാലിയും മററെല്ലാം
കുന്നിനുകീഴിലണ്ടായ നേരം

താനങ്ങു തന്നുടെ പൊൻകുഴലൂതിനി-
ന്നാനന്ദഗാനം തുടങ്ങിനാനേ,

മാനിനിമാരെല്ലാം ഗാനത്തെ കേട്ടപ്പോ
ളാനന്ദലീനമാരായി നിന്നാർ.

ഉററവരായിട്ടു ചുററും വിളങ്ങിന
മററുള്ളോരെല്ലാരുമവ്വണ്ണമേ.

പൈകൊണ്ടുമേവുന്ന ദീനത്തെയന്നേരം
പൈതങ്ങൾ പോലുമറിഞ്ഞതില്ലേ.

"വൻകുന്നു ചൂടീട്ടു വൻമഴ പെയ്യുമ്പോൾ
തൻകുലം കാക്കുന്ന തമ്പുരാനേ.

നിൻകനിവേകിനിന്നെങ്ങൾ നീയെന്നുടെ
സങ്കടം തീർപ്പാനായ് കുമ്പിടുന്നേൻ.

മാരി വരുന്നേരം നൽകുട ചൂടുവാം
നാരുമൊരുത്തരും താരാഞ്ഞാരൊ?

കുന്നു ചുമന്നിട്ടു വെണ്ണചുമന്നുള്ളൊ-
രുണ്ണിക്കെന്നോവുന്നതില്ലയോ? ചൊൽ

കുന്നു ചുമക്കേണമെന്നങ്ങു ചിന്തിച്ചോ
വെണ്ണചുമന്നിട്ടു ശീലിച്ചു നീ?

വെണ്ണയെന്നോർത്തിട്ടു കുന്നിനെത്തന്നെയും
[1]മെല്ലവേ വായിലണ്ടാക്കൊല്ലാതേ"

---

1. ഉണ്ണുവാൻ

തുംബുരു നാരദൻ മുമ്പായോരെല്ലാരും
വന്നുടനിങ്ങിനെ വാഴ്ത്തിനിന്നാർ.

"കുന്നിന്റെ കീഴിലേ നൂണ്ണൊരു നിങ്ങളീ-
ക്കുന്നുതാൻ വീഴുമെന്നോർത്തിടേണ്ട"

പൈതലായുള്ളൊരു കണ്ണന്റെ ചൊൽ കേട്ടു
പൈതങ്ങളോടു കലന്നെല്ലാരും.

വാനവർനായകൻ വല്ലവന്മാരുടെ
ദീനത കാണ്മാനായ് വന്നാനപ്പോൾ

മാധവൻ തന്നെയും വല്ലവന്മാരെയും
ബാധകൾ കൂടാതെ കാൺകയാലെ

തള്ളിയെഴുന്നൊരു ക്കോപമടങ്ങിനി-
ന്നുള്ളം തെളിഞ്ഞുടൻ നിന്നനേരം

മാരിയെപ്പെയ്യിച്ചു മാധവനോടല്ലോ
നേരിട്ടുനിന്നു ഞാനെന്നു നണ്ണി

ദീനതപൂണ്ടു തന്മ നസന്തന്നിലെ
നാണവും പൂണ്ടങ്ങു നിന്നു പിന്നെ.

മേഘങ്ങളെല്ലാമേ പോകെന്നു ചൊല്ലിനാൻ
നാകികൾ നായകനാകുലനായ്

മന്നിലുഞ്ഞുന്നിന പാദങ്ങളൊന്നുമേ
പിന്നെ മറിച്ചു[1] ചലിപ്പിയാതെ

---

1. ചലിപ്പിക്കാതെ

ഏഴുനാളിങ്ങനെ പേമഴ പെയ്യുമ്പോൾ
കോഴകൾ കൂടാതെ നിന്നാൻ കണ്ണൻ.

മേഘങ്ങൾ വേറായി മേളം കലർന്നെല്ലാ–
രാകാശം കണ്ടൊരു കണ്ണൻ ചൊന്നാൻ

"നിർഗ്ഗമിച്ചാലുമിന്നിങ്ങളിന്നെല്ലാരും
വ്യഗ്രമായുള്ളതു പോയിതായി."

കുന്നിനു കീഴുള്ളോരെല്ലാരുമന്നപ്പോൾ
കന്നുകിടാങ്ങളും കാലിയുമായ്

ഒക്കവേനിന്നു പുറത്തുപുറപ്പെട്ടു
ദിക്കുകളെല്ലാമേ നോക്കിനിന്നാർ.

നന്ദകുമാരനും കുന്നിനെയന്നേരം
മന്ദമിറക്കിത്തൻ കയ്യിൽനിന്നും

ഭൂതലന്തന്നിലെ മെല്ലവേയാക്കിനാൻ
ഭൂതങ്ങളെല്ലാമെ കണ്ടിരിക്കെ

എന്നതു കണ്ടൊരു ഗോപന്മാരെല്ലാരും
എന്തിതെന്നിങ്ങിനെ ചിന്തിച്ചപ്പോൾ

ആനായർക്കോനായ കാർമുകിൽവർണ്ണനെ
[1]മാനുഷനല്ലെന്നു സംശയിച്ചാർ.

---

1. മാനവ

# സീതാസ്വയംവരം

[മലയാളഭാഷയുടെ പിതാവായും കേരളീയരുടെ ആദ്ധ്യാത്മികാചാര്യനായും നാം ആരാധിച്ചുവരുന്ന മഹാനാണ് തുഞ്ചത്തെഴുത്തച്ഛൻ. പൊന്നാനിത്താലൂക്കിൽ തൃക്കണ്ടിയൂർ ക്ഷേത്രത്തിനു സമീപമുള്ള തുഞ്ചൻപറമ്പാണ് എഴുത്തച്ഛന്റെ ജന്മദേശമെന്നു വിശ്വസിച്ചുവരുന്നു. ഇന്നവിടെ ആ മഹാകവിക്ക് ഒരു സ്മാരകമന്ദിരം നിർമ്മിച്ചിട്ടുണ്ട്. എ. ഡി. 16-ാം ശതകമാണ് ആചാര്യന്റെ ജീവിതകാലം. അദ്ധ്യാത്മരാമായണവും മഹാഭാരതവുമത്രെ എഴുത്തച്ഛന്റെ മുഖ്യകൃതികൾ. രാമായണം ഒരു സ്വതന്ത്രവിവർത്തനവും ഭാരതം വ്യാസകൃതിയുടെ മനോഹരമായ ഒരു സംക്ഷേപവുമാകുന്നു. ഭാഗവതം, ഹരിനാമകീർത്തനം, ചിന്താരത്നം തുടങ്ങിയവയും എഴുത്തച്ഛന്റെ കൃതികളായി അറിയപ്പെടുന്നു. കേരളീയഗൃഹങ്ങളിൽ ആർഷസംസ്കാരത്തിന്റെ പ്രകാശം പരത്തുകയും ആസ്തിക്യബോധത്തിന്റെ ചൈതന്യം വളർത്തുകയും ചെയ്തിരുന്നതു് രാമാനുജഎഴുത്തച്ഛന്റെ കിളിപ്പാട്ടിന്റെ ഗാനമാണ്.

എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം ബാലകാണ്ഡത്തിൽ നിന്നും എടുത്തതാണീ ഭാഗം. മാരീചസുബാഹുപ്രഭൃതികളായ രാത്രിഞ്ചരന്മാരുടെ ശല്യം നിമിത്തം യാഗാദികർമ്മങ്ങൾക്കു വിഘ്നം നേരിട്ടതിനാൽ വിശ്വാമിത്രമഹർഷി അയോദ്ധ്യയിൽ ചെന്നു് രാമലക്ഷ്മണന്മാരെ തന്റെകൂടെ അയക്കണമെന്നു് ദശരഥനോടാവശ്യപ്പെട്ടു. കൗമാരം കഴിഞ്ഞിട്ടില്ലാത്ത പുത്രന്മാരെ പിരിയുന്നതു് അസഹ്യമായിത്തോന്നി എങ്കിലും ഒടുവിൽ മഹർഷിയുടെ ഹിതത്തിനു വഴങ്ങേണ്ടിവന്നു മഹാരാജാവിനു്. അങ്ങനെ വിശ്വാമിത്രനോടുകൂടി

പുറപ്പെട്ട രാജകുമാരന്മാർ വഴിക്ക് താടകാദികളെ നിഗ്രഹിച്ച് യഥാകാലം മഹർഷിയുടെ ആശ്രമത്തിലെത്തി. നിശാചരന്മാരെ അകററി യാഗരക്ഷ നിർവ്വഹിച്ചശേഷം ഗൗതമാശ്രമം പ്രവേശിച്ച് അഹല്യയ്ക്കു മോക്ഷം കൊടുത്തു. അനന്തരം സന്തുഷ്ടനായ വിശ്വാമിത്രൻ രാമലക്ഷ്മണന്മാരോട് പറയുകയാണ്.]

ബാലകന്മാരേ പോക മിഥിലാപുരിക്കു നാം
കാലവും വൃഥാ കളഞ്ഞീടുകയരുതല്ലോ

യാഗവും മഹാദേവചാപവും കണ്ടുപിന്നെ
വേഗമോടയോദ്ധ്യയും പുക്കു താതനെക്കാണാം.

ഇത്തരമരുൾചെയ്തു ഗംഗയും കടന്നവർ
സത്വരം ചെന്നു മിഥിലാപുരമകം പുക്കു

മുനിനായകനായ കൌശികൻ വിശ്വാമിത്രൻ
മുനിവാടം പ്രാപിച്ചിതെന്നതു കേട്ടനേരം

മനസി നിറഞ്ഞൊരു പരമാനന്ദത്തോടും
ജനകമഹീപതി സംഭ്രമസമന്വിതം

പൂജാസാധനങ്ങളുമെടുത്തു ഭക്തിയോടു-
മാചാര്യനോടുമൃഷിവാടം പ്രാപിച്ചനേരം 12

ആമോദപൂർവ്വം പൂജിച്ചാചാരം പൂണ്ടുനിന്ന
രാമലക്ഷ്മണന്മാരെക്കാണായി നൃപേന്ദ്രനും

ചന്ദ്രസൂര്യന്മാരെന്നപോലെ ഭൂപാലേശ്വര-
നന്ദനന്മാരെക്കണ്ടു ചോദിച്ചു നൃപേന്ദ്രനും.

കന്ദർപ്പൻ കണ്ടു വന്ദിച്ചീടിന ജഗദേക-
സുന്ദരന്മാരാമിവരാരെന്നു കേൾപ്പിക്കണം

നരനാരായണന്മാരാകിയ മൂർത്തികളോ?
നരവീരാകാരം കൈക്കൊണ്ടു കാണായതിപ്പോൾ.

വിശ്വാമിത്രനുമതുകേട്ടരുൾചെയ്തീടിനാൻ
വിശ്വസിച്ചാലും മമ വാക്യം നീ നരപതേ!

വീരനാം ദശരഥൻ തന്നുടെ പുത്രന്മാരിൽ
ശ്രീരാമൻ ജ്യേഷ്ഠനിവൻ ലക്ഷ്മണൻ മൂന്നാമവൻ

എന്നുടെ യാഗം രക്ഷിച്ചീടുവാനിവരെ ഞാൻ
ചെന്നു കൂട്ടിക്കൊണ്ടുപോന്നീടിനേനിതുകാലം

കാടകംപുക്കനേരം വന്നൊരു നിശാചരി
താടകതന്നെയൊരുബാണം കൊണ്ടെയ്തുകൊന്നാൻ

പേടിയും തീർന്നു സിദ്ധാശ്രമവും പുക്കു യാഗ-
മാടൽകൂടാതെ രക്ഷിച്ചീടിനാൻ വഴിപോലെ

ശ്രീപാദാംബുജരജഃസ്പൃഷ്ടികൊണ്ടഹല്യതൻ
പാപവും നശിപ്പിച്ചു പാവനയാക്കീടിനാൻ

പാരമേശ്വരമായ ചാപത്തെക്കാണ്മാനുള്ളിൽ
പാരമാഗ്രഹമുണ്ടു നീയതു കാട്ടീടണം.

ഇത്തരം വിശ്വാമിത്രൻ തന്നുടെ വാക്യം കേട്ടു
സത്വരം ജനകനും പൂജിച്ചു വഴിപോലെ.

സൽക്കാരയോഗ്യന്മാരാം രാജപുത്രന്മാരെക്ക-
ണ്ടുൾക്കുരുന്നിങ്കൽ പ്രീതി വർദ്ധിച്ചു ജനകനും

തന്നുടെ സചിവനെ വിളിച്ചു നിയോഗിച്ചു
'ചെന്നു നീ വരുത്തേണമീശ്വരനുടെ ചാപം,

എന്നതുകേട്ടു മന്ത്രിപ്രവരൻ നടകൊണ്ടാ–
നന്നേരം ജനകനും കൌശികനോടു ചൊന്നാൻ

രാജനന്ദനനായ ബാലകൻ രഘുവരൻ
രാജീവവിലോചനൻ സുന്ദരൻ ദാശരഥി

വില്ലിതു കുലച്ചുടൻ വലിച്ചു മുറിച്ചീടിൽ
വല്ലഭനിവൻ മമ നന്ദനയ്ക്കെന്നു നൂനം.

എല്ലാമീശ്വരനെന്നേ ചൊല്ലാവൂതെനിക്കിപ്പോൾ
വില്ലിഹ വരുത്തീടുകെന്നരുൾചെയ്തു മുനി. 48

കിങ്കരന്മാരെ നിയോഗിച്ചിതു മന്ത്രീന്ദ്രനും
ഹുങ്കാരത്തോടുവന്നു ചാപവാഹകന്മാരും

സത്വരമയ്യായിരം കിങ്കരന്മാരും കൂടി
മൃത്യുശാസനചാപമെടുത്തുകൊണ്ടുവന്നാർ.

ഘണ്ടാസാഹസ്രമണിവസ്ത്രാദി വിഭൂഷിതം
കണ്ടാലും ത്രൈയ്യംബകമെന്നിതു മന്ത്രീന്ദ്രനും

ചന്ദ്രശേഖരനുടെ പള്ളിവിൽ കണ്ടു രാമ–
ചന്ദ്രനുമാനന്ദമുൾക്കൊണ്ടു വന്ദിച്ചീടിനാൻ.

വില്ലെടുക്കാമോ? കുലച്ചീടാമോ? വലിക്കാമോ?
ചൊല്ലുകെന്നതുകേട്ടു ചൊല്ലിനാൻ വിശ്വാമിത്രൻ

എല്ലാമാമാകുന്നതു ചെയ്താലും മടിക്കേണ്ട
കല്യാണമിതുമൂലം വന്നുകൂടീടുമല്ലോ.

മന്ദഹാസവും പൂണ്ടു രാഘവനതുകേട്ടു
മന്ദമന്ദം പോയ്ചെന്നുനിന്നു കണ്ടിതു ചാപം

ജ്വലിച്ച തേജസ്സോടുമെടുത്തു വേഗത്തോടെ
കുലച്ചുവലിച്ചുടൻ മുറിച്ചു ജിതശ്രമം

നിന്നരുളുന്നനേരമീരേഴുലോകങ്ങളു-
മൊന്നുമാറെറാലികൊണ്ടു വിസ്മയപ്പെട്ടു ജനം

പാട്ടുമാട്ടവും കൂത്തും പുഷ്പവൃഷ്ടിയുമോരോ
കൂട്ടമേ വാദ്യങ്ങളും മംഗലസ്തുതികളും

ദേവകളൊക്കെപ്പരമാനന്ദം പൂണ്ടു ദേവ-
ദേവനെസ്തുതിക്കയുമപ്സരഃസ്ത്രീകളെല്ലാം

ഉത്സാഹം കൈക്കൊണ്ടു വിശേശ്വരനുടെ വിവാ-
ഹോത്സവാരംഭഘോഷം കണ്ടു കൌതുകം പൂണ്ടാർ. 72

ജനകൻ ജഗൽസ്വാമിയാകിയ ഭഗവാനെ
ജനസംസദി ഗാഢാശ്ലേഷവും ചെയ്താനല്ലോ,

ഇടിവെട്ടീടും വണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ,

മൈഥിലി മയിൽപ്പേട പോലെ സന്തോഷം പൂണ്ടാൾ
കൌതുകമുണ്ടായ്‌വന്നു ചേതസി കൌശികനും.

മൈഥിലിതന്നെപ്പരിചാരികമാരും നിജ
മാതാക്കന്മാരും കൂടി നന്നായിച്ചമയിച്ചാർ.

സ്വർണ്ണവർണ്ണത്തെപ്പൂണ്ട മൈഥിലി മനോഹരി
സ്വർണ്ണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ

സ്വർണ്ണമാലയും ധരിച്ചാദരാൽ മന്ദമന്ദ-
മർണ്ണോജനേത്രൻമുമ്പിൽ സത്രപം വിനീതയായ് 84

വന്നുടൻ നേത്രോല്പലമാലയുമിട്ടാൾമുന്നേ
പിന്നാലെ വരണാർത്ഥമാലയുമിട്ടീടിനാൾ.

മാലയും ധരിച്ചു നീലോല്പലകാന്തിതേടും
ബാലകൻ ശ്രീരാമനുമേററവും വിളങ്ങിനാൻ.

ഭൂമിനന്ദനസ്സൂനുരൂപനായ് ശോഭിച്ചീട്ടും
ഭൂമിപാലകബാലൻതന്നെക്കണ്ടവർകളും

ആനന്ദാംബുധിതന്നിൽ വീണുടൻ മുഴുകിനാർ
മാനവവീരൻ വാഴ്കെന്നാശിസ്സും ചൊല്ലീടിനാർ.

അന്നേരം വിശ്വാമിത്രൻതന്നോടു ജനകനും
വന്ദിച്ചു ചൊന്നാനിനിക്കാലത്തെക്കളയാതെ

പത്രവും കൊടുത്തയച്ചീടണം ദൂതന്മാരെ
സത്വരം ദശരഥഭൂപനെ വരുത്തുവാൻ. 96

വിശ്വാമിത്രനും മിഥിലാധിപൻതാനുംകൂടി
വിശ്വാസം ദശരഥൻതനിക്കു വരുംവണ്ണം

നിശ്ശേഷവൃത്താന്തങ്ങളെഴുതിയയച്ചിതു
വിശ്രമത്തോടു നടകൊണ്ടിതു ദൂതന്മാരും.

സന്ദേശം കണ്ടു പംക്തിസ്യന്ദനൻതാനുമിനി
സന്ദേഹമില്ലപുറപ്പെട്ടുകെന്നുരചെയ്തു

അഗ്നിമാനുപാദ്ധ്യായനാകിയവസിഷ്ഠനും
പത്നിയാമരുന്ധതിതാനുമായ് പുറപ്പെട്ടു.

കൗതുകംപൂണ്ടു ചതുരംഗവാഹിനിയോടും
കൗസല്യാദികളായ ഭാര്യമാരോടുംകൂടി

ഭരതശത്രുഘ്നന്മാരാകിയ പുത്രന്മാരും
പരമോത്സവയോഗ്യവാദ്യഘോഷങ്ങളോടും 108

മിഥിലാപുരമകം പുക്കിതു ദശരഥൻ
മിഥിലാധിപൻതാനും ചെന്നെതിരേററുകൊണ്ടാൻ

വന്ദിച്ചു ശതാനന്ദൻ തന്നോടും കൂടെച്ചെന്നു
വന്ദ്യനാം വസിഷ്ഠനെത്തദനു പത്നിയേയും.

അർഘ്യപാദ്യാദികളാലർച്ചിച്ചു യഥാവിധി
സൽക്കരിച്ചിതു യഥായോഗ്യമുർവ്വീന്ദ്രൻതാനും

രാമലക്ഷ്മണന്മാരും വന്ദിച്ചു പിതാവിനെ
സാമോദം വസിഷ്ഠനാമാചാര്യപാദാബ്ജവും

തൊഴുതു മാതൃജനങ്ങളെയും യഥാക്രമം
തൊഴുതു ശ്രീരാമപാദാംഭോജമനുജന്മാർ

തൊഴുതു ഭരതനെ ലക്ഷ്മണകുമാരനും
തൊഴുതു ശത്രുഘ്നനും ലക്ഷ്മണപാദാംഭോജം,

വക്ഷസി ചേർത്തു താതൻ രാമനെപ്പുണർന്നിട്ടു
ലക്ഷ്മണനെ ഗാഢാശ്ലേഷവുംചെയ്തു നൃപൻ

ജനകൻ ദശരഥൻതന്നുടെ കൈയുംപിടി-
ച്ചനുമോദത്തോടുരചെയ്തിതു മധുരമായ്

നാലു കന്യകമാരുണ്ടെനിക്കു കൊടുപ്പാനായ്
നാലുപുത്രന്മാർ ഭവാൻതനിക്കുണ്ടല്ലോ താനും

ആകയാൽ നാലുകുമാരന്മാർക്കു വിവാഹം ചെ-
യ്താകിലോ നിരൂപിച്ചാലേതുമേ മടിക്കേണ്ടാ.

വസിഷ്ഠൻതാനും ശതാനന്ദനും കൗശികനും
വിധിച്ചു മുഹൂർത്തവും നാൽവർക്കും യഥാക്രമം

ചിത്രമായിരിപ്പൊരു മണ്ഡപമതും തീൎത്തു
മുത്തുമാലകൾ പുഷ്പഫലങ്ങൾ തൂക്കി നാനാ-

രത്നമണ്ഡിതസ്തംഭതോരണങ്ങളും നാട്ടി
രത്നമണ്ഡിതസ്വൎണ്ണപീഠവും വച്ചു ഭക്ത്യാ

ശ്രീരാമപാദാംഭോജം കഴകിച്ചനന്തരം
ഭേരിദുന്ദുഭിമുഖ്യ വാദ്യഘോഷങ്ങളോടും

ഹോമവും കഴിച്ചു തൻ പുത്രിയാം വൈദേഹിയെ
രാമനു നൽകീടിനാൻ ജനകമഹീന്ദ്രനും

തല്പാദതീൎത്ഥം നിജശിരസി ധരിച്ചുട-
നൽപുളകാംഗത്തോടെ നിന്നിതു ജനകനും

യാതൊരു പാദതീർത്ഥം ശിരസി ധരിക്കുന്നു
ഭൂതേശവിധിമുനീന്ദ്രാദികൾ ഭക്തിയോടെ.

ഊൎമ്മിളതന്നെ വേട്ട ലക്ഷ്മണകുമാരനും
കാമ്യാംഗിമാരാം ശ്രുതകീൎത്തിയും മാണ്ഡവിയും

ഭരതശത്രുഘ്നന്മാർ തന്നുടെ പത്നിമാരാ-
യ്പരമാനന്ദം പൂണ്ടു വസിച്ചാരെല്ലാവരും.

കുശികാത്മജനോടും വസിഷ്ഠനോടും കൂടി
വിശദസ്മിതപൂൎവ്വം പറഞ്ഞു ജനകനും:-

"മുന്നം നാരദനരുൾചെയ്തു കേട്ടിരിപ്പൂ ഞാ-
നെന്നുടെ മകളായ സീതാവൃത്താന്തമെല്ലാം

യാഗഭൂദേശം വിശുദ്ധ്യൎത്ഥമായുഴുതപ്പോ-
ളേകദാ യദൃച്ഛയാ കാണായി കന്യാരത്നം

ജാതയായൊരു ദിവ്യകന്യക തനിക്കു ഞാൻ
സീതയെന്നൊരു നാമം വിളിച്ചേനതു മൂലം

പുത്രിയായ വളർത്തു ഞാനിരിക്കും കാലത്തിങ്ക-
ലത്ര നാരദനെഴുന്നള്ളിനാനൊരു ദിനം

എന്നോടു മഹാമുനിതാനരുൾചെയ്താനപ്പോൾ
നിന്നുടെ മകളായ സീതാവൃത്താന്തം കേൾ നീ:—

പരമാനന്ദമൂർത്തി ഭഗവാൻ നാരായണൻ
പരമാത്മാവാമജൻ ഭക്തവത്സലൻ നാഥൻ,

ദേവകാര്യാർത്ഥം പങ്‌ക്തികണ്ഠനിഗ്രഹത്തിന്നായ്
ദേവേന്ദ്രവിരിഞ്ചരുദ്രാദികളർത്ഥിക്കയാൽ

ഭൂമിയിൽ സൂര്യാന്വയേ വന്നവതരിച്ചിതു
രാമനായ് മായാമർത്ത്യവേഷംപൂണ്ടറിഞ്ഞാലും.

യോഗേശൻ മനുഷ്യനായീടുംപോഴിതുകാലം
യോഗമായാദേവിയും മാനുഷവേഷത്തോടെ

ജാതയായിതു തവ വേശ്മനി തൽക്കാരണാൽ
സാദരം ശ്രീരാമനു കൊടുക്ക മടിയാതെ

ഇത്ഥം നാരദനരുളിച്ചെയ്തു മറഞ്ഞിതു
പുത്രിയായ് വളർത്തിതു ഭക്തികൈക്കൊണ്ടു ഞാനും

സീതയെ ശ്രീരാഘവനെങ്ങനെ കൊടുക്കാവൂ
ചേതസി നിരൂപിച്ചാലെങ്ങനെയറിയുന്നു.

എന്നതോർത്തിരിക്കുമ്പോഴൊന്നു മാനസേ തോന്നി-
പ്പന്നഗവിഭൂഷണൻതന്നനുഗ്രഹശക്ത്യാ

മൃത്യുശാസനചാപം മുറിച്ചീടുന്ന പുമാൻ
ഭർത്താവാകുന്നതു മൽപ്പുത്രിയ്ക്കെന്നൊരു പണം

ചിത്തത്തിൽ നിരൂപിച്ചു വരുത്തി നൃപന്മാരെ
ശക്തിയില്ലിതിനെന്നു പൃഥ്വീപാലകന്മാരും

ഉദ്ധതഭാവമെല്ലാമകലെക്കളഞ്ഞുടൻ
ബുദ്ധിയുംകെട്ടു പോയങ്ങടങ്ങിക്കൊണ്ടാരല്ലൊ. 180

അത്ഭുതപുരുഷനാമുല്പലനേത്രൻ തന്നെ
തൽപ്രസാദത്താലിന്നു സിദ്ധിച്ചേൻ ഭാഗ്യവശാൽ

ദർപ്പകസമനായ ചിൽപ്പുരുഷനെ നോക്കി
പിൽപ്പാട്ടു തെളിഞ്ഞുരചെയ്തിതു ജനകനും.

അദ്യ മേ സഫലമായ് വന്നു മാനുഷജന്മം
ഖദ്യോതായുതസഹസ്രോദ്യോതരൂപത്തോടും

ഖദ്യോതാന്വയേ പിറന്നൊരു നിന്തിരുവടി
വിദ്യുൽസംയുതമായ ജീമൂതമെന്നപോലെ

ശക്തിയാം ദേവിയോടും യുക്തനായ് കാൺക മൂലം
ഭക്തവത്സല, മമ സിദ്ധിച്ചു മനോരഥം

രക്തപങ്കജചരണാഗ്രേ സന്തതം മമ
ഭക്തി സംഭവിക്കേണം, മുക്തിയും ലഭിക്കേണം. 192

തൽപ്പാദാംബുജഗളിതാംബുവിന്ദുക്കൾ ധരി–
ച്ചുല്ലലോൽഭവൻ ജഗത്തൊക്കവേ സൃഷ്ടിക്കുന്നു

തൽപ്പാദാംബുജഗളിതാംബുധാരണംകൊണ്ടു
സർപ്പഭൂഷണൻ ജഗത്തൊക്കെ സംഹരിക്കുന്നു.

ത്വൽപ്പാദാംബുജഗളിതാംബുധാരണംകൊണ്ടു
സൽപുമാൻ മഹാബലി സിദ്ധിച്ചാനെന്നും പദം

ത്വൽപ്പാദാംബുജരജഃസ്പൃഷ്ടികൊണ്ടഹല്യയും
കിൽബിഷത്തൊട്ടു വേറുപെട്ടു നിർമ്മലയായാൾ.

നിന്തിരുവടിയുടെ നാമകീർത്തനം കൊണ്ടു
ബന്ധവുമകന്നു മോക്ഷത്തെയും ലഭിക്കുന്നു

സന്തതം യോഗസ്ഥന്മാരാകിയ മുനീന്ദ്രന്മാർ
ചിന്തിക്കായ്‌വരേണമേ പാദപങ്കജദ്വയം. 204

ഇത്ഥമോരോന്നേ ചൊല്ലി സ്തുതിച്ചു ജനകനും
ഭക്തികൈക്കൊണ്ടു കൊടുത്തീടിനാൻ മഹാധനം

കരികളറുന്നൂറും പതിനായിരം തേരും
തുരഗങ്ങളേയും നൽകീടിനാൻ നൂറായിരം

പത്തിയുമൊരുലക്ഷം മുന്നൂറു ദാസികളും
വസ്ത്രങ്ങൾ ദിവ്യങ്ങളായുള്ളതും ബഹുവിധം

മുത്തുമാലകൾ ദിവ്യരത്നങ്ങൾ പലതരം
പ്രത്യേകം നൂറുകോടിക്കാഞ്ചനഭാരങ്ങളും

സീതാദേവിക്കു കൊടുത്തീടിനാൻ ജനകനും
പ്രീതി കൈക്കൊണ്ടു പരിഗ്രഹിച്ചാൻ രാഘവനും.214

# ലങ്കാദഹനം

[ശ്രീരാമദൂതനായി ലങ്കയിലെത്തി സീതാദേവിയെ സന്ദർശിച്ചു സമാശ്വസിപ്പിച്ചശേഷം ഹനൂമാൻ രാവണന്റെ ഉദ്യാനമെല്ലാം തല്ലിത്തകർത്തു. എതിർത്തുചെന്ന രാക്ഷസന്മാരെ—രാവണപുത്രനായ അക്ഷകുമാരനടക്കം — കൊന്നൊടുക്കി. ഒരു കുരങ്ങിൽനിന്നുണ്ടായ അനർത്ഥങ്ങൾ ആ പ്രതാപലങ്കേശ്വരനെ ലജ്ജാപരവശനാക്കി. ഒടുവിൽ ഇന്ദ്രജിത്ത് ബ്രഹ്മാസ്ത്രം പ്രയോഗിച്ച് വായുപുത്രനെ പിടിച്ചുകെട്ടി രാവണസന്നിധിയിലെത്തിച്ചു. അതും ഒരു വിനോദമായിട്ടാണ് മാരുതി കരുതിയത്. രാക്ഷസന്മാരുടെ ചോദ്യങ്ങൾക്കു മറുപടിയായി രാമമാഹാത്മ്യമത്രേ ഹനൂമാൻ വിസ്തരിച്ചത്. മാത്രമല്ല, പാപത്തിനെല്ലാം പ്രായശ്ചിത്തം ചെയ്ത് "വൈകുണ്ഠലോകം ഗമിക്കാൻ" വഴിനോക്കിക്കൊള്ളാനും രാവണനെ ഉപദേശിച്ചു. അതു-കേട്ട് രാവണൻ കോപിഷ്ഠനാവുകയാണ്.

അദ്ധ്യാത്മരാമായണം സുന്ദരകാണ്ഡത്തിൽ നിന്നെടുത്തതാണ് ഈ ഭാഗം.]

അമൃതസമവചനമിതി പവനതനയോദിത-
മത്യന്തരോഷേണ കേട്ടു ദശാനനൻ

നയനമിരുപതിലുമഥ കനൽചിതറുമാറുടൻ
നന്നായുരുട്ടിമിഴിച്ചു ചൊല്ലീടിനാൻ :-

"തിലസദൃശമിവനെയിനി വെട്ടിനുറുക്കുവിൻ
ധിക്കാരമിത്ര കണ്ടീല മററാർക്കുമേ

മമ നികടഭുവി വടിവൊടൊപ്പമിരുന്നു മാം
മറെറാരു ജന്തുക്കളിങ്ങനെ ചൊല്ലുമോ ?

ഭയവുമൊരു വിനയവുമിവന്നു കാണ്മാനില്ല
പാപിയായോരു ദുഷ്ടാത്മാ ശാന്നിവൻ

കഥയ മമ കഥയ മമ രാമനെന്നൊരു ചൊൽ ?
കാനനവാസി സുഗ്രീവനെന്നാരെടോ!

അവരെയുമനന്തരം ജാനകിതന്നെയു-
മത്യന്തദുഷ്ടനാം നിന്നെയും കൊല്ലുവൻ."

ദശവദനവചനമിതി കേട്ടു കോപം പൂണ്ടു
ദന്തം കടിച്ചു കപീന്ദ്രനും ചൊല്ലിനാൻ :—

"നിനവു തവ മനസി പെരുതെത്രയും നന്ദ, നീ
നിന്നോടെതിരൊരു നൂറുനൂറായിരം

രജനിചരകുലപതികളായ് ഞെളിഞ്ഞുള്ളൊരു
രാവണന്മാരൊരുമിച്ചെതിർത്തീടിലും

നിയതമിതു മമ ചെറുവിരൽക്കു പോരാ പിന്നെ
നീയെന്തുചെയ്യുന്നതെന്നോടു കശ്മലാ !"

പവനസുതവചനമിതികേട്ടു ദശാസ്യനും
പാർശ്വസ്ഥിതന്മാരൊടാശു ചൊല്ലീടിനാൻ :—

"ഇവിടെ നിശിചരരൊരുവരായുധപാണിയാ-
യില്ലയോ കള്ളനെക്കൊല്ലുവാൻ ചൊല്ലുവിൻ ?"

അതുപൊഴുതിലൊരുവനവനോടടുത്തീടിനാ-
നപ്പോൾ വിഭീഷണൻ ചൊല്ലിനാൻ മെല്ലവേ :

'അരുതരുതു ദുരിതമിതു ദൂതനെക്കൊല്ലുകെ-
ന്നാർക്കുമുള്ളു നൃപന്മാർക്കു ചൊല്ലീടുവിൻ.

ഇവനെ വയമിവിടെ വിരവോടു കൊന്നീടിനാ-
ലെങ്ങനെയങ്ങറിയുന്നിതു രാഘവൻ.

അതിന്നു പുനരിവനൊരടയാളമുണ്ടാക്കി നാ-
മങ്ങയയ്ക്കേണമതല്ലോ നൃപോചിതം."

ഇതി സദസി ദശവദനസഹജവചനേന താ-
നെങ്കിലതങ്ങനെ ചെയ്യുന്നു ചൊല്ലിനാൻ.

"വദനമപി കരചരണമല്ല ശൗര്യാസ്പദം
വാനരന്മാൎക്കു വാൽമേൽ ശൗര്യമാകുന്നു

വയമതിന്നു ഝടിതി വസനേന വാൽ വേഷ്ടിച്ചു
വഹ്നി കൊളുത്തിപ്പുരത്തിലെല്ലാടവും

രജനിചരപരിവൃഢരെടുത്തു വാദ്യം കൊട്ടി
രാത്രിയിൽ വന്നൊരു കള്ളനെന്നിങ്ങനെ

നിഖിലദിശി പലരുമിഹ കേൾക്കുമാറുച്ചത്തിൽ
നീളെ വിളിച്ചു പറഞ്ഞു നടത്തുകിൽ

കുലഹതകനിവനറിക നിസ്സ്വജനെന്നു തൻ
കൂട്ടത്തിൽനിന്നു നീക്കീടും കപികുലം,"

തിലരസഘൃതാദിസംസിക്തവസ്ത്രങ്ങളാൽ
തീവ്രം തെരുതെരെച്ചുററും ദശാന്തരേ

അതുലബലനചലതരമവിടെ മരുവീടിനാ-
നത്യായതസ്ഥൂലമായിതു വാൽ തദാ

വസനഗണമഖിലവുമൊടുങ്ങിച്ചമഞ്ഞിതു
വാലുമതീവ ശേഷിച്ചിതു പിന്നെയും.

നിഖിലനിലയനനിഹിതപട്ടാംബരങ്ങളും
നീളെത്തിരഞ്ഞുകൊണ്ടന്നു ചുററിനാർ

അതുമുടനൊട്ടങ്ങി വാൽ ശേഷിച്ചുകണ്ടള-
വങ്ങുമിങ്ങും ചെന്നുകൊണ്ടുവന്നീടിനാർ.

തിലജഘൃതസുസ്നേഹസംസിക്തവസ്ത്രങ്ങൾ
ദിവ്യപട്ടാംശുകജാലവും ചുററിനാർ.

വികൃതിപെരുതിവനു വസനങ്ങളില്ലൊന്നിനി
സ്നേഹവുമെല്ലാമൊട്ടങ്ങീതശേഷവും

അലമലമിതമലനിവനെത്രയും ദിവ്യനി-
താക്കതോന്നീ വിനാശത്തിനെന്നാർ ചിലർ

അനലമിഹവസനമിതി,നനലമിനിവാലധി-
യ്ക്കാശു കൊളുത്തുവിൻ വൈകരുതേതുമേ.

പുനരവരുമതുപൊഴുതു തീകൊളുത്തീടിനാർ
പുച്ഛാഗ്രദേശ പുരന്ദരാരാതികൾ

ബലസഹിതമബലമിവ രജ്ജുഖണ്ഡം കൊണ്ടു
ബദ്ധ്വാ ദൃഢതരം ധൃത്വാ കപിവരം

കിതവമതികളുമിതൊരു കള്ളനെന്നിങ്ങനെ
കൃത്വാ രവമരം ഗത്വാ പുരവരം

പറകളെയുമുടനുടനെറഞ്ഞറഞ്ഞങ്ങനെ
പശ്ചിമദ്വാരദേശേ ചെന്നനന്തരം,

പവനജനുമതികൃശശരീരനായീടിനാൻ
പാശവുമപ്പോൾ ശിഥിലമായ് വന്നിതു

ബലമൊടവനതിചപലമചലനിഭഗാത്രനായ്
ബന്ധവും വേർപെട്ടു മേല്പോട്ടുപൊങ്ങിനാൻ,

ചരമഗിരിഗോപുരാഗ്രേ വായുവേഗേന
ചാടിനാൻ വാഹകന്മാരെയും കൊന്നവൻ

ഉഡുപതിയൊട്ടരസുമഭവ്യയരമിയലുന്ന ര–
ത്നോത്തുംഗസൗധാഗ്രമേറിമേവീടിനാൻ.

ഉദവസിതനികരമുടനുടനുപരിവേഗമോ–
ട്ടൽപ്ലുത്യ പിന്നെയുമുൽപ്ലുത്യ സത്വരം

കനകമണിമയനിലയമഖിലമനിലാത്മജൻ
കത്തിച്ചുകത്തിച്ചു വർദ്ധിച്ചിതഗ്നിയും. 84

പ്രകൃതിചപലതയൊടവനചലമോരോ മണി–
പ്രാസാദജാലങ്ങൾ ചുട്ടുതുടങ്ങിനാൻ

ഗജതുരഗരഥബലപദാതികൾ പംക്തിയും
ഗമ്യങ്ങളായുള്ള രമ്യഹർമ്മ്യങ്ങളും.

അനലശിഖകളുമനിലസുതഹൃദയവും തെളി–
ഞ്ഞാഹന്ത, വിഷ്ണുപദം ഗമിച്ചു തദാ

വിബുധപതിയോടു നിശിചരാലയം വെന്തൊരു
വൃത്താന്തമെല്ലാമറിയിച്ചുകൊള്ളുവാൻ

അഹമഹമികാധിയാ പാവകജ്വാലക–
ളംബരത്തോളമുയർന്നുചെന്നു മുദാ.

ഭുവനതലഗതവിമലദിവ്യരത്നങ്ങളാൽ
ഭൂതിപരിപൂർണ്ണമായുള്ള ലങ്കയും 96

പുനരനിലസുതനിതി ദഹിപ്പിച്ചിതെങ്കിലും
ഭൂതിപരിപൂർണ്ണമായ് വന്നിതത്ഭുതം.

ദശവദനസഹജഗൃഹമെന്നിയേ മററുള്ള
ദേവാരിഗേഹങ്ങൾ വെന്തുകൂടി ജവം

രഘുകുലപതിപ്രിയഭൃത്യനാം മാരുതി
രക്ഷിച്ചുകൊണ്ടാൻ വിഭീഷണമന്ദിരം

കനകമണിമയനി യനികരമതു വെന്തൊരാ–
കാമിനീവർഗ്ഗം വിലാപം തുടങ്ങിനാർ.

ചികുരഭരവസനചരണാദികൾ വെന്താശു
ജീവനുംവേർപെട്ടു ഭൂമൗ പതിക്കയും

ഉടലുരുകിയുരുകിയുടനുഴറിയലറിപ്പാഞ്ഞു–
മുന്നതമായ സൗധങ്ങളിലേറിയും

ദഹനനുടനെവിടെയുമടുത്തു ദഹിപ്പിച്ചു
തഴുത്തു വീണുപിടഞ്ഞുമരിക്കയും

മമതനയ! രമണ! ജനക! പ്രാണനാഥ! ഹാ,
മാമകം കർമ്മമയ്യോ! വിധി, ദൈവമേ!

മരണമുടനുടലുരുകിമുറുകിവരികെന്നതു
മാററുവാനാരുമില്ലയ്യോ! ശിവ! ശിവ!

ദുരിതമിതു രജനിചരവരവിരചിതം ദൃഢം
മറെറാരുകാരണമില്ലിതിനേതുമേ

പരധനവുമമിതപരദാരങ്ങളും ബലാൽ
പാപി ദശാസ്യൻ പരിഗ്രഹിച്ചാൻ തുലോം

അറികിലനുചിതമതു മദേന ചെയ്തീടായ്‌വി–
നാരുമതിന്റെ ഫലമിതുനിർണ്ണയം

മനുജതരുണിയെയൊരുമഹാപാപി കാമിച്ചു
മററുള്ളവർക്കുമാപത്തായിതിങ്ങനെ

സുകൃതദുരിതങ്ങളും കാര്യമകാര്യവും
സൂക്ഷിച്ചുചെയ്തുകൊള്ളേണം ബുധജനം

മദനശരപരവശതയൊട്ടു ചപലനായി വ-
ന്മാഹാത്മ്യമുള്ള പതിവ്രതമാരെയും

കരബലമൊടനുദിനമണഞ്ഞുപിടിച്ചതി-
കാമി ചാരിത്രഭംഗം വരുത്തീടിനാൻ

അവർമനസി മരുവിന തപോമയപാവക-
നദ്യ രാജ്യ പിടിപെട്ടിതു കേവലം

നിശിചരികൾ ബഹ്വവിധമൊരോന്നേ പറകയും
നില്ലുംനിലയിലേ വെന്തുമരിക്കയും

ശരണമിഹ കിമിതി പലവഴിയുമുടനോടിയും
ശാഖികൾ വെന്തുമുറിഞ്ഞുടൻ വീഴ്കയും

രഘുകുലവരേഷ്ടദൂതൻ ത്രിയാമാചര-
രാജ്യമെഴനൂറുയോജനയും ക്ഷണാൽ

സരസബഹുവിഭവയുതഭോജനം നൽകിനാൻ
സന്തുഷ്ടനായിതു പാവകദേവനും

ലഘ്വതരമനിലതനയനമൃതന്നിധിതന്നിലേ
ലാംഗുലവുംതച്ച തീപൊലിച്ചീടിനാൻ.

പവനജനു ദഹനനപി ചുട്ടതില്ലേതുമേ
പാവകനിഷ്ടസഖനാക കാരണം

പതിനിരതയാകിയ ജാനകീദേവിയാൽ
പ്രാർത്ഥിതനാകയാലും കരുണാവശാൽ

അവനിതനയാകൃപാവൈഭവമത്ഭുത-
മത്യന്തശീതളനായിതു വഹ്നിയും

രജനിചരകുലവിപിനപാവകനാകിയ
രാമനാമസ്തുതികൊണ്ടു മഹാജനം

തനയധനദാരമോഹാൽത്തരെന്നാകിലും
താപത്രയാനലനെക്കടന്നീടുന്നു

തദഭിമതകാരിയായുള്ളു ദൂതനു സ-
ന്താപം പ്രകൃതാനലേന ഭവിക്കുമോ?

ഭവതി യദി മനുജജനനം ഭുവി സാംപ്രതം
പങ്കജലോചനനെബ്ഭജിച്ചീടുവിൻ

ഭുവനപതി ഭുജഗപതിശയനഭജനം ഭുവി
ഭൂതദൈവാത്മസംഭൂതതാപാപഹം. 156

തദനു കപികുലവരനുമവനിതനയാപദം
താണു തൊഴുതു നമസ്കൃത്യ ചൊല്ലിനാൻ :-

"അഹമിനിയുമുഴറിനടകൊള്ളുവനക്കര-
യ്ക്കാജ്ഞാപയാശു ഗച്ഛാമി രാമാന്തികം

രഘുവരനുമവരജനുമരുണജനുമായ് ദ്രുത-
മാഗമിച്ചീടുമനന്തസേനാസമം

മനസി തവ ചെറുതു പരിതാപമുണ്ടാകൊലാ
മദ്ഭരം കാര്യമിനിജ്ജനകാത്മജേ."

തൊഴുതമിതവിനയമിതിചൊന്നവൻതന്നോടു
ദുഃഖമുൾക്കൊണ്ടു പറഞ്ഞിതു സീതയും

"മമരമണചരിതമുരചെയ്തു നിന്നെക്കണ്ടു
മാനസതാപമകന്നിതു മാമകം. 168

കഥമിനിയുമഹമിഹ വസാമി ശോകേന മൽ-
കാന്തവൃത്താന്തശ്രവണസൗഖ്യം വിനാ"

ജനകനൃപദുഹിതൃഗിരമിങ്ങിനെ കേട്ടവൻ
ജാതാനുകമ്പം തൊഴുതു ചൊല്ലീടിനാൻ
"കളക ശുചമിനിവിരഹമലമതിനുടൻ മമ
സ്കന്ധമാരോഹ ക്ഷണേന ഞാൻ കൊണ്ടുപോയ്
തവ രമണസവിധമുപഗമ്യ യോജിപ്പിച്ചു
താപമശേഷമദ്യൈവ തീർത്തീട്ടുവൻ."
പവനസുതവചനമിതി കേട്ട വൈദേഹിയും
പാരം പ്രസാദിച്ചു പാർത്തു ചൊല്ലീടിനാൾ
"അതിനു തവ കരുതുമളവില്ലൊരുദണ്ഡമെ-
ന്നാത്മനി വന്നിതു വിശ്വാസമദ്യ മേ
ശുഭചരിതനതിബലമൊടാശു ദിവ്യാസ്ത്രേണ
ശോഷണബന്ധനാദ്യൈരപി സാഗരം
കപികുലബലേന കടന്നു ജഗത്ത്രയ-
കണ്ടകനെക്കൊന്നു കൊണ്ടുപോകാശു മാം
മറിവൊടൊരു നിശി രഹസി കൊണ്ടുപോയാലതു
മൽപ്രാണനാഥകീർത്തിക്കു പോരാ ദൃഢം
രഘുകുലജവരനിവിടെ വന്നുയുദ്ധംചെയ്തു
രാവണനെക്കൊന്നു കൊണ്ടുപൊയ്ക്കൊള്ളുവാൻ
അതിരഭസമയി തനയ! വേലചെയ്തീട്ട നീ-
യത്രനാളും ധരിച്ചീടുവൻ ജീവനെ"
ഇതിസമയമവനൊടരുൾചെയ്തയച്ചീടിനാ-
ളിന്ദിരാദേവിയും പിന്നെ വാതാത്മജൻ
തൊഴുതഖിലജനനിയൊടു യാത്രവഴങ്ങിച്ചു
ളൂർണ്ണം മഹാർണ്ണവം കണ്ടു ചാടീടിനാൻ.

# ഗാന്ധാരീവിലാപം

[ഭാരതയുദ്ധത്തിൽ കൗരവവംശം മുഴുവനും മുടിഞ്ഞപ്പോൾ ധൃതരാഷ്ട്രമന്നവൻ പരവശനായി. 'മക്കൾ മരിച്ച ദുഃഖത്തിലാണ്ടു കേഴുന്ന' അന്ധരാജാവിനെ വിദുരരും വ്യാസനും തത്ത്വജ്ഞാനോപദേശംകൊണ്ടു് ഒരുവിധം സമാശ്വസിപ്പിച്ചു. രാജധാനിയിലെ നാരീജനങ്ങൾ 'ഭർത്തൃപുത്രാദികളൊക്കെ മരിക്കയാൽ' അലമുറയിടുകയാണു്. ആ സമയം ശ്രീകൃഷ്ണന്റെ നിർദ്ദേശമനുസരിച്ചു് ധർമ്മപുത്രൻ അനുജന്മാരോടുകൂടി വലിയച്ഛനെ വന്ദിക്കാനെത്തുന്നു. 'ധൃതരാഷ്ട്രാലിംഗന'ത്തിനുശേഷം പാണ്ഡവന്മാർ ഗാന്ധാരിയെക്കണ്ടു വണങ്ങുവാൻ ഭഗവാനോടുകൂടി പുറപ്പെടുകയാണു്. മഹാഭാരതം സ്ത്രീപർവ്വത്തിൽ നിന്നു് എടുത്തതു്.]

•

കാന്തവിലോചനമാരുമായ് പാണ്ഡവർ
ഗാന്ധാരിയെത്തൊഴുവാൻ നടന്നീടിനാർ.

അപ്പോൾ പരാശരപുത്രനാം വ്യാസനും
മുല്പാടു ഗാന്ധാരിയെക്കണ്ടു ചൊല്ലിനാൻ.

ശാപം കൊടുക്കൊലാ പാണ്ഡവന്മാർക്കു നീ
താപം വരുത്തൊലാ മേലിലുമേതുമേ

കോപമാകുന്നതു വിത്തെന്നറിയണം
പാപമാകുന്ന മരാമരത്തിന്നെടോ

നിർമ്മലന്മാരായ ധർമ്മജന്മാദികൾ
സമ്മതമുള്ളവർ നിന്നുടെമക്കളെ-

നന്മയോടെ ധരിച്ചീടുക മററിനി-
ക്കൎമ്മമത്രേ കരഞ്ഞെന്തിനിക്കാരിയം

നിൎമ്മലമാനസയാകിയ നീയിനി-
ക്കല്മഷം തീൎപ്പാനുപായവും ചിന്തിച്ചു

കൎമ്മവിച്ഛേദംവരാതെ നിരന്തരം
ധൎമ്മങ്ങളുംചെയ്തു ബന്ധുജനത്തൊടും

ഭൎത്തൃശുശ്രൂഷയും ചെയ്തു സുതരുമാ-
യത്തൽകളഞ്ഞു വസിക്കയെന്നിങ്ങനെ

സത്യവതീസുതനായ തപോധനൻ
ചിത്തവിഷാദം കളഞ്ഞോരനന്തരം

വന്നവണങ്ങിനാൻ ധൎമ്മജനാദികൾ
നന്നായണച്ചവളും തഴുകീടിനാൾ 24

ഗാന്ധാരിതന്നുടെ ദൃഷ്ടിപാതത്താൽ കൃ-
താന്താത്മജനും കുനഖിയായ് വന്നിതു

കുന്തിയേയും തൊഴുതീടിനാനാദരാൽ
ചിന്തതെളിഞ്ഞവളും തഴുകീടിനാൾ

അന്നേരമാകുലപ്പെട്ടു തൊഴിച്ചല-
ച്ചിന്ദീവരാക്ഷിയാം ദ്രൗപതി വന്നിതു.

മററുസുഭദ്രയുമുത്തരയും കര-
ഞ്ഞുററവരായുള്ള നാരീജനങ്ങളും

ചുററും പിടിച്ചുമിടിച്ചുംതൊഴിച്ചുമ-
ങ്ങററമില്ലാതൊരുദുഃഖം മുഴുക്കയാൽ

ഉററവരെച്ചൊല്ലി വാവിട്ടലറിയു-
മിററിററുകണ്ണുനീർ വീണങ്ങൊഴുകിയും

വീണുമുരുണ്ടുപുരണ്ടും പലതരം
കേണും കിഴിഞ്ഞഴിഞ്ഞംബരം താങ്ങിയും

കേശമഴിഞ്ഞുപൊടികൊണ്ടണിഞ്ഞുമുൾ-
ക്ലേശംപൊറാഞ്ഞു നടുങ്ങിയുമങ്ങനെ

കുന്തിയെക്കണ്ടു പുണർന്നാശു പാഞ്ചാലി
സന്തതമോലുന്ന കണ്ണുനീരോടുകൂ-

ടമ്മേ! ചതിച്ചാരൊരൈവർകുമാരരും
പൊന്മകനാമഭിമന്യുവുമിങ്ങനെ

എന്നോടുകൂടിപ്പിറന്നധൃഷ്ടദ്യുമ്ന-
നെന്നയീവണ്ണം കരയുമാറാക്കിനാൻ

ഭാഗ്യമില്ലാതെ പെണ്ണുങ്ങൾക്കുമുമ്പെനി-
ക്കാക്കിച്ചമച്ചിതോ ദൈവം വിധിവശാൽ

അമ്മേ സുബലജേ! നിർമ്മലേ! ഗാന്ധാരി!
ചെമ്മേ പൊറുക്കുന്നതെങ്ങനെ ഞാനയ്യോ!

എന്റെന്മകളെ! നീയെന്നെ നിരൂപിക്ക
ചിന്തിക്കിലെന്തു ശരണമെനിക്കിനി

അന്ധനാകുന്നൊരു ഭർത്താവുതന്നെയു-
മന്ത്യകാലത്തിങ്കലാരോ ഭരിപ്പതും

ഉത്തമയായുള്ള കുന്തിയും കൃഷ്ണയു-
മുത്തരയോടു സുഭദ്ര ഗാന്ധാരിയും

തങ്ങളെക്കൂടെമറന്നാരഴൽകൊണ്ടു
തങ്ങളിൽ തങ്ങളിൽ നന്നായ്ത്തഴകിയും

കണ്ണുനീർ വീണുനിറഞ്ഞ നിലത്തുരു-
ണ്ടുണ്ണീ! മകനേ! സഹോദരാ! വല്ലഭാ!

ഞങ്ങളെ വൈകാതെ കൊണ്ടുപൊയ്ക്കൊള്ളുവി-
നിങ്ങനെയെന്തിനു ഞങ്ങളിരിക്കുന്നു

നിങ്ങൾക്കൂടാതെ നിമിഷം പൊറുക്കുമോ
നിങ്ങളെ ഞങ്ങളിനിയെന്നു കാണുന്നു,

ഇത്തരം ചൊല്ലിക്കരയുന്നനേരത്തു
ചിത്തമുഴന്നൊരു ഗാന്ധാരി ചൊല്ലിനാൾ

പോക കുരുക്ഷേത്രമാകിയ ഭൂമിയ്ക്കിൽ
പോരിൽ മരിച്ചാരവർകളെന്നാകിലും

കാണാമവരുടൽമേലിലൊരുകുറി
കാണണമെന്നുതോന്നീടുകിലാവതോ?

പോരിക വൈകരുതേതുമിനിയുടൻ
പോരിൽമരിച്ചവരെക്കണ്ടുകൊള്ളുവാൻ.

എന്തിനിവളുള്ളിലിങ്ങനെ തോന്നിച്ച-
തെൻപെരുമാനെന്നതാക്കറിഞ്ഞീടാവൂ,

കുന്തലും കെട്ടിനടന്നുതുടങ്ങിനാർ
ഗാന്ധാരിയോടു സുഭദ്ര പാഞ്ചാലിയും

ഉററവരായുള്ള മററുള്ള നാരിമാർ
ചുററും നടന്നിതു ഗാന്ധാരിതന്നോടും

സന്മതിയാകിന ധർമ്മജന്മാദിയും
ദുർമ്മതി പൂണ്ട ധൃതരാഷ്ട്രഭൂപനും

ശുദ്ധസ്ഥിതനായ കൂടസ്ഥനീശ്വരൻ
ശുദ്ധസ്ഥനവ്യയനായ മായാമയൻ

കൂടെ നടന്നിതു പാണ്ഡവന്മാരുമായ്
ശുദ്ധമായുണ്ടൊന്നതിങ്കലും മാനസേ.

അഷ്ടാദശാക്ഷൗഹിണീബലമൊക്കവേ
പട്ടുകിടക്കുന്ന പോർക്കളം തന്നിലേ

ചെന്നവർ നിന്നതു നേരം പരാശരൻ–
തന്നുടെപുത്രനനുഗ്രഹം ചെയ്കയാൽ

ദൂരെക്കിടക്കും ശവങ്ങളെയൊക്കവേ
ചാരത്തു കണ്ടിതു ഗാന്ധാരിയും തദാ.

പത്തുസഹസ്രം ഗജാശ്വരഥികളും
പത്തിയും പ്രത്യേകമൂക്കോടടുത്തുടൻ

പത്തുദിവസവും കൊന്ന ദേവവ്രതൻ
അസ്ത്രപ്രവരനാമർജ്ജുനൻതന്നുടെ

പത്രികൾകൊണ്ടുടൻ ഛിദ്രമാമംഗവും
ഭക്തപരായണനായ നാരായണൻ

രക്തസരോജപദങ്ങളിലെത്രയും
ഭക്തിമുഴുത്തതിനിശ്ചലമായൊരു

ചിത്തവും ബദ്ധാഞ്ജലിപൂണ്ട ഹസ്തവും
എത്രയും കൂർത്തുമൂർത്തുള്ള ശരങ്ങൾകൊ–

ണ്ടുത്തമമായൊരു മെത്തമേലങ്ങനെ
മുക്തിയാംനാരി വരുന്നതുപാർത്തുപാ-

ത്ത്യന്തശ്രദ്ധനായ്മേവുന്ന ഭീഷ്മരെ
ചിത്തഭാവത്തൊട്ടു കാണായിതന്തികേ

പത്തുമൊരെട്ടുദിവസവും മുട്ടാതെ
യുദ്ധങ്ങൾചെയ്തു മരിച്ചു കിടക്കുന്ന

പൃഥ്വീപതികൾമുടികടകാദിയും
വിസ്തൃതമായ രഥങ്ങൾ കൊടികളും 108

രക്തത്തിൽവീണിഴയും കൊടിക്കൂറയും
ഛത്രങ്ങൾ ചാമരം താലവൃന്തങ്ങളും

ശസ്ത്രങ്ങളും ശസ്ത്രകൃത്തഗാത്രങ്ങളും
മസ്തകത്തിങ്കേന്നു വേർപെട്ടു വീണൊരു

ചിത്രപടവുമുദ്വൃത്തവും തൊങ്ങലും
തപ്തകാർത്തസ്വരാലംകൃതസ്കന്ധവും

ചത്തുചത്തൊക്കെ മലച്ചു കിടക്കുന്ന
ഹസ്തിവരന്മാരുമശ്വഗണങ്ങളും

അററമില്ലാതൊരു ശസ്ത്രങ്ങൾ കൊണ്ടുകൊ-
ണ്ടററുപിളന്നോരവയവജാലവും

അസ്തമിപ്പാനടുത്തോരുനേരത്തുവ-
ന്നൊത്തുമേഘങ്ങൾപരന്നപോലെ ഗള- 120

ദ്രക്തങ്ങൾകൊണ്ടതിസിക്തമായുള്ളൊരു
യുദ്ധഭൂമൌ നിരത്തിക്കിടക്കുന്നൊരു

പുത്രസമൂഹവും മിത്രവർഗ്ഗങ്ങളും
ഗൃദ്ധ്രങ്ങൾ നാനരികാകസമൂഹവും
പക്ഷിഗണങ്ങളും നക്തഞ്ചരാദിയും

കണ്ടുകണ്ടിണ്ടൽമുഴുത്തു ഗാന്ധാരി വൈ-
കുണ്ഠനാം മാധവൻ തന്നോടു ചൊല്ലിനാൾ.

"കണ്ടീലയോ നീ മുകുന്ദ! ധരണിയി-
ലുണ്ടായമന്നരിൽ മുമ്പൻ ഭഗദത്തൻ

തൻകരിവീരന്നരികെദ്ധനുസ്സുമായ്
സംക്രന്ദനാത്മജനെയ്ത ശരത്തിനാൽ

വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ! ശിവ!

നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ

ചൊല്ലെഴുമർജ്ജുനൻ തന്റെ തിരുമകൻ
വല്ലവീവല്ലഭ! നിന്റെ മരുമകൻ

കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ!

അല്ലലാകുന്നിതെക്കണ്ടതോറുമെനിക്കൊ-
ല്ലായ്കിലും പൊളിയല്ലിതു ദൈവമേ!

മന്ദസ്മിതം പൂണ്ട സുന്ദരമാം മുഖ-
മിന്ദീവരേക്ഷണ! കണ്ടാൽപ്പൊറുക്കുമോ

എത്രയും ബാലയായ് മേവിനോരുത്തര
ചിത്തമുഴന്നലറുന്നതു കാൺക നീ,

സുന്ദരിയായ സുഭദ്രയും ഭൂമിയിൽ
ക്രന്ദനം ചെയ്തുരുളുന്നതും പാർക്ക നീ.

അല്ലൽ പൂണ്ടിങ്ങനെ ഞങ്ങൾ കേഴുന്നതി–
ലില്ലയോ ഖേദം ചെറുതു നിന്മാനസേ

കല്ലുകൊണ്ടോ മനം താവകമെങ്കില-
ക്കല്ലിനുമാർദ്രതയുണ്ടിതു കാണുമ്പോൾ

അല്ലേ ഘടോൽക്കചനായ ഭീമാത്മജ–
നല്ലോ കിടക്കുന്നതങ്ങതിനപ്പുറം

നീലമലപോലെ കർണ്ണൻ പ്രയോഗിച്ച
വേലും തറച്ചവൻ കാലപുരി പുക്കാൻ

കണ്ഠം മുറിഞ്ഞ ജയദ്രഥർ തന്നുടൽ
കണ്ടാലുമർജ്ജുനനെയ്ത ശരത്തിനാൽ

എന്മകൾ ദുശ്ശള കേഴുന്നതോർത്തിനി–
ക്കെന്മനം വെന്തുരുകുന്നു ശിവ! ശിവ!

ദ്രോണരെസ്സംസ്മരിപ്പിച്ച നിലമതാ
കാണുന്നിതാരണനായതതല്ലയോ

ധൃഷ്ടതയുള്ള ധൃഷ്ടദ്യുമ്നനേററവും
ശിഷ്ടനായോരു ഗുരുവിനെക്കൊല്ലുവാൻ.

മററൊരുത്തന്നു തോന്നീട്ടുമോ മാനസേ
മുററുമിവനൊഴിഞ്ഞോർക്കിൽ മഹാമതേ!

അയ്യോ! പുനരതിനങ്ങേപ്പുറത്തതാ
മെയ്യഴകുള്ള ദുശ്ശാസനനെന്മകൻ

മാരുതി കീറിപ്പിളർന്നു കുടിച്ചോരു
മാറിടം കണ്ടാൽ പൊറുക്കുമോ പൈതലേ!

നീയെന്തിവണ്ണമെന്മോധരമാ കാട്ടുവാൻ
തീയതു കത്തുന്നിതെന്നുള്ളിലീശ്വരാ!

മാറുമോ കണ്ണുനീരിന്നെനിക്കുണ്ടായ-
താറുമോ ശോകമെന്മാനസേ ഗോപതേ !

എൻെറ മകൻ ദുരിയോധനൻ തന്മകൻ
തൻെറ ശരീരമതല്ലോ ദയാനിധേ !

ലക്ഷണമുള്ളൊരു പൈതലാമെന്നുടെ
ലക്ഷ്മണാ! നീയും ചതിച്ചിതോ ഞങ്ങളെ

കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നതു-
മുണ്ണികളേ എനിക്കെന്തിതു തോന്നുവാൻ ?

കണ്ണനാമംഗനരാധിപനെന്നുടെ-
യുണ്ണികൾക്കേററം പ്രധാനനായുള്ളവൻ

കുണ്ഡലമററതാ വേറേ കിടക്കുന്നു
ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു.

വില്ലാളികളിൽ മുൻപുള്ളവൻ തന്നുടെ
വില്ലതാ വേറേ കിടക്കുന്നിതീശ്വരാ !

കണ്ടാൽ മനോഹരനാമവൻ തന്നുടൽ
കണ്ടാലുമൻപോടു നായും നരികളും

ചെന്നു കടിച്ചു വലിക്കുന്നതിങ്ങനെ
വന്നതിനെന്തൊരുകാരണം ദൈവമേ

പൂരിച്ച ഖേദാൽ കരം മടിയിൽ ചേർത്തു
ഭൂരിശ്രവാവിൻ പ്രണയിനി കേഴുന്നോൾ

ഉന്മൂലനാശനകാരണനായകിയ
ദുർമ്മതിവീരൻ ശകുനിയുടെയുടൽ

പക്ഷികൾ തങ്ങൾക്കു ഭക്ഷണമാക്കിനാൻ
പക്ഷമായുള്ളതു കണ്ടീലയോ ഹരേ!

ഉണ്ണീ! മകനേ! ദുരിയോധനാ! തവ
പൊന്നിൻകിരീടവും ഭൂഷണജാലവും

ഉമ്പർകോനൊത്തൊരു വമ്പും പ്രതാപവും
ഗംഭീരമായൊരു ഭാവവും ഭംഗിയും

ഇട്ടംകളഞ്ഞുടനെന്നെയുമെത്രയു-
മിഷ്ടമായീടും പിതാവിനെത്തന്നെയും

പെട്ടെന്നുപേക്ഷിച്ചു പൊയ്ക്കൊണ്ടതെങ്ങു നീ
പൊട്ടുന്നിതെന്മനം കണ്ടിതെല്ലാമഹോ!

പട്ടുകിടക്കമേലേ കിടക്കുന്ന നീ 204
പട്ടു കിടക്കുമാറായിതോ ചോരയിൽ

പുഷ്ടകോപത്തോടു മാരുതി തച്ചുടൽ
പൊട്ടിച്ചു കാലുമൊടിച്ചു കൊന്നിങ്ങനെ

കണ്ടുകൂടായെനിക്കെ"ന്നു ഗാന്ധാരിയും
മണ്ടിനാൾ വീണാളുരുണ്ടാൾ തെരുതെരെ

പിന്നെ മോഹിച്ചാളുണർന്നാൾ പൊട്ടുക്കനെ
ഖിന്നതപൂണ്ടു കരഞ്ഞവൾ ചൊല്ലിനാൾ:

"ഇത്ര കുടിലത്വമുണ്ടായൊരുത്തനെ
പൃഥ്വിയിലിങ്ങനെ കണ്ടീല കേശവ!

പാങ്ങായൊരുപുറം നിന്നു നീ പോരതിൽ
നീങ്ങാതഭിമാനികളായ ഭൂപരെ

രണ്ടു പുറത്തുമുള്ളോർകളെക്കൊല്ലിച്ചു- 216
കൊണ്ടതു മററാരുമല്ല നീയെന്നിയേ

എന്തിനു മററുള്ളവരെപ്പറയുന്നു
ചിന്തിക്കിൽ നിന്മറിമായമിതൊക്കെയും''

ഗാന്ധാരി പിന്നെയും ചെന്നാൾ, ''മുകുന്ദനോ-
ടാന്തരമിത്രയുള്ളോരു നീയും തവ

വംശവും കൂടെ മുടിഞ്ഞുപോമില്ലൊരു
സംശയം മൂന്നുപന്തീരാണ്ടു ചെല്ലുമ്പോൾ''

''അങ്ങനെ തന്നെ വരണമെന്നുള്ളതു-
ണ്ടിങ്ങെനിക്കും മനക്കാമ്പിൽ സുബലജേ

നന്നായിതു ഭവതിക്കുമെനിക്കുമ-
തൊന്നുപോലേ മതമായതുമീശ്വരൻ.'' 227

# ഭീമഹനൂമൽസംവാദം

[ കേരളത്തിലെ സാധാരണജനങ്ങളെ ഏററവും കൂടുതൽ വശീകരിച്ചിട്ടുള്ള കവിയാണ് കുഞ്ചൻനമ്പ്യാർ. പതിനെട്ടാം നൂററാണ്ടാണ് അദ്ദേഹത്തിൻെറ ജീവിതകാലം. കിള്ളിക്കുറിശ്ശിമംഗലത്തു ജനിച്ച കവി ആദ്യം അമ്പലപ്പുഴ രാജാവായ ദേവനാരായണൻ നമ്പൂതിരിയേയും അനന്തരം മാർത്താണ്ഡവർമ്മ, രാമവർമ്മ എന്നീ തിരുവിതാംകൂർ മഹാരാജാക്കന്മാരേയും സേവിച്ചു ജീവിതം നയിച്ചു.

തുള്ളൽക്കഥകളാണ് ഭാഷാസാഹിത്യത്തിനു നമ്പ്യാർ നൽകിയ പ്രത്യേക സംഭാവന. ഓട്ടൻ, പറയൻ, ശീതങ്കൻ എന്നിങ്ങനെ തുള്ളൽ മൂന്നുതരമുണ്ട്. അനവധി തുള്ളൽക്കഥകൾക്കു പുറമെ നളചരിതം കിളിപ്പാട്ട്, ശ്രീകൃഷ്ണചരിതംമണിപ്രവാളം തുടങ്ങിയ അനേകം കൃതികൾ നമ്പ്യാർ രചിച്ചിട്ടുണ്ട്. രാഘവീയം മഹാകാവ്യം മുതലായ കൃതികളുടെ കർത്താവായ രാമപാണിവാദൻ എന്ന സംസ്കൃതകവി കുഞ്ചൻനമ്പ്യാർതന്നെയായിരുന്നുവെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ലളിതവും ശുദ്ധവുമായ ഭാഷാശൈലി. രമണീയങ്ങളായ വൃത്തങ്ങൾ, നിശിതമായ പരിഹാസം, നിർദ്ദോഷമായ ഫലിതം, ഹൃദയഹാരിയായ ലോകോക്തികൾ, സരസമായ വർണ്ണനം, വിസ്മയാവഹമായ പദസ്വാധീനം എന്നിവയാണ് നമ്പ്യാരുടെ കവിതയിൽ കാണുന്ന പ്രശംസാർഹമായ സവിശേഷതകൾ ]

'ഭീമഹനൂമൽസംവാദം' കല്യാണസൗഗന്ധികം ശീതങ്കൻ തുള്ളലിൽ നിന്നാണ് ഇവിടെ എടുത്തുചേർത്തിട്ടുള്ളതു്.

ഉദ്ധതനാകുന്ന ഭീമസേനൻ തന്റെ
പദ്ധതിതന്നിൽ മുടക്കികിടക്കുന്ന

വൃദ്ധനായോരു ബലീമുഖനെക്കണ്ടു
ക്രുദ്ധനായിപ്പറഞ്ഞീടിനാനഞ്ജസാ:

“നോക്കെടാ നമ്മുടെ മാർഗ്ഗേ കിടക്കുന്ന
മർക്കടാ! നീയങ്ങു മാറിക്കിടാ ശഠാ

ദുർഘടസ്ഥാനത്തു വന്നു ശയിപ്പാൻ നി-
നക്കെടാ തോന്നുവാനെന്തെടാ സംഗതി?

നാട്ടിൽപ്രഭുക്കളെക്കണ്ടാലറിയാത്ത
കാട്ടിൽക്കിടക്കുന്ന മൂളിക്കുരങ്ങു നീ

ഒട്ടും വകതിരിവില്ലാത്ത വല്ലാത്ത
കൂട്ടത്തിൽ വന്നു പിറന്നു വളൎന്നു നീ 12

ചട്ടത്തിൽനിന്നു പിഴച്ചുപോയോ നിന്റെ
കൂട്ടത്തിൽ മററാരുമില്ലാത്തതെന്തെടാ?

പെട്ടെന്നെഴുന്നേററുപോകാഞ്ഞിലാപത്തു
പെട്ടീടുമെന്നു ധരിക്ക നീ വാനരാ.”

ഇത്തരം ഭീമന്റെ ദുർഭാഷണം കേട്ടു
വൃദ്ധൻ ചിരിച്ചു പറഞ്ഞു പതുക്കവേ:

“ഏററം കയൎത്തു പറയുന്നതെന്തു നീ
ഏററുമാറാനെനിക്കേതുമെളുതല്ലാ

മറെറാരു മാർഗ്ഗമായ് പൊയ്ക്കൊള്ളുണേ ഭവാൻ
കുററമല്ലിക്കുരങ്ങച്ഛനെക്കാണ്ടെടോ!

കണ്ണും തിരിയാ ശരീരം വിറയ്ക്കുന്നു
ദണ്ഡം പലതുണ്ടു പൊയ്യല്ല കണ്ടുകൊൾ?

കയ്യിനും കാലിനും ശക്തിയില്ലാതെയായ്
മെയ്യും തളരുന്നു പൊയ്യല്ല മാനുഷ!

അയ്യോ പരമാത്ഥമേതും ഗ്രഹിയാതെ
നീയെന്തു ശാഠ്യം തുടങ്ങുന്നു പൂരുഷാ!

പാരം വലഞ്ഞു കിടക്കുന്നവർകളോ-
ടാരുമീവണ്ണം കലമ്പുമാറില്ലെടോ.

നേർവഴി വിട്ടിട്ടു രണ്ടു ചുവടങ്ങു
മാറിയാലെന്തു വൈഷമ്യം നിനക്കെടോ."

മാരുതിവൃദ്ധൻെറ വാക്കുകൾ കേട്ടുടൻ
മാരുതിഭീമൻ കയത്തു ചൊല്ലീടിനാൻ:

"ആരെന്നറിഞ്ഞു പറഞ്ഞു നീ വാനര
പാരം മുഴക്കുന്നു ധിക്കാരസാഹസം

പൂരുവംശത്തിൽ പിറന്നു വളന്നൊരു
പൂരുഷശ്രേഷ്ഠൻ വൃകോദരനെന്നൊരു

വീരനെക്കേട്ടറിവില്ലേ നിനക്കെടോ
ധീരനാമദ്ദേഹമിദ്ദേഹമോക്ക നീ

നേരായമാർഗ്ഗം വെടിഞ്ഞു നടക്കയി-
ല്ലാരോടുമിജ്ജനം തോല്ക്കുയുമില്ലെടോ

മാറിനില്ലെന്നു പറയുന്ന മൂഢൻെറ
മാറിൽപ്പതിക്കും ഗദാഗ്രമെന്നോക്കണം

ഏറെപ്പൊറായാതെഴുന്നേററു ദൂരത്തു
മാറിക്കിടക്ക നീ മർക്കടപ്രാകൃത!

സജ്ജനാചാരം പിടിപെടാതുള്ളോരു
ദുർജ്ജനം നമ്മെ ദുഷിപ്പാനൊരുമ്പെട്ടു

ലജ്ജകൂടാതെ വഴി മുടക്കീടിനാ-
ലർജ്ജുനജ്യേഷ്ഠൻ സഹിക്കയില്ലേതുമേ.

ധർമ്മപ്രകാരം ഗ്രഹിക്കാത്ത നിന്നോടു
ധർമ്മം പറവാൻ നമുക്കെന്തു സംഗതി?

ധർമ്മപുത്രാനുജൻ ധർമ്മം വെടിഞ്ഞൊരു
കർമ്മങ്ങൾ ചെയ്കയില്ലെന്നു ബോധിക്കണേ."

എന്നുള്ള വാക്കുകൾ കേട്ടു ചിരിച്ചുകൊ-
ണ്ടൊന്നുരുൾചെയ്തു ഹനൂമാനുമിങ്ങനെ:

"നന്നെടോ! ഭീമ! നയജ്ഞൻ ഭവാനെന്നു
ചൊന്ന വാക്കെല്ലാം കണക്കിന്നു കൂട്ടമോ?

ധർമ്മജൻ മുമ്പായ ധാർമ്മികന്മാർ നിങ്ങൾ
ധർമ്മമല്ലാതൊന്നും ചെയ്യുകയില്ലയോ

പാഞ്ചാലിയെന്നൊരു പെണ്ണിനെക്കണ്ടിട്ടു
പഞ്ചബാണാർത്തി പിടിപെട്ടഹോ നിങ്ങൾ

അഞ്ചുപേരും ചെന്നു കൈക്കു പിടിച്ചുകൊ-
ണ്ടഞ്ചാതെ വേളികഴിച്ചെന്നു കേട്ടു ഞാൻ

അഞ്ചെങ്കിലഞ്ചും കണക്കെന്നവൾക്കൊരു
ചാഞ്ചല്യവുമില്ല തെല്ലുപോലും നിങ്ങ-

ളഞ്ചുജനത്തെയും കൺമുനത്തല്ലിനാൽ
വഞ്ചിപ്പതിന്നവൾപോരും വൃകോദര!

നാലഞ്ചു ഭർത്താവൊരുത്തിക്കു താനതു
നാലുജാതിക്കും വിധിച്ചതല്ലോർക്കണം.

നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവ്
വാലുള്ള വാനരന്മാർക്കും ചിതം വരാ, 72

ചേട്ടത്തിയാമൊട്ടനുജത്തിയാമൊട്ടു
ചേട്ടകൾതൻെറ കളത്രമെന്തിങ്ങിനെ

കാട്ടുന്ന ഗോഷ്ഠികൾ കേട്ടാൽ ചിരിയാകു-
മൊട്ടും ഗുണമല്ല കുന്തീകുമാരകാ!

നേരായ മാർഗ്ഗം വെടിഞ്ഞു നടക്കാത്ത
വീരൻ വൃകോദരൻ ഞാനെന്നു നമ്മുടെ

നേരെയണഞ്ഞു പറവാൻ മടിയില്ല
നാരായണ! ശിവ! മററെന്തു ചൊൽവതു?

തോററീട്ടമാറില്ല ഞങ്ങളെന്നിങ്ങനെ
കാററിന്മകൻ നീ പറഞ്ഞതും വിസ്മയം

നൂററുപേർ നിങ്ങടെ നാട്ടും നഗരവും
കൂററുകാരേയുമടക്കിവെച്ചീലയോ? 84

കാററും മഴ മഞ്ഞുമേററുകൊണ്ടെപ്പൊഴും
കാട്ടിൽ കിടക്കുന്ന കൂട്ടമല്ലേ നിങ്ങൾ?

കാട്ടിൽ കിടക്കുന്ന ദുർമ്മാർഗ്ഗശക്തിയാൽ
വീട്ടിൽ കിടപ്പാൻ വിധിയില്ല നിങ്ങൾക്കു

നാട്ടിൽ നിന്നാശു സുയോധനമന്നന-
ങ്ങാട്ടിക്കളെഞ്ഞതിൽ പിന്നെയൊരിക്കലും

നാട്ടിൽ കടപ്പാൻ കഴിയുന്നതുമില്ല
കാട്ടിൽ സുഖമെങ്കിലായതും കോളല്ല

കല്ലിലും പുല്ലിലും കാലേത്തറയ്ക്കുന്ന
മുള്ളിലും വള്ളികൾക്കുള്ളിലും കുണ്ടിലും

തള്ളിയലച്ചു നടക്കുന്ന നിങ്ങടെ
ഭള്ളുകൾക്കേതും കുറവില്ല നന്നെടോ 96

കള്ളത്തരം ചൂതു കൊണ്ടു ദുര്യോധനൻ
തള്ളിപ്പുറത്താക്കി നിങ്ങളെത്തൽക്ഷണം

ഉള്ളിൽ ഭയം പൂണ്ടു മണ്ടുന്ന നിങ്ങളെ-
ത്തുള്ളിപ്പതിനൊരു പെണ്ണും പുറപ്പെട്ടു

കണ്ടവസ്തുക്കളിൽ കാംക്ഷയുണ്ടായവൾ
കൊണ്ടുവാ കൊണ്ടുവായെന്നു കല്പിക്കയും

ശണ്ഠകൂടീടുമെന്നോർത്തു ഭയപ്പെട്ടു
മണ്ടിത്തുടങ്ങും മുടങ്ങാതെ നിങ്ങളും.

കണ്ടനേരം തന്നെ നിൻെറ പരാക്രമ-
മുണ്ടായ്‌നമുക്കെന്നറിക വൃകോദര!"

ദുർഭാഷണംകേട്ടു കോപിച്ചു ഭീമനും:
"സ്വൽഭാവമെല്ലാം മതി മതി വാനര! 108

കാഞ്ഞിരക്കായ്കളും തിന്നു മരങ്ങളിൽ
പാഞ്ഞു നടക്കും മരഞ്ചാടി മൂഢനെ

ഭഞ്ജനം ചെയ്‌വാൻ മടിക്കുന്നു ഞാൻ മുററു-
മഞ്ജനാപുത്രൻെറ ജാതിയെന്നോക്കയാൽ

ഭീമസേനൻെറ പരാക്രമമൊന്നുമീ
ധൂമകേതുക്കുരങ്ങച്ചൻ ഗ്രഹിച്ചീല

രക്ഷസ്സുകൾക്കു വരനാം ഹിഡിംബൻെറ
വക്ഷസ്സു തള്ളിപ്പിളന്നു വൃകോദരൻ

രൂക്ഷത പൂണ്ട ബകനാമരക്കനെ
കാൽക്ഷണം കാലനൂർ കാട്ടിക്കൊടുത്തതും

കൊമ്പൻകൊലയാന തുമ്പിക്കരംകൊണ്ടു
വമ്പിച്ച സാലം പിളന്നു കണക്കിനെ 120

ജൃംഭിച്ചു വന്ന ജരാസന്ധമന്നൻെറ
ജൃംഭിച്ച വിഗ്രഹം രണ്ടായ് പിളന്നതും

കിമ്മീരനായ നിശാചരവീരൻെറ
മമ്മങ്ങൾതോറും ഗദകൊണ്ടടിച്ചതും

നിർമ്മൂലനംചെയ്തു താപസന്മാരുടെ
ധമ്മസംരക്ഷണം ചെയ്തു വൃകോദരൻ

ഇത്ഥം പരാക്രമപ്രൌഢനാമെന്നോടു
സിദ്ധമല്ലാതൊരു വൃദ്ധപ്ലവംഗമൻ

നിമ്മരിയാദം ദൂഷിച്ചു പറകയോ
ദുമ്മുഖാ! പോടാ! ബലീമുഖ! ദുമ്മതേ"

അഞ്ജനാപുത്രനതുൾചെയ്തിതന്നേരം:
"ഭഞ്ജനംചെയ്‌വാൻ മടിക്കേണ്ട നീ സഖേ! 132

രാക്ഷസന്മാരെക്കൊലചെയ്തു നിന്നുടെ
രൂക്ഷസന്നാഹങ്ങള്ളെന്നങ്ങുപോയെടോ ?

ദുശ്ശാസനൻ പണ്ടു ദുര്യോധനോക്തമാം
ദുശ്ശാസനം കൊണ്ടു മണ്ടിവന്നിങ്ങനെ

അഞ്ചുപേർ നിങ്ങളും കണ്ടു നിൽക്കെത്തന്നെ
പാഞ്ചാലിയെച്ചെന്നടിച്ചു തലമുടി

ചുററിപ്പിടിച്ചു വലിച്ചിഴച്ചങ്ങിനെ
മുററും മഹാജനം നോക്കിനിൽക്കും വിധൌ

മുററത്തുകൊണ്ടന്നു താഡിച്ചുതാഡിച്ചു
തെറെറന്നുടുത്ത പുടവ വലിച്ചഴി-

ച്ചററമില്ലാതുള്ള പരാധവ്യം ചെയ്തു
കണ്ണുമിഴിച്ചങ്ങു കണ്ടുനിന്നീടുന്ന 144

പൊണ്ണത്തടിയനാം നിൻെറ പരാക്രമം
കാശിക്കുപോയോ കഥിക്ക വൃകോദരാ ?

കാശിനുപോലും വിലപിടിയാത്ത നീ
തന്നുടെ മുമ്പിലിട്ടന്യനാം പൂരുഷൻ

തന്നുടെ പെണ്ണിൻെറ വസ്ത്രം തൊടുന്നേര-
മൊന്നുമനങ്ങാതെ നിൽക്കയോ വേണ്ടതു
ചെന്നങ്ങവനെ പ്രഹരിക്കയോ ഗുണം ?

മിടുക്കും ശൌര്യവുമെല്ലാമൊട്ടുക്കും നാസ്തിയാം നിന്റെ
കടുപ്പം കാട്ടിലെങ്ങാനും കിടക്കും വാനരത്തോടു
കടക്കണ്ണും ചുവത്തിക്കൊണ്ടടുക്കും വിക്രമി പല്ലും
കടിക്കും വല്ലികൾ തല്ലിയൊടിക്കും പർവ്വതം തല്ലി-
പ്പൊടിക്കും പാദപങ്ങൾക്കിട്ടിടിക്കും വല്ലതും ചൊല്ലി-
[ച്ചോടിക്കുന്നെന്തിനു ഭീമാ ? 156

നടപ്പാൻ ശക്തിയില്ലാഞ്ഞു കിടപ്പായി നമുക്കിപ്പോൾ
ചടപ്പോം വാലിതങ്ങോട്ടേക്കെടുപ്പാൻ സാദ്ധ്യമില്ലേതും

പൊട്ടക്കെന്നു ഭവാൻ ചാടിക്കടന്നാലും നടന്നാലും
മടിക്കുന്നെന്തിനു ഭീമാ! മുടക്കുന്നില്ല ഞാൻ മാർഗ്ഗം”

പറഞ്ഞു ഭീമനും “നീയിപ്പറഞ്ഞ വാക്കുകളെല്ലാം
കുറഞ്ഞൊരു കരുത്തുള്ളോർ പറഞ്ഞെങ്കിലറിയിക്കാം

മൂത്തുക്കന്മാർ പലവട്ടമധിക്ഷേപങ്ങൾ ചെയ്താലും
വധിക്കാനും ചിതംപോരാ വധിച്ചാലും ചിതംപോരാ

കരുത്തൻ മറ്റൊരുത്തൻ വന്നരത്തെങ്കിൽ കരത്തെക്കൊ-
ണ്ടടിച്ചു കൈപിടിച്ചു കാട്ടിലേക്കാക്കി ഗമിക്കും ഞാൻ.

അതുമെല്ലാമിരിക്കട്ടെ ഫലമില്ലാ മരിക്കാറായ്ക്കിടക്കുന്ന
മരംചാടിക്കിഴവനെ 168

മരുത്തിന്റെ മകൻ വന്നു മരിപ്പിച്ചെന്നതു കേട്ടാൽ
ചിരിക്കും സജ്ജനമെന്നു ധരിക്ക മർക്കടത്താനെ!

കടന്നുപോകയോ പിന്നെക്കടുപ്പമായ് വരുമെന്റെ
ഗുരുവാമഞ്ജനാപുത്രൻ കരുത്തേറും കപിശ്രേഷ്ഠൻ

ജനിച്ചോരുകുലം തന്നിൽ ജനിച്ചോരു കുരങ്ങച്ചാ
നിനച്ചാൽ നിന്നെ ലംഘിച്ചാലെനിക്കു പാപമുണ്ടാകും”

അതുകേട്ടു ഹനുമാനുമുരചെയ്തു കനിവോടെ:
“മതിയിൽ ശങ്കയുണ്ടെങ്കിലതു ചെയ്യണമെന്നില്ല

വഴിതന്നിൽ കിടക്കുന്ന വാലെടുത്തു മാററിവച്ചു
വഴിപോലെ കടന്നാശു ഗമിക്ക ഭീമസേന! നീ.

കരംകൊണ്ടു വാനരത്തെത്തൊടുക നിന്നിതമെങ്കിൽ
കരംതന്നിലിരിക്കുന്ന ഗദകൊണ്ടു മടിയാതെ

നെടുക്കം വാലെടുത്താശു പൊട്ടുകെന്നു ദൂരെ നീക്കി
നടക്ക നീ ഝടുക്ക! വേർപെടുക്ക ദുർഘടമെല്ലാം. 180

പറഞ്ഞു പാണ്ഡവനപ്പോൾ കുറഞ്ഞൊന്നു നിരൂപിച്ചു;
"മറിച്ചു നീക്കുമന്നേരം മുറിഞ്ഞുപോകയില്ലല്ലീ?"

"മുറിയുന്നെന്തെടോ നിന്റെ ഗദയോ നമ്മുടെ വാലോ?
അറിയാഞ്ഞിട്ടു ചോദിച്ചനരിശമുണ്ടാകവേണ്ടാ?"

"കടുത്ത പർവ്വതം തല്ലിപ്പൊടിച്ചു ഭസ്മമാക്കുന്ന
കടുത്ത മൽഗദാദണ്ഡം തടുത്ത വൈരികളില്ല

കൊഴിഞ്ഞുരോമവുമൊട്ടുപൊഴിഞ്ഞു ഭൂമിയിൽ വീണു
ഇഴഞ്ഞുമേവിന നിന്റെ കിഴിഞ്ഞ വാലിനു ഭംഗം

ഭവിക്കുമെന്നതു കൊണ്ടു മടിക്കുന്നു മഹാഭോഷാ!
ചെവിക്കു പുത്തരിയായിട്ടുരസ്സാതെ ചില വസ്തു

ശ്രവിക്കുമ്പോളെനിക്കുള്ളിൽ ജ്വലിക്കും കോപമാം
[വഹ്നി
ദഹിക്കും നിന്നുടെ ദേഹം സഹിക്കാമോ നിനക്കി
[പ്പോൾ"

ഇത്ഥംപറഞ്ഞതിക്രുദ്ധനാം പാണ്ഡവൻ 196
നക്തഞ്ചരാരാതിദാസന്റെ പുച്ഛാഗ്രം

ഉത്തുംഗമാകും ഗദകൊണ്ടു പൊക്കുവാ-
നത്യന്തവേഗേന ചെന്നടുത്തീടിനാൻ;

ദീർഘലം പെരുത്തൊരു പുച്ഛം ഗദകൊണ്ടു
പൊക്കുവാനായി പ്രയത്നം തുടങ്ങിനാൻ;

രണ്ടുകരങ്ങളെക്കൊണ്ടു പിടിച്ചുടൻ
രണ്ടുമൂന്നട്ടഹാസം മുഴക്കിഗ്ഗദ–

കൊണ്ടുടൻ തിക്കിക്കുലുക്കിപ്പലവിധം
കൊണ്ടുമിളക്കാ തരിമ്പില്ല വാലിന്നു്

നീണ്ടുതടിച്ചോരു പുച്ഛാഗ്രഭാഗത്തു
രണ്ടു രോമം പോലുമെങ്ങുമിളകീല;

വേണ്ടും പ്രയോഗങ്ങളെല്ലാം പ്രയോഗിച്ചു
വേണ്ടുവോളം നാണവും കെട്ടുമാറിനാൻ.

"ഇക്കുരങ്ങച്ചന്റെ പുച്ഛം ഗദകൊണ്ടു
പൊക്കുവാൻ മേലാ നമുക്കെന്നുവന്നല്ലോ

ദിക്കുകളെല്ലാം ജയിച്ചുള്ള ഭീമന്റെ
വിക്രമമിപ്പോൾ ഫലിക്കാത്തതെന്തഹോ?

തെറെറന്നൊരുത്തന്റെ മായാപ്രയോഗമോ
മററും ഫലിക്കാത്തതെന്തുവാൻ മൽബലം?

കാററിൻമകനൊരു മർക്കടത്തോടൊട്ടു
തോററുപോയെന്നതു കേൾക്കുന്ന നേരത്തു

നൂററുവർ നമ്മെപ്പരിഹസിച്ചീടുമേ
കൂററുകാർ പിന്നെപ്പരിഹസിക്കും ദൃഢം.

മുററുമിനിക്കിനിജ്ജീവിച്ചിരിപ്പതി–
നൊട്ടും കൊതിയില്ല വല്ലതെന്നാകിലും

മുഷ്ടികൾ കൊണ്ടു മുതുക്കൻ കുരങ്ങന്റെ
നഷ്ടിവരുത്തും കരുത്തുള്ള പാണ്ഡവൻ.

പെട്ടെന്നു ജീവൻ കളയാൻ മടിയില്ല
കഷ്ടമിബ്ഭീമനിള്ളപ്പെട്ടിരിക്കുമോ!"

ഇത്തരം ചിന്തിച്ചു കോപിച്ചുറച്ചുടൻ
സത്വരം പാഞ്ഞങ്ങടുത്തു വൃകോദരൻ;

"നോക്കെടാ മുക്കടാ! മായാപ്രയോഗങ്ങൾ
ഉൾക്കടകോപം തുടങ്ങുന്ന നിന്നുടെ

മുഷ്ക്കുകളെല്ലാം ശമിക്കും ഭ്രമിക്കാതെ
മുഷ്കരദ്വന്ദ്വയുദ്ധം തുടങ്ങീടിനാൽ;

ഇക്കണ്ട നമ്മെത്തടുത്തു നിർത്താമെന്നു
ധിക്കാരമല്ലയോ വാടാ ബലീമുഖാ; 232

വക്കാണമേശുന്നനേരം ധൃതിപ്പെട്ടു
വെക്കം മരക്കൊമ്പു പററുമാറായ നിൻ

ഗൂഢപ്രയോഗങ്ങൾ നമ്മോടു പററുമോ!
മൂഢത്വമങ്ങുവച്ചേക്ക നീ വാനരാ!

കൂടപ്രയോഗം തുടങ്ങും വിധൌ നിൻെറ
ഗൂഢപ്രയോഗം ഫലിക്കാതെയായ് വരും.

കണ്ടുപഠിച്ചതും കേട്ടുപഠിച്ചതും
കൊണ്ടു ഫലിപ്പിപ്പനെന്നു ചിന്തിച്ചു നീ

തണ്ടുതപ്പിക്കൊണ്ടു നേർത്തുവന്നാലിങ്ങു
കണ്ടുകൊള്ളാമിന്നു വൈദഗ്ദ്ധ്യമൊക്കവേ

പണ്ടൊരുനാളും പ്രയോഗങ്ങളിങ്ങനെ
കണ്ടറിവില്ലെന്നുതോന്നിപ്പനിന്നു ഞാൻ. 244

കണ്ടാലറിവാൻ സമർത്ഥനല്ലെങ്കിൽ നീ
കൊണ്ടാലറിയുമതിനില്ല സംശയം

വേണ്ടാസനം നീ തുടങ്ങുക കാരണം
വേണ്ടിവന്നു ചില ദുർഭാഷണങ്ങളും,

മന്ത്രസേവാബലം കൊണ്ടോ നിനക്കെൻറ
മാർഗ്ഗം തടുക്കുവാൻ ശക്തിയുണ്ടായതും?

മന്ത്രവും തന്ത്രവും മററുള്ള വിദ്യയും
മാരുതപുത്രനോടേതും ഫലംവരാ;

കൂനൻ മദിച്ചെന്നാൽ ഗോപുരം കുത്തുമോ?
വാനരന്മാരെന്തുകാട്ടുന്നു നമ്മോടു?

വാനര! നില്ലെന്നുടുക്കുന്ന നേരത്തു
വാലുമുയർത്തിപ്പറക്കും കുരങ്ങുകൾ''

ഇത്തരം ഭീമൻെറ ദുർഭാഷണംകേട്ടു
വൃദ്ധൻ ചിരിച്ചു പറഞ്ഞു പതുക്കവേ:—

''മക്കടനെന്നു നീ ധിക്കരിക്കേണ്ടടൊ
മക്കടന്മാരിലും മുഷ്കരന്മാരുണ്ടു്

പണ്ടൊരു മക്കടത്താനല്ലയോ പംക്തി—
കണ്ഠനെന്നുണ്ടായ നക്തഞ്ചരേന്ദ്രനെ

വാലുകൊണ്ടാശു വരിഞ്ഞുകെട്ടിക്കൊണ്ടു
നാലുസമുദ്രങ്ങൾ ചാടിക്കടന്നതും

മറെറാരുദേഹം മഹാവാരിരാശിയെ
സത്വരം ചാടിക്കടന്നു ചെന്നഞ്ജസാ

ശങ്കകൂടാതെ നിശാചരവീരൻെറ
ലങ്കയിൽപുക്കു ഭയങ്കരന്മാരായ

കിങ്കരന്മാരെപ്പലരെ വധിച്ചതും
തൻ കേളികാനനം തല്ലിത്തകർത്തതും

ഹുങ്കാരമോടുരണത്തിന്നടുത്തൊരു
ലങ്കേശപുത്രൻെറ കണ്ഠം മുറിച്ചതും

പങ്കേരുഹാക്ഷിയാം വൈദേഹി തന്നുടെ
സംക്ലേശമെല്ലാം പറഞ്ഞുകളഞ്ഞതും

യുദ്ധത്തിനെത്തിയ നക്തഞ്ചരേന്ദ്രൻെറ
തേർത്തട്ടിലാമ്മാറു ചാടിയോടിക്കൊണ്ടു

ചണ്ഡമായുള്ളൊരു പാണിസ്ഥലംകൊണ്ടു
ഗണ്ഡസ്ഥലങ്ങളിൽ താഡനം ചെയ്തതും

മാനമുള്ളാളുകൾ നമ്മുടെ ജാതിയിൽ
ഞാനറിയുന്നു പലരുണ്ടു പാണ്ഡവാ!

മർക്കടൻ മർക്കടനെന്നു നീയിങ്ങിനെ
ധിക്കരിക്കാതെ ഗമിക്ക നല്ലസഖേ''

എന്നതുകേട്ടു പറഞ്ഞു വൃകോദരൻ
"എന്നുടെ സ്വാമി ഗുരുനാഥനഗ്രജൻ

ശ്രീരാമദാസൻ പവനാത്മജനത്രേ
ശ്രീഹനൂമാൻ മഹാവീര്യപരാക്രമൻ

അദ്ദേഹമെന്തു ഭവാനെന്തുമാഹന്ത
ദുർദ്ദേഹവൃദ്ധപ്ലവംഗ, മതി, മതി !

പക്ഷീന്ദ്രനുണ്ടു ഗരുഡനെന്നോർത്തിട്ടു
മക്ഷികക്കൂട്ടം മദിക്കും കണക്കിനേ,

ശ്രീരാമദാസൻെറ വംശേ ജനിക്കയാൽ
പാരം നിനക്കമഹംഭാവമിങ്ങനെ." 293

# സഭാപ്രവേശം

[മയനിർമ്മിതമായ ധർമ്മപുത്രസഭ കാണാൻ ദുര്യോധനനും അനുജന്മാരും രാജകീയപ്രൗഢിയോടുകൂടി ചെല്ലുന്നതാണ് സന്ദർഭം. അവക്കു ആ സഭയിൽ വച്ചു പററിയ അമളികളാണ് വർണ്ണനാവിഷയം. 'സഭാപ്രവേശം' എന്നു തന്നെ പേരോടുകൂടിയ പറയൻ തുള്ളലിൽ നിന്നാണ് ഇതു് എടുത്തിട്ടുള്ളതു്.]

ഇപ്രകാരമുരചെയ്തു ധാർത്തരാഷ്ട്രാഗ്രജവീരൻ
ക്ഷിപ്രമങ്ങു പുറപ്പെട്ടു സാദരം സോദരന്മാരും

തൽപ്രകാരം ശകുനിയും കർണ്ണനും കാരിയക്കാരും
സപ്രമോദം ഭടന്മാരും സർവ്വവൃന്ദങ്ങളും പിമ്പേ

വമ്പനായുള്ളൊരു നല്ല കൊമ്പനാനത്തലവൻറെ
കൊമ്പുരണ്ടും മസ്തകവും പൊൻപടംകൊണ്ടണിയിച്ചു

തൻപുറത്തു മദം മൂത്ത തമ്പുരാനും കരയേറി
തമ്പിരാജാക്കളും തൊണ്ണൂററൊമ്പതാനപ്പുറമേറി

മുമ്പിലാശു നടകൊണ്ടു മൂത്തരാജാവനുജന്മാർ
പിമ്പിലമ്മാവനും പിന്നെക്കർണ്ണനും രണ്ടുഭാഗത്തും

വമ്പിയന്ന യജമാനന്മാരുമൊക്കെപ്പുറപ്പെട്ടു
ജൃംഭിതഘോഷമാംവണ്ണം ഗമിച്ചാരാദരവോടെ.

വീടും കുടികളും നാടും നഗരവും
തോടും പുഴകളും കാടും മലകളും

കടന്നു നടന്നു വാപീതടവുമിടവും നല്ല
ജലവും സ്ഥലവും വൃക്ഷത്തണലും മണലും പൂവിൻ-
മണവും ഗുണവും കണ്ടു കുതുക്കൾ തരുക്കൾമൂലേ
പരന്നങ്ങിരുന്നനേരം തുടങ്ങീ ഭടന്മാർ നായാ-
ട്ടടങ്ങി മടങ്ങീടാതെ, കലയും പുലിയുമുള്ള
മലയിൽ വലയും കെട്ടിത്തട്ടത്തും കട്ടത്തും വില്ലു-
മെട്ടത്തും തൊട്ടത്തും ബാണമുടക്കി മുടക്കിനിന്നു
തടിയും വടിയുമേന്തി വെടിയും പൊടിയുമാർത്തു
കരിയുങ്കിരിയും പോത്തും നരിയും ഹരിയും ചാടി-
ക്കടിച്ചും പിടിച്ചും വെട്ടിമുറിച്ചും മരിച്ചും തള്ളി-
പ്പിടിച്ചും കടിച്ചും മാംസം പിളർന്നും കിളർന്നും മോദം
വളർന്നും തളർന്നും കൂട്ടം കലമ്പിക്കലമ്പിത്തമ്മിൽ
കയർത്തും വിയർത്തും മേനി വിളിച്ചും തെളിച്ചും പന്നി-
ക്കുറകും പുറവും കണ്ടിച്ചുട്ടത്തും കൊട്ടത്തും ചുട്ടും
ഭുജിച്ചും ത്യജിച്ചും കള്ളുകുടിച്ചും ചൊടിച്ചും തൊഴിൽ
നായാട്ടുമതിയാക്കി നായന്മാരിഹപോന്നു
നായാടികളും മാറിപ്പോയാരൊക്കവേ കൂടെ.
ഇന്ദ്രപ്രസ്ഥമെന്നുള്ള മന്ദിരസ്ഥലത്തിന്റെ
അന്തികപ്രദേശത്തങ്ങെടുത്തു ധാർത്തരാഷ്ട്രന്മാർ
ദന്തികന്ധരംതന്നിൽ നിന്നിറങ്ങി നൂററുപേരും
രത്നങ്ങൾകൊണ്ടു കെട്ടിപ്പട്ടത്തോരാൽത്തറകേറി
രാജനന്ദനന്മാരും കർണ്ണൻ മാതുലൻ താനും
പെരുമ്മട്ടുന്നു കാററുമേററു സുഖിച്ചുമേവിനനേരം
പെട്ടകം തുറന്നാലുമെന്നു രാജാവരുൾചെയ്തു

പെട്ടിപെട്ടകമെല്ലാം തുറന്നു, പൊന്മണിക്കോപ്പും
പട്ടം പട്ടുറുമാലും ചേലയും പച്ചപാലാവും
എന്നുള്ള പദാൎത്ഥങ്ങളെടുത്തുകൊണ്ടലങ്കാര—
മൊന്നുമേ കുറയാതെ ചമയത്തിനൊരുമ്പെട്ടു.

ചന്ദനം പനിനീരു കുംകുമകളഭലളിതജവാതുവും
ചന്തമേറിന പുഴുകുമഴകൊടിഴക്കിമെയ്യിലശേഷമേ
കുന്നകുറുമൊഴിമല്ലികാമലർമാലകൊണ്ടു ശിരോരുഹേ
മന്ദമൻപിലണിഞ്ഞു സുന്ദരസുഭഗരൂപി സുയോധനൻ
സ്വൎണ്ണമണിമയമകുടകടകകിരീടഭൂഷണഭൂഷിതൻ
കൎണ്ണയുഗമതിലധികവിലസിത കുണ്ഡലങ്ങ—
[ളണിഞ്ഞുടൻ
മുത്തുമാല പതക്കമെരുതരമുരസിചേൎത്തു മനോഹരം
പത്തു കൈവിരലും നിറച്ചഥ മോതിരങ്ങൾ നിരന്തരം

എട്ടുരണ്ടുമുഴത്തിലുള്ളൊരു പട്ടുടുത്തരഞാണവും
ഇട്ടുപട്ടുറുമാലു കെട്ടിമുറുക്കി നല്ലൊരു തൊങ്ങലും
ഇട്ടു പുഴുകമെടുത്തുമുഞ്ഞി മിനുക്കി നൽക്കുറിയിട്ടുടൻ
മുട്ടുകുത്തിയിരുന്നു തലമുടി തൎത്തുകെട്ടി മഹാരഥൻ
ശില്പമോടഥ ചന്ദ്രകാവി വളച്ചുകെട്ടി വിശിഷ്ടമാം
ദൎപ്പണത്തെയെടുത്തു പല്ലുമിളിച്ചുനോക്കി രസിക്കയും
ഇപ്രകാരമണിഞ്ഞു കൂത്തിനു ചാക്കിയാരണിയുന്ന—
[പോൽ
ഇപ്രകാരമതൊക്കെ വൈരികൾ കാണണം മമ—
[പൌരുഷം
എന്നുറച്ചു ജളപ്രഭുത്വവിധങ്ങളഖിലമെടുത്തഹോ
മന്നവൻ നിജവേഷഭൂഷണഭംഗിയൊക്കെ വരുത്തി—
[നാൻ

ഉന്നതം കുട, ചാമരം. തഴ കൊടികളിടകലരും വിധം
പന്നഗദ്ധ്വജനാശു പാണ്ഡവനഗരനികടമവാപ്പുവാൻ.

ധാർത്തരാഷ്ട്രനരചെയ്തു സോദരന്മാരൊടു മെല്ലെ
“ധൂർത്തരാഷ്ട്രം പ്രവേശിച്ചു നമ്മളെന്നു ഗ്രഹിക്കേണം

കീർത്തിഭംഗം വരാതെകണ്ടിപ്രദേശങ്ങളെയെല്ലാം
പാർത്തുകണ്ടുകൊണ്ടു വെക്കമെങ്ങുതന്നേ ഗമിക്കേണം

അബദ്ധങ്ങളൊന്നും കാട്ടാതിരിക്കേണമനുജന്മാർ
അവസ്ഥാനങ്ങളിൽ ചെന്നുചാടിയാൽ ദൂഷണമുണ്ടാം

അവസ്ഥാദേശകാലങ്ങളറിഞ്ഞേ സഞ്ചരിക്കാവൂ
സുബദ്ധം നമ്മൾ ചെയ്താലുമബദ്ധമാക്കുമെക്കൂട്ടം

പരന്മാർ പാണ്ഡുപുത്രന്മാർ പരിഹാസത്തിനു വട്ടം
പരിചിൽ കൂട്ടമങ്ങേററം കരുതിക്കൊണ്ടു ചെല്ലേണം

എനിക്കേതുമബദ്ധങ്ങൾ വരികയില്ലൊരേടത്തും
കനക്കേടും വരുത്തില്ലെന്നനുജന്മാർ ധരിക്കേണം

അനക്കാതെന്നുടെ പിമ്പേ നടന്നു പോന്നുകൊള്ളേണം
അനർത്ഥമാക്കുമില്ലെന്നാലവമാനംവരാനില്ല.”

ഇത്ഥം പറഞ്ഞു സുയോധനവീരൻ
ചിത്തം തെളിഞ്ഞു നടന്നുതുടങ്ങി

ചിത്രപ്പുരത്തിലകത്തുകടന്നു
ചിത്രപ്പണികളും കണ്ടുനടന്നു

പാണ്ഡവന്മാരുമദ്രൗപദിതാനും
മണ്ഡപം തന്നിൽ കരേറി പതുക്കെ

മാധവനേയും ബലഭദ്രനേയും
മാനിച്ചു നന്ദിച്ചവിടെ വസിച്ചു

ദുര്യോധനനും സഹോദരന്മാരും
ദൂരത്തുനിന്നവരുമൊത്തു കണ്ടു

ധർമ്മതനൂജൻെറ മാനസം തന്നിൽ
സമ്മോദമേററം വളർന്നു കിളർന്നു

സമ്മാനത്തിന്നുള്ള വട്ടങ്ങൾ കൂട്ടി
സന്തോഷമോടെ വസിക്കുന്ന നേരം

ദിവ്യസഭതന്നിൽ വന്നുകരേറി
ഭവ്യനായുള്ള സുയോധനഭൂപൻ

വെള്ളസ്ഫടികസ്ഥലങ്ങളിലെല്ലാം
വെള്ളമുണ്ടെന്നൊരു ശങ്ക തുടങ്ങി

ഉള്ളിൽ വിളങ്ങുന്ന രത്നങ്ങൾ കണ്ടാൽ
തള്ളിയലക്കുന്നപോലെന്നു തോന്നും

നീരുള്ള ദിക്കെന്നുറച്ചു പതുക്കെ
നീന്തുവാനുള്ളൊരു വട്ടങ്ങൾ കൂട്ടി

വീരാളിപ്പട്ടു ചെരിച്ചു കയററി
വീരൻ പതുക്കെപ്പദംകൊണ്ടുതപ്പി.

പിമ്പിൽ നടക്കുന്ന തമ്പിമാരെല്ലാം
മുമ്പിൽ നടക്കുന്ന ചേട്ടനെപ്പോലെ

ചന്തത്തിനുള്ളൊരു പട്ടുമുയർത്തി
കുന്തിച്ചു കുന്തിച്ചു യാത്ര തുടങ്ങി.

അപ്രദേശങ്ങൾ പതുക്കെക്കടന്നു
അഗ്രഭാഗത്തിങ്കൽ ചെന്നൊരു നേരം

പച്ചനിറമുള്ള രത്നങ്ങളാലേ
മെച്ചത്തിൽ കെട്ടിപ്പെട്ടുള്ളു വിളങ്ങും

നീരാഴമുള്ളൊരു നീരാഴിയന്റെ
തീരത്തു ചെന്നു കരേറീ നരേന്ദ്രൻ

ജലമേന്തിനിൽക്കുന്നൊരാററിന്റെ മദ്ധ്യേ
ജലമില്ലെന്നുള്ളത്തിലോർത്തു പതുക്കെ

നലമോടു പൊണ്ണൻ കുതിച്ചങ്ങു ചാടി
നിലവിട്ട വെള്ളത്തിൽ വീണാശു മുങ്ങി

പുഴുകും കളഭവും ചാന്തും കുറിയും
കഴകിജ്ജലത്തിൽ കിടന്നങ്ങുഴച്ചു

മുഴകിയും പൊങ്ങിയുമങ്ങൊരുദിക്കിൽ
ഒഴുകിത്തിരിഞ്ഞു തനിച്ചൊരു വീരൻ

വെള്ളം കുടിച്ചും കിതച്ചും പതച്ചും
ഉള്ളം ചൊടിച്ചുമുരുണ്ടും പിരണ്ടും

തള്ളിയലച്ചും വിറച്ചും വിയച്ചും
തള്ളിപ്പിടിച്ചും മറിഞ്ഞും തിരിഞ്ഞും

പാരം വലഞ്ഞു പതുക്കെപ്പതുക്കെ
തീരമണഞ്ഞൊരു ദിക്കിൽ കരേറി.

കണ്ടുവാസിക്കും വൃകോദരനപ്പോൾ
രണ്ടുകരങ്ങളും കൊട്ടിച്ചിരിച്ചു.

പണ്ടു നീ നമ്മെക്കയർകൊണ്ടു കെട്ടി–
ക്കൊണ്ടു കയത്തിൽ പിടിച്ചു മറിച്ചു

അങ്ങനെ ചെയ്തോരു ദുര്യോധനാ! നീ
ഇങ്ങനെ വെള്ളത്തിൽ മുങ്ങീടവേണം

തങ്ങൾ ചെയ്തീട്ടും ദുരാചാരമെല്ലാം
തങ്ങൾക്കുതന്നെ ഭവിച്ചീടുമല്ലോ

ശൃംഗാരമോടിയും കൂട്ടിക്കൊണ്ടയ്യോ
ചങ്ങാതി വന്നെൻെറ നീരാഴിതന്നിൽ

മുങ്ങാനവകാശം വന്നതു കൊള്ളാം.
എങ്ങുനിന്നിപ്പോളിവിടേക്കു വന്നു ?

നിങ്ങടെ രാജ്യത്തിൽ വെള്ളംകുടിപ്പാ–
നെങ്ങുമൊരേടത്തുമില്ലായ്കകൊണ്ടോ ?

ഞങ്ങടെ നാട്ടിലെത്തോട്ടിലെവെള്ളം
അങ്ങുള്ള വെള്ളത്തെക്കാൾ ഗുണമെന്നോ ?

ഇത്ഥമോരോ പരിഹാസം പറഞ്ഞു ഭീമസേനന്താൻ
ഹസ്തസംഘട്ടനത്തോടെ ഹസിച്ചങ്ങു രസിക്കുന്നു

മാനിനിമാർമണിയാളാം ദ്രൗപദിയും കരംകൊണ്ട–
ങ്ങാനനത്തെ മറച്ചാശു മന്ദഹാസംചെയ്തു മെല്ലെ

നാണവും കോപവും പാരം വൈരവും മാനസംതന്നിൽ
ക്ഷീണവും ദൈന്യവും പൂണ്ടു നാഗകേതു മഹാരാജൻ

പ്രാണനാശത്തിനെക്കാളും സങ്കടമിപ്പരിഹാസം
പ്രാണികൾക്കു സഹിക്കാവോന്നല്ല ഹാ! ഹാ!

[മഹാകഷ്ടം.

കെട്ടിഞാത്തിയുട്ടത്തോരു പട്ടുമെല്ലാമിട്ടുമുക്കി
മുട്ടുകുത്തി മുഖംതാഴ്ത്തി തോട്ടിൽനിന്നു കരകേറി

കൂട്ടമോടേ വസിക്കുന്നോരനുജന്മാക്കു തൻമുഞ്ഞി
കാട്ടുവാനുമെളുതല്ലാ ലജ്ജകൊണ്ടുമാധികൊണ്ടും

ഇപ്രകാരം വിഷാദിച്ചു ധാത്തരാഷ്ട്രൻ തമ്പിമാരും
ക്ഷിപ്രമങ്ങു ശമിപ്പാനായൊരുമ്പെട്ടു പുറപ്പെട്ടു

തൽപ്രകാരമറിഞ്ഞോരു ധമ്മപുത്രൻ വിരവോടേ
തൽപ്രദേശത്തേക്കുചെന്നു നല്ലപട്ടും കൊണ്ടു മെല്ലേ.

"അയ്യോ! കഷ്ടമേ നിങ്ങൾക്കീവണ്ണമിതുകാലം
ദുര്യ്യോഗം സംഭവിപ്പാനൊട്ടും സംഗതിപോരാ

അങ്ങുമീഭവനത്തിലിന്നിപ്പോൾ വരുമെന്നു
ഞങ്ങൾക്കു നിനവില്ലാ ഭാഗ്യമെന്നതേ വേണ്ടു

വല്ലാത്തോരബദ്ധത്തിൽ ചാടിപ്പോയതുകൊണ്ടും
തെല്ലും കുണ്ഠിതം വേണ്ടാ കുരുരാജാത്മജവീര!

പട്ടുകൊണ്ടുടനീറൻ പകന്നാലും വിരവോടെ
ഒട്ടും സംശയംവേണ്ട ദുകൂലം ഞാൻ തരാമിപ്പോൾ

ഇങ്ങുള്ള ധനമെന്നും അങ്ങുള്ള ധനമെന്നും
എങ്ങും ഭേദമില്ലല്ലോ ഭംഗിവാക്കു പറകല്ല

അങ്ങേ അച്ഛനുമെന്റെ താതനും പിതാവേകൻ
അങ്ങേക്കുള്ള സമ്പത്തു രണ്ടുപേക്കും സമമല്ലോ"

ഇത്ഥമുള്ളയുധിഷ്ഠിരന്റെ വിശുദ്ധവാക്കുകൾകേട്ടുടൻ
ക്രുദ്ധഭാവരസം മറച്ചു പറഞ്ഞു പന്നഗകേതനൻ

''പട്ടുകെട്ടുകയിൽ തരിമ്പുമൊരാശയില്ല നമുക്കെടോ
വെട്ടുകൊണ്ടു മരിച്ചിലെങ്കിലതീശ്വരൻെറയനുഗ്രഹം

മുട്ടുതീൎത്തുവിടേണമെന്നു ഭവാൻെറ മനസി മനോരഥം
മുട്ടുകൊണ്ടു മുറിഞ്ഞുചാകരുതെന്നിനിക്കു മനോരഥം

സല്ക്കരിപ്പതിനായ്‌വരുന്ന ഭവാന്റെ തമ്പി വൃകോദരൻ
ധിക്കരിച്ചു ചിരിച്ചതെന്നുമറക്കുമേഷ സുയോധനൻ?

ഇക്കണക്കുപിരിഞ്ഞതെന്നുടെഭാഗ്യമെന്നിഹ ഞങ്ങളെ-
ച്ചുക്കുതീറ്റിവിടേണമെന്നുകൊതിച്ചിരുന്ന സഹോദരൻ

ശക്രസുതനൊട്ടു രണ്ടുവാക്കു പറഞ്ഞുപോരണമെന്നഹോ
അൎക്കസുതനൊരു മോഹമുള്ളതു സാധിയാഞ്ഞതു
[കുണ്ഠിതം

ഒക്കെയും പുനരുപരി കഴിവതുമൎക്കനന്ദനനന്ദന
വെക്കമെങ്ങു ശമിക്ക ഞങ്ങളുമങ്ങു പോവതിനൊട്ടുമേ

കാലതാമസമില്ല യാത്രപറഞ്ഞു ഞങ്ങൾ മഹാമതേ
ചാലവേ മമ ഹസ്തിപത്തനമെത്തിയെന്നു ധരിക്ക നീ

കാല വാത വലാന്തകാശ്വികുമാരരാകിന നിങ്ങളും
ലീലയാനിജമന്ദിരത്തിൽവസിച്ചുകൊൾകയഥാസുഖം''

നിറഞ്ഞ മത്സരമെല്ലാം മറച്ചുകൊണ്ടിപ്രകാരം
പറഞ്ഞു കൌരവനുള്ളിലുറഞ്ഞ കോപവും പൂണ്ടു

നിറക്കേടും തരക്കേടും ചിതക്കേടും പതക്കേടും
കനക്കേടും മനക്കേടും മതക്കേടും മദക്കേടും

കുറഞ്ഞൊന്നല്ലഹോ! കഷ്ടം കുരുക്കൾക്കിങ്ങനെ മുന്നം
ഒരിക്കാലമൊരേടത്തുമകപ്പെട്ടിട്ടറിവില്ല.

കറുത്തു വക്ത്രവും ചിത്തം വെറുത്തു ദുഷ്പ്രഭുത്വവും
കറുത്തു കുണ്ഠിതമൊട്ടു പൊറുത്തുകൂട്ടുകയില്ല

വളൎന്നു നാണവുമംഗം തളൎന്നു വൈരവുമേറാം
കിളൎന്നു മാനസമൊന്നു പിളൎന്നുപോയതുപോലെ

പകൎന്നു വെററിലയും പാക്കും നുകൎന്നു പല്ലുകൾ ചുണ്ടും
ചുകന്നു കാൺകയില്ലാക്കമകന്നു മോടികളെല്ലാം

നടന്നു കാനനമെല്ലാം കടന്നു ഹസ്തിനഗേഹേ
മടുത്തു ചെന്നകംപുക്കു കടുത്തുള്ളോരവമാനം

ക്ഷമിച്ചു താതനെച്ചെന്നു നമിച്ചു തൻപുരംതന്നിൽ
ഗമിച്ചു ഭാൎയ്യമാരോടേ രമിച്ചു കൗരവശ്രേഷ്ഠൻ. 202

# ദുരഹങ്കാരത്തിന്റെ ഫലം

[ഘോഷയാത്ര ഓട്ടൻതുള്ളലിൽനിന്നും എടുത്തതു്. വനവാസികളായ പാണ്ഡവരെ കൊല്ലുവാൻ ദുര്യോധനനും കൂട്ടരും പാണ്ഡവന്മാർ താമസിച്ചിരുന്ന വനത്തിലുള്ള തടാകങ്ങളിൽ വിഷം കലക്കുന്നു. അപ്പോൾ ജലക്രീഡയ്ക്കു് ഭാര്യമാരോടുകൂടി അവിടെ എത്തിയ ചിത്രസേനൻ എന്ന ഗന്ധർവ്വൻ ദുര്യോധനനുമായി ഏററുമുട്ടുന്നു. ദുര്യോധനാദികളെ ചിത്രസേനൻ ബന്ധനസ്ഥരാക്കുന്നു. അത്രയും കഥാഭാഗമാണു് ഇതിൽ അടങ്ങിയിരിക്കുന്നതു്.]

കനകമണിഞ്ഞൊരു കരിവരകണ്ഠേ
കനിവൊടു കേറിയിരുന്നാൽ കുരുപതി

പനിമതിസമമൊരു വെള്ളക്കുടയും
കനകാഞ്ചിതമാം വെൺചാമരവും

അനവധി തഴയും മുത്തുക്കുടയും
ധനവിഭവങ്ങളനേകമനേകം

അനുജന്മാരുടെ മോടിയുമെന്നിവ
മനുജന്മാർക്കു മനോഹരമെല്ലാം

ആടുകയും ചിലർ പാടുകയും ചില-
രോടുകയും ചിലർ ചാടുകയും ചിലർ

വാടുകയും ചിലർ തേടുകയും ചിലർ
ചോടുകൾ വച്ചിടകൂടുകയും ചിലർ

വീടുകളും പല നാടുകളും പല
തോടുകളും പല കോടുകളും പല

കാട്ടുകളും പല മാട്ടുകളും മല-
മൂട്ടുകളും മലർവ്വാടികളും പല

മേട്ടുകളും പല വേട്ടുകളും പല
പാടവമോട്ടു കടന്നു കടന്നവർ

ആടലെകന്നു തകർത്തു തിമിർത്തു മ-
ഹാടവി പുക്കു ഗമിക്കുന്നേരം

ബന്ധൂകദ്യുതിബന്ധുരമാകിന
സന്ധ്യാസമയം വന്നിടക്കൂടി

അന്ധമതാകിന തിമിരം വന്നനു-
ബന്ധിച്ചടവിതങ്ങൾ നിറഞ്ഞു

ഗന്ധർവ്വന്മാർക്കുള്ളൊരു സമയം
ചന്തമൊടവിടെസ്സംഗതമായി,

ഗന്ധർവ്വന്മാരതി സുഖമോടേ
പന്തണിമുലമാരോടിടക്കൂടി

കാന്താരത്തിലിറങ്ങിക്കനിവൊട്ടു
ചെന്താമരമലർവ്വാപികൾ തോറും

സന്തോഷേണ ജലക്രീഡാദി നി-
താന്താനന്ദമിയന്ന ദശായാം

കുന്തീതനയന്മാർ മരുവീടിന
കാന്താരാന്തികഭ്രമൗ ചെന്നാർ

ഗാന്ധാരീതനയന്മാർ പടയും
ഗാന്ധാരേശ്വരനംഗാധിപനും.

വഞ്ചനശീലനതാകിന കുരുപതി
പുഞ്ചിരിപൂണ്ടു പറഞ്ഞാനുടനേ:-

"നെഞ്ചിൽ നമുക്കൊരുപായം തോന്നീ
കിഞ്ചിൽ ഗുണമതിനുണ്ടാമിപ്പോൾ

നഞ്ചുകലക്കണമിവിടത്തിൽ പല
വഞ്ചോലകളിലെ വാരിയിലെല്ലാം

ചഞ്ചലമിന്നിഹ പാണ്ഡുസുതന്മാ
രഞ്ചു ജനങ്ങളുമതികുടിലന്മാർ

പാഞ്ചാലിയുമുടനംബുകുടിച്ചിഹ
പഞ്ചതയെ പ്രാപിച്ചീടണം;

നഞ്ചുകലക്കുവി" നെന്നീവണ്ണം
പഞ്ചമഹാപാപി. പറഞ്ഞപ്പോൾ

പാപികളൊരുവക രാജഭടന്മാർ
വാപികൾതന്നിൽ മരുന്നുകലക്കി.

കോപികളായവർ കാട്ടിയതെല്ലാം
പാപത്തിന്നൊരുവഴിയായ് വരുമേ!

വൃത്രനെക്കൊന്നവൻെറ മിത്രമായ്മരുവുന്ന
ചിത്രസേനഗന്ധർവ്വൻ ധാത്രിയിലങ്ങിറങ്ങി

രാത്രിയിൽ തൻെറ ചാരുഗാത്രിമാരോട്ടു കൂടി
തത്ര വന്നൊരു ശതപത്രിണീതോയം തന്നിൽ

ചിത്രമാം കേളികൾക്കു പാത്രമാമവനപ്പോൾ
മാത്രാധികാനന്ദവിചിത്രം വിഹരിക്കുമ്പോൾ

വെള്ളപ്പളുങ്കിനൊത്ത വെള്ളത്തിൽ നഞ്ചിട്ടവാ–
നുള്ള കൗതുകംകൊണ്ടു തള്ളിവരുന്ന ചില

കള്ളന്മാരെക്കണ്ടപ്പോളുള്ളം കയർത്തു ബല-
മുള്ള ചിത്രസേനൻതാൻ വെള്ളത്തിൽനിന്നുകേറി

''കള്ളക്കുടിലന്മാരേ! കൊള്ളാമിക്കാട്ടതന്നി–
ലുള്ളമുനികളുടെ വെള്ളത്തിൽ നഞ്ചിട്ടുവാൻ

ഉള്ളൊരുത്സാഹമിപ്പോൾ
കള്ളുകുടിച്ചുവന്നു ഭള്ളുനടിക്കും നിങ്ങൾ

തുള്ളുന്നതെല്ലാമിത്രേയുള്ളു എന്നിങ്ങുറച്ചു
കൊള്ളും പ്രഹരമതിനുള്ള വഴികൾ വീണു

കൊള്ളിവാക്കുകൾ കൊണ്ടു തുള്ളിക്കുന്നു പിന്നെ
കൊള്ളിക്കുന്നുണ്ടുബാണം കൊള്ളിക്കും ബഹുമാ–
നമെള്ളോളമില്ലെന്നോർപ്പിൻ!

കുരുകുലമൂഢന്മാരേ നിങ്ങടെ–
പരമാർത്ഥം ഞാനഖിലമറിഞ്ഞേൻ,

തരമല്ലിങ്ങിനെ ചതിയും കൊതിയും
തരസാ മനമതിലേറെമുഴുത്താൽ,

പൌരവകുലമതിലഴകേറീടിന
വീരന്മാരാം പാർത്ഥന്മാരൊടു

വൈരം മനസി മുഴുത്തതിനാൽ നിജ–
പൌരുഷമവരെക്കാട്ടുവതിന്നായ്

പൌരന്മാരും പടയും കുടയും
വാരണഘടയും കൂട്ടിക്കെട്ടി

പാരിടമൊക്കെ മുഴക്കി വരുന്നതു
നേരായ് വരികില്ലധമന്മാരേ!

അഞ്ചിതമാകിന ശുദ്ധജലങ്ങളിൽ
നഞ്ചിട്ടുവാനായ് വന്നൊരു നിങ്ങടെ

നെഞ്ചകമെന്നതു കല്ലോ ശിവ! ശിവ!
പഞ്ചമഹാപാതകിമാർ നിങ്ങൾ

നേരേനിന്നു പ്രയോഗിപ്പാനായ്
ഭീരുക്കൾക്കൊരു വൈഭവമില്ലാ

നേരല്ലാതെ ചതിപ്പാൻ പെരുവഴി
യോരോന്നിങ്ങിനെ നോക്കിനടന്നാൽ

സ്വൈരക്കേടുകൾ വളരെ വരുമ്പോൾ
ആരുമൊരാശ്രയമില്ലാതാകും

നീരസമല്ലാതുള്ള പ്രയോഗം
പാരം കുറയും നിങ്ങൾക്കിപ്പോൾ.

തന്നേക്കാൾ ബലവിക്രമമുള്ളോരു
ധന്യന്മാരൊടു ചെന്നിഹ നേർത്താൽ

ഒന്നും തരമായ് വരികില്ലതുകൊ–
ണ്ടെന്നും തീരാ ദുഷ്കീർത്തികളും

ആണുങ്ങൾക്കു പിറന്നവരെങ്കിൽ
പ്രാണൻ കളവിൻ നമ്മുടെ നേരെ,

ബാണംകൊണ്ടു സഹിക്കാഞ്ഞുടനെ
നാണംകെട്ടു നടക്കും നിങ്ങൾ.

ഇക്കൂട്ടത്തിനു ബലമില്ലെന്നൊരു
ധിക്കാരം കൊണ്ടിവിടെ വരുന്നു

വക്കാണത്തിനടുക്കുന്നേരം
കൈക്കാണം ഞാൻ വാങ്ങുകയില്ലാ

വാക്കിനു വാക്കും വമ്പിനു വമ്പും
മുഷ്ക്കിനു മുഷ്ക്കും മുള്ളിനു മുള്ളും

നോക്കിനു നോക്കും തല്ലിനു തല്ലും
ഭോഷ്ക്കിനു ഭോഷ്കുമിനിക്കണ്ടറിവിൻ.

കള്ളന്മാരാം നിങ്ങളെ ഞങ്ങൾ-
ക്കെള്ളോളം ബഹുമാനമതില്ല,

ഉള്ളംതന്നിലഹംഭാവം കണ
കൊള്ളുന്നേരമതുർദ്ധ്വമതാകും

പുള്ളിപ്പുലിയുടെ മുന്നിൽ ചെന്നിഹ
തുള്ളിനടക്കും കുറുനരിയെപ്പോൽ

കൊള്ളാം നീയിഹ കൌരവമൂഢാ!
കള്ളാ നിന്നുടെ നാശമടുത്തു."

ഇത്തരമുള്ളൊരു ദൂഷിവാക്യം ബത
സത്വരമമ്പൊടു കേട്ടൊരുനേരം

ക്രുദ്ധനതാകിയ ധൃതരാഷ്ട്രാത്മജ-
നത്തരമുദ്ധതമിത്ഥമുരത്താൻ :-

"നില്ലെടാ മൂഢാ! മതി മതി നിന്നുടെ
വല്ലാതുള്ളൊരു വാക്കുകളെല്ലാം

മല്ലുനടിച്ചു ചൊടിച്ചു പറഞ്ഞാൽ
കൊല്ലുവതിന്നൊരു സംശയമില്ല;

ജള്ളനാം നിന്നുടെ കരളിലഹമ്മതി
കളവാൻ വിരവിലഹമ്മതി ഭോഷാ

വളരെപ്പറവാൻ കുറവില്ലെന്നൊരു
വെളിവുണ്ടുള്ളിൽ നിനക്കതു വിഫലം!

പെണ്ണുങ്ങൾക്കൊരു ബഹുമാനത്തിനു
പൊണ്ണൻ പലവക ജല്പിക്കുന്നു.

വിണ്ണവർ നാട്ടിലെ വിരുതുംകൊണ്ടിഹ
വന്നുപറഞ്ഞാലിവിടെപ്ഫലിയാ,

മറുനാട്ടീന്നൊരു വിരുതൻ വന്നിഹ
തിറമൊടുനിന്നു ഫലിപ്പിക്കുന്നതു

കുറയുമതോർത്തു പറഞ്ഞീടുക നീ
കുറവുവരുത്തിയയയ്ക്കും ഞങ്ങൾ;

സംഗതികൂടാതുള്ളൊരു വാക്കുകൾ
നിങ്ങടെ നാട്ടിൽതന്നേ നല്ലൂ,

ഇങ്ങനെയുള്ളൊരു നല്ല സമക്ഷ-
ത്തെങ്ങും നിങ്ങടെ വിദ്യകളൊക്കാ,

പൊട്ടക്കുളമതു വിട്ടുതിരിച്ചാ-
ലട്ടയ്ക്കൊരു ഗതിയില്ലെന്നറിക!

യഷ്ടികളേ ഭയമില്ല കുരങ്ങും-
പട്ടികടിക്കില്ലെന്നു പ്രസിദ്ധം

ഗന്ധർവ്വൻ നീയെങ്കിലുമിങ്ങനെ
ബന്ധംകൂടാതുരചെയ്യുന്നാൽ

ബന്ധവിഹീനനതാകിന നിന്നേ
ബന്ധിച്ചീടുന്നുണ്ടിഹ ഞങ്ങൾ,

പന്തണിമുലമാർക്കുമവക്കൊരു
സന്താപത്തിന്നു സംഗതിയില്ലാ

ചന്തമിയന്നൊരു പുരുഷന്മാർ പല
ബന്ധുതചെയ്‌വാനിവിടെയുമുണ്ടാം.

അഞ്ചാറനുജന്മാരു നമുക്കു-
ണ്ടഞ്ചായുധനെക്കാൾ വിരുതന്മാർ

അഞ്ചാതവരൊടുകൂടി വസിക്കാം
കഞ്ചത്താർമിഴിമാരേ! വരുവിൻ

കണ്ടകനാമിക്കണ്ണവൻകേറി
ശണ്ഠയിടുന്നതു ശങ്കിക്കേണ്ടാ

ശുണ്ഠികടിച്ചാൽ ഫലമില്ലവനതു
കണ്ടൊരു കോണിലിരിക്കേയുള്ളു,

നടുമിററത്തൊരു കുററിതറച്ചൊരു
നെടുപാശംകൊണ്ടരയിൽ മുറുക്കി

തടിയനെയതിനോടു ബന്ധിക്കുന്നു-
ണ്ടുടനൊരു മൂകുത്തരങ്ങതുപോലെ,

വാടാ നിന്നുടെ വിരുതുകളെന്നോടു
കൂടാ മൂഢാ! കുടില കുശീലാ!

പാടവമോടിഹ പട പൊരുതീടുക
നാടകമല്ലിതു വീരവിനോദം”

“കർണ്ണാ നീയിതു കേൾക്കുന്നീലേ
കർണ്ണാരുന്തുദമിവനുടെ വചനം

കർണ്ണാകൃഷ്ടമതാക്കുക ചാപം
കീർണ്ണമതാക്കണമിവനുടെ ഗാത്രം

ഘോരശരങ്ങളെട്ടുത്തുതൊട്ടത്തൊരു
മാരികണക്കിനെ വഷിച്ചാലും!

വടിവൊട്ട ഖേചരവേടൻ തന്നുട–
ലടിമുടി പൊടിയാക്കീട്ടുക കണ്ണാ!

ദുശ്ശാസനനും ദുർമ്മുഖനും പുന–
രശ്ശാസനമനുമാനിച്ചാലും!

വാശ്ശുതുമെന്നൊരുപേക്ഷകണക്കി–
ല്ലീശ്ശുന്നെക്കൊലചെയ്യേ പോവൂ.

നമ്മുടെ നേരെ വന്നൊരുകൂട്ടം
നിമ്മരിയാദം ജല്പിക്കുന്നൊരു

ദുർമ്മതിയാമിവനുള്ളിലിരിക്കുമ–
ഹമ്മതിയിന്നു ശമിപ്പിക്കേണം

രണ്ടു ശരങ്ങൾ കണക്കിനു കൊണ്ടാൽ
മണ്ടും വിരവൊട്ട മറുതലവീരൻ

തൊണ്ടന്മാരിവർ പടയെന്നുള്ളൊരു
രണ്ടക്ഷരമതു കേട്ടിട്ടില്ലാ

ശണ്ഠയിടാനല്ലാതൊരുവസ്തു
ചെണ്ടക്കാരർ ഗ്രഹിച്ചിട്ടില്ലാ,

ചണ്ടികൾ പറയുന്നതിനെക്കൂടെ
കൊണ്ടാടാൻ ചില മൂഢരുമുണ്ടു"'

"അട്ടക്ക വിരവൊട്ട തട്ടക്ക ചിലർചെന്നു
പിടിക്ക ശരവുമമെട്ടക്ക പരിചൊട്ട

കൊട്ടക്കയിവനുടെ മിട്ടക്കുകൊണ്ടുതന്നെ
നടക്കുമെന്നുരുചി മുടക്കുവതിനിന്നു

മടിയ്ക്കുരുതു ഗതി മുടക്കി മദഭര-
മടക്കിയുടനെതിപട്ടകളൊരുവക പടയ്ക്കുതുടരുക!

പൊട്ടക്കണ്ണിവനുടെ മിട്ടക്കും ഫലിക്കാഞ്ഞു
നടക്കുമില്ലെന്നാകിലട്ടക്കുമതുകൊണ്ടു

നട്ടക്കമിനിക്കില്ല പട്ടക്കളിവരെല്ലാ-
മൊട്ടക്കം തോററുമണ്ടും"

ഇങ്ങനെയുള്ളൊരു ദുർഭാഷണമവർ
തങ്ങളിലങ്ങുപറഞ്ഞൊരുശേഷം

സംഗരമാശുതുടങ്ങി പ്രകടശ-
രങ്ങൾ ചൊരിഞ്ഞു മറഞ്ഞിതു ഗഗനം.

ചൊല്ലേറീടിന ഗന്ധർവ്വൻ നിജ
വില്ലുവലിച്ചു ചെവിക്കിടചേർത്തു,

നല്ലശരങ്ങളതിർത്തുതുടങ്ങി
നല്ലൊരു സമരമതെന്നേവേണ്ടു,

ഊററക്കാരവർ നൂററുവരെല്ലാം
ഏററം ചാടിയടുത്തു തുടങ്ങി;

കാററുകൾ തട്ടിക്കരപററീട്ടുമൊ-
രാററിലെ വെള്ളത്തിരകൾ കണക്കെ

കേററം പാരമതാരംഭേ പുന-
രേററം പേടിയുമുടനേക്കൂടി

തോററുതിരിച്ചു തുടങ്ങി പതുക്കെ
പ്പാററകൾ പോലെ പടജ്ജനമെല്ലാം

മാററലർബാണഗണങ്ങളുമുടനേട-
നേററുമറിഞ്ഞുമറിഞ്ഞഥ വീണു,

ഏററുതിരിപ്പാനെളുതല്ലാഞ്ഞവ-
രേററം ഭൂമിയിൽ വീണുമുരുണ്ടും

പേടികലന്നൊരു നായന്മാര-
ങ്ങോടിച്ചെന്നു മരങ്ങടെ മൂട്ടിൽ

കൂടിക്കരിയിലകൊണ്ടു ശരീരം
മൂടിയൊളിച്ചു ശയിച്ചാരുടനേ

നായന്മാരുടനോട്ടന്നേര-
ത്തായുധമെല്ലാം വഴിയിൽ പോയി

ആയതു പിന്നെയുമുണ്ടാക്കീടാം
കായം കിട്ടുകിലതു ബഹുലാഭം

മലയുടെ ഗുഹയിൽ ചെന്നു കിടന്നാർ
ചിലരന്നേരം പ്രാണഭയത്താൽ

വലിയൊരു പുലിവന്നടിയുംകുട്ടി-
ത്തലയും കൊണ്ടു തിരിച്ചാനപ്പോൾ;

കലയും മാനും വരുമെന്നുമാർഗ്ഗേ
വലയും കെട്ടിക്കാട്ടാളന്മാർ

മലയിലൊളിച്ചിഹ പാൎക്കുന്നേരം
വലയിൽച്ചെന്നു വലഞ്ഞാനൊരുവൻ;

വലയിൽപ്പെട്ടതു കണ്ടൊരു വേടൻ
കലയെന്നോർത്തൊരു ബാണമയച്ചാൻ

തലയിൽ കൊണ്ടുതറച്ചതുകണ്ടാ
മലയൻ വന്നിഹ നോക്കുന്നേരം

കലയല്ലിവനൊരു വലിയൊരു തടിയൻ
മലയാളത്തിലെ മാനുഷനൊരുവൻ !

വലയീന്നിങ്ങു വലിച്ചു പതുക്കെ
തലയീന്നമ്പു പറിച്ചാൻ വേടൻ

പേടിത്തൊണ്ടൻ മറെറാരു മാനുഷ–
നോടിപ്പോംവഴിയറിയാറാക്കി

കാട്ടതകത്തൊരു വാരിക്കുഴിയിൽ
ചാടിയൊളിച്ചു കിടന്നാനപ്പോൾ,

ഉള്ളത്തിൽ ഭയമേറുക മൂലം
വെള്ളത്തിൽ ചിലർ ചാടിയൊളിച്ചു.

വള്ളിക്കെട്ടുകൾതോറും ചെന്നതി–
നുള്ളിൽ പുക്കിതു പലജനമപ്പോൾ,

മണ്ണിൽ പലപല കുഴിയുണ്ടാക്കി–
പ്പൊണ്ണന്മാർ ചിലരവിടെയൊളിച്ചു,

കണ്ണുമടച്ചു പുതച്ചു കിടന്നൊരു-
വണ്ണമുറക്കവുമങ്ങുതുടങ്ങി

കൊമ്പുകുഴൽക്കാർ ചെണ്ടക്കാരരു-
മമ്പുഭയപ്പെട്ടോടി നടന്നാർ,

കൊമ്പന്മാരുടെ കൊമ്പുമരത്തിൻ
കൊമ്പു തടഞ്ഞുടനമ്പതു ഭിന്നം,

മദ്ദളമരയില്പുറപ്പിച്ചീടിന
വിദ്വാനോട്ടക പാരം ദണ്ഡം

മദ്ദളമങ്ങൊരു കാട്ടിലെറിഞ്ഞി-
ട്ടദ്രിക്കീന്നഥ ധാവതിചെയ്തു,

ഒരു ഭാഗത്തെത്തോലുപിളൎന്നി-
ട്ടൊരുവൻ ചെണ്ടയ്ക്കകമേ പുക്കാൻ,

പെരുവഴിതന്നിലുരുണ്ടു തിരിച്ചാൻ
പെരുതായുള്ളൊരു ചെണ്ടക്കാരൻ.

ഉടുക്കും കൊട്ടിക്കൊണ്ടഗ്രേ നടക്കുന്ന മേളക്കാരൻ
ഉടുക്കുംമുണ്ടും കളഞ്ഞു മിടുക്കും ഭാവിച്ചു മണ്ടി

തിടുക്കം പൂണ്ടൊരു വീട്ടിൽ കടപ്പാൻ ഭാവിക്കുന്നേരം
കടുത്ത നായർതാൻ വന്നു തടുത്താനത്രയുമല്ലാ,

മുടിക്കും പിടിച്ചു നാലഞ്ചടിക്കുന്ന ഘോഷം കേട്ടു
പൊട്ടക്കെന്നു കാട്ടിൽ പുക്കു കിടക്കുന്ന നായന്മാർ വ-

ന്നടുക്കുന്ന കോലാഹലം കടുക്കുന്നുണ്ടൊരു ദിക്കിൽ
പടയ്ക്കുതോറുമണ്ടുന്ന ഭടന്മാർ വന്നുകേറുമ്പോൾ

പടിക്കൽ കാവലും വച്ചു കടപ്പാനെളുതല്ലെന്നും
വനത്തിൽ നിന്നോടിവന്ന ജനത്തിന്റെ ഭാവം കണ്ടു
മനസ്സിൽ നിന്ദിക്കും നാരീജനത്തിന്റെ വാക്കുണ്ടായി.

"വമ്പന്മാരായ മീശക്കൊമ്പന്മാരെല്ലാമോരോ
വമ്പും പറഞ്ഞു വില്ലുമമ്പുമെടുത്തുകൊണ്ടു

തമ്പുരാന്മാർക്കു തിരുമുമ്പിലകമ്പടിക്ക-
ങ്ങിമ്പം കലൎന്നു ചെന്നു വമ്പിച്ച കാനനത്തിൽ

ഗന്ധർവ്വന്മാരെപ്പേടിച്ചന്ധന്മാരായ നിങ്ങ-
ളെന്തിപ്പോളോടിപ്പോരാൻ ബന്ധമെൻ ഭോഷന്മാരേ!

ചന്തംപെരിയതൊങ്കൽ കുന്തം കളഞ്ഞു വീണു
ദന്തങ്ങളും തകൎന്നു എന്തൊരു സാഹസങ്ങൾ,

തോൽക്കുന്നകൂട്ടം നിങ്ങൾ തോക്കും കളഞ്ഞു പോന്ന-
താക്കമട്ടത്തതല്ലിതോക്കുമ്പോൾ ചിരിയാകും,

നേക്കും മററാരൊടു പോരേൽക്കുന്നനേരം പല
ചാക്കും മുറിവും പുനരാക്കും വരാത്തതല്ലാ;

ചാട്ടം പിഴച്ച കപിക്കൂട്ടം കണക്കേ നിങ്ങൾ
കൂട്ടം പിരിഞ്ഞു പാരം കോട്ടം പിണഞ്ഞ മൂലം

ഓട്ടം തുടങ്ങിയതു വാട്ടം വരുവാൻ തന്നെ
കേട്ടാലുടനേ തന്നെ നാട്ടാർ പരിഹസിക്കും,

കാട്ടിൽ നിന്നോടിപ്പോന്നു വീട്ടിൽപ്പുക്കൊളിക്കയെ-
ക്കാട്ടിൽ മരിക്കനല്ലൂ കേട്ടീലേ നായന്മാരേ

ഗോഷ്ഠികൾ പതിന്നാലുനാട്ടിലും കേൾക്കുമയ്യോ
കാട്ടിയ കർമ്മമേതും പാട്ടിലായതുമില്ലാ"

പെണ്ണുങ്ങളുടെ വാക്കീവണ്ണം കേൾക്കുന്ന ചില
പൊണ്ണന്മാർ വീടുകളിൽ കണ്ണുമടച്ചിരുന്നാർ.

This is very good
by (S.K.)

KOTTAYAM PUBLIC LIBRARY
JAWAHAR BAL BHAVAN & CHILDREN'S LIBRARY
KOTTAYAM.

Cl. No. MA10 Acc. No. 6907

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 10 JUN 1986 | | |
| 3 SEP 2003 | | |
| 23 JUL 2004 | | |

MA10

കാവ്യകൈരളി

6907

# കേരള സർവകലാശാല

## പ്രസിദ്ധീകരണ വിഭാഗം

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും പുരോഗതി ലക്ഷ്യമാക്കി പ്രവൎത്തിക്കുന്ന ഒരു സ്ഥാപനമാണ് കേരള സൎവ്വകലാശാലയിലെ പ്രസിദ്ധീകരണവിഭാഗം. പണ്ഡിതന്മാരുടെയും സാധാരണക്കാരുടെയും ആവശ്യം മുൻനിറുത്തി മലയാളം ഇംഗ്ലീഷ് തമിഴ് എന്നീ ഭാഷകളിലായി അറുപത്തഞ്ചിൽപ്പരം പുസ്തകങ്ങളും, സസ്യശാസ്ത്രം ജന്തുശാസ്ത്രം ഗണിതശാസ്ത്രം രസതന്ത്രം ഊൎജ്ജതന്ത്രം തുടങ്ങിയ ശാസ്ത്രശാഖകളിൽ സാങ്കേതികശബ്ദകോശങ്ങളും ഇവിടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ കേരള സൎവ്വകലാശാലാ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി പ്രസിദ്ധീകരിക്കുന്ന മലയാളഗ്രന്ഥാവലിയുടെ വില്പനയും ഈ വകുപ്പ് കൈകാര്യം ചെയ്യുന്നു.

**സൂപ്രണ്ട്**
പ്രസിദ്ധീകരണവിഭാഗം
കേരള സൎവ്വകലാശാല
തിരുവനന്തപുരം